بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 5

ലക്കം 38

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2020 സെപ്റ്റംബർ 17/ഹി.ശം. 1399 തബൂക് 17/1442 മുഹർറം 28

## അല്ലാഹുവിന്റെ വചനം

اِنَّ اللّٰہَ یَاۡمُرُکُمۡ

اَنۡ تُؤَدُّوا الۡاَمٰنٰتِ اِلٰۤی اَہۡلِہَا ۙ

وَاِذَا حَکَمۡتُمۡ بَیۡنَ النَّاسِ

اَنۡ تَحۡکُمُوۡا بِالۡعَدۡلِ (النساء:59)

'നിശ്ചയമായും അല്ലാഹു 'അമാനത്തുകൾ' അവയുടെ അവകാശികൾക്ക് ഏല്പിക്കണമെന്ന് നിങ്ങളോടു കല്പിക്കുന്നു; ജനങ്ങൾക്കിടയിൽ നിങ്ങൾ ഭരണം നടത്തുമ്പോൾ നീതിപൂർവം ഭരണം നടത്തുകയും വേണം.' (4:59)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## തിരുനബിയുടെ ഉപദേശം

**'തക്ബീറത്തുൽ ഇഹ്റാ'മിനു ശേഷം നബി(സ)തിരുമേനി ഈ ദുആ ചൊല്ലാറുണ്ടായിരുന്നു**

☼ ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം. നബി(സ)തിരുമേനി 'തക്ബീറത്തുൽ ഇഹ്റാ'മിനും അതിനുശേഷമുളള ഖിറാഅത്തിനും ഇടയ്ക്ക് അല്പമൊന്ന് മൗനമായി നിൽക്കാറുണ്ടായിരുന്നു. ഒരിക്കൽ ഞാൻ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ! എന്റെ മാതാപിതാക്കൾ അങ്ങയ്ക്ക് ബലിയാണ്. തക്ബീറിനും ഖിറാഅത്തിനും ഇടയ്ക്ക് നിശബ്ദനായി നിൽക്കുമ്പോൾ എന്താണ് അങ്ങ് ചൊല്ലിക്കൊണ്ടിരിക്കുക? നബി(സ) തിരുമേനി പറഞ്ഞു:അല്ലാഹുവേ! എന്റേയും എന്റെ തെറ്റുകളുടേയും ഇടയ്ക്കുള്ള ദൂരം സൂര്യോദയസ്ഥാനത്തിനും സൂര്യാസ്തമയ സ്ഥാനത്തിനും ഇടക്കുള്ള ദൂരംപോലെ നീ അകറ്റി വെക്കേണമേ. അല്ലാഹുവേ! വെള്ള വസ്ത്രത്തെ അഴുക്കിൽനിന്ന് ശുദ്ധീകരിച്ചെടുക്കുന്നതുപോലെ എന്നെ പാപങ്ങളിൽനിന്ന് നീ ശുദ്ധീകരിച്ചെടുക്കേണമേ. അല്ലാഹുവേ! എന്റെ തെറ്റുകളെ വെള്ളംകൊണ്ടും ഐസുകൊണ്ടും ആലിപ്പഴംകൊണ്ടും നീ കഴുകി ശുദ്ധീകരിക്കേണമേ.

☼ ഹദ്റത്ത്അനസ്(റ) നിവേദനം. നബി(സ) തിരുമേനിയും ഹദ്റത്ത് അബൂബക്കറും ഹദ്റത്ത് ഉമറും(റ) നമസ്കാരം **അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ** കൊണ്ടാണ് തുടങ്ങാറുണ്ടായിരുന്നത്. (അതായത് ബിസ്മില്ലാഹ് ഉച്ചത്തിൽ ഓതുമായിരുന്നില്ല) (സ്വഹീഹ് ബുഖാരി, വാള്യം 2, കിതാബുൽ അദാൻ, ബാബു മാ യക്വൂലു ബഅ്ദത്ത ക്ബീർ)

## ഈ ലക്കത്തിൽ

ഖുത്വ്ബ ജുമുഅ 2020 ആഗസ്റ്റ് 14 (സമ്പൂർണ തർജമ)

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി

പര്യടന റിപ്പോർട്ട് ഹുദൂർ അയ്യദഹുല്ലാഹ്

**അല്ലാഹു എന്നെ ദൈവനിയോഗിതന്റേയും മസീഹ് മൗഊദിന്റേയും പേര് നല്കി ലോകത്ത് അയച്ചുവെന്ന കാര്യം വ്യക്തമാണ്. എന്നെ എതിർക്കുന്നവർ എന്നെയല്ല മറിച്ച് അല്ലാഹുവിനെയാണ് എതിർക്കുന്നത്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### ദൈവനിയോഗിതന്റെ എതിരാളികളുടെ ഈമാൻ പാഴായിപ്പോകുന്നു.

നമ്മുടെ എതിരാളികളുടെ അവസ്ഥ എന്താണെന്നാൽ, അതുമുഖേന അവരുടെ ഈമാൻ പാഴായിപ്പോകുമെന്നുള്ള ആശങ്കയുണ്ട്. കാരണം അവർ നല്ലവരെ ചീത്തയായും ദൈവനിയോഗിതനെ പെരുങ്കള്ളനായും മനസ്സിലാക്കുന്നു. അതുമുഖേന അല്ലാഹുവുമായി ഒരു യുദ്ധം ആരംഭിക്കുകയാണ്. അല്ലാഹു എന്നെ ദൈവനിയോഗിതന്റേയും മസീഹ് മൗഊദിന്റേയും പേര് നല്കി ലോകത്ത് അയച്ചുവെന്ന കാര്യം വ്യക്തമാണ്. എന്നെ എതിർക്കുന്നവർ എന്നെയല്ല മറിച്ച് അല്ലാഹുവിനെയാണ് എതിർക്കുന്നത്. ഞാൻ (ദൈവനിയോഗിതനാണെന്ന്)വാദിക്കുന്നതുവരെ അവരിൽ ധാരാളമാളുകൾ എന്നെ ബഹുമാനദൃഷ്ടിയോടെ കണ്ടിരുന്നു. മൊന്തയിൽ വെള്ളംകൊണ്ടുവന്ന് വുളു(ക്ഷാളനം)ചെയ്യിക്കുന്നത് പുണ്യകർമ്മമായി കരുതുകയും അഭിമാനമായി മനസ്സിലാക്കുകയും ചെയ്തിരുന്നു. എന്റെ ബയ്അത്തിൽ വരാൻ സമ്മർദ്ദം ചെലുത്തിയവരും അവരിൽ അനവധിയുണ്ടായിരുന്നു. പക്ഷേ, അല്ലാഹുവിന്റെ നാമത്തിലും വിളംബരത്താലും ഈ ജമാഅത്തിന് തുടക്കം കുറിച്ചപ്പോൾ അവർതന്നെ എതിർക്കാൻ എഴുന്നേറ്റു. ഇതിൽനിന്ന് വ്യക്തമാകുന്നത് അവർക്ക് എന്നോട് വ്യക്തിപരമായ ശത്രുത ഉണ്ടായിരുന്നില്ലെന്നാണ്. മറിച്ച് ശത്രുത അവർക്കുണ്ടായിരുന്നത് അല്ലാഹുവിനോടായിരുന്നു. അല്ലാഹുവിനോട് അവർക്ക് സത്യസന്ധമായ ബന്ധമുണ്ടായിരുന്നെങ്കിൽ അവരുടെ മതനിഷ്ഠയുടേയും ദൈവഭക്തിയുടേയും ദൈവഭയത്തിന്റേയും തേട്ടം ആകേണ്ടിയിരുന്നത് ഏറ്റവുമാദ്യം എന്റെ ഈ വിളംബരത്തിന് ലബ്ബയ്ക്ക് പറയുകയായിരുന്നു. അല്ലാഹുവിന് ശുക്റിന്റെ സുജൂദ് ചെയ്ത് എനിക്ക് കൈ തരേണ്ടതായിരുന്നു. എന്നാൽ, അങ്ങനെ ചെയ്തില്ല. അവർ തങ്ങളുടെ ആയുധങ്ങളുമെടുത്ത് ഇറങ്ങി പുറപ്പെട്ടു. അവർ എതിർപ്പ് എത്രത്തോളം എത്തിച്ചുവെന്നാൽ, എന്നെ കാഫിർ എന്നും നിർമ്മതനെന്നും പറഞ്ഞു. ദജ്ജാലെന്നും വിളിച്ചു. അഹോ കഷ്ടം! അല്ലാഹുവിൽനിന്ന് **ഖുൽ ഇന്നീ ഉമിർത്തു വ അന അവ്വലുൽമുഅ്മിനീൻ** എന്നും **അൻത മിന്നീ ബി മൻസിലത്തി തൗഹീദീ വ തഫ്രീദീ** എന്നുമുള്ള ശബ്ദം കേൾക്കുന്ന വ്യക്തി, അവരുടെ ദുർഭാഷണത്തേയും ചീത്തവിളികളേയും വകവെക്കുകയില്ലെന്ന് ഈ അഹ്മഖു (മൂഢന്മാർ)കൾക്ക് അറിയില്ല. ഖേദകരമെന്നത്, കുഫ്റിന്റേയും ഈമാനിന്റേയും ബന്ധം ലോകവുമായിട്ടല്ല മറിച്ച് അല്ലാഹുവുമായിട്ടാണെന്നും ഈ മൂഢന്മാർക്ക് അറിയില്ല. അല്ലാഹു ഞാൻ മുഅ്മിനാണെന്നും മാമൂറാണെന്നും സാക്ഷ്യപ്പെടുത്തുന്നു. അപ്പോൾപിന്നെ ഈ വങ്കത്തരങ്ങളെ ഞാനെന്തു വകവെക്കാനാണ്? ചുരു

**മസ്ജിദുകളെ കലഹങ്ങൾക്കു അടിത്തറയിടുന്ന സ്ഥലമാക്കുന്നത് ഭയാനകമായൊരു അക്രമമാണ്. അത് ഇസ്ലാം ഒരുവിധത്തിലും അനുവദിക്കിക്കുന്നില്ല.**

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ), **ലഹും ഫിദ്ദുൻയാ ഖിസ്യുൻവ്വലഹും ഫിൽ ആഖിറത്തി അദാബുൻ അളീം**(2:115) എന്ന വചനത്തിനെഴുതിയ വ്യാഖ്യാനത്തിൽ പറയുന്നു: ഇക്കൂട്ടർ നമ്മുടെ ഭവനത്തെ നശിപ്പിക്കാനാഗ്രഹിക്കുന്നു. അതുകൊണ്ട് നാമും അവരുടെ ഭവനങ്ങളെ നശിപ്പിക്കുന്നതായിരിക്കും. ഇവർ ഈ ലോകത്തും അപമാനിതരാകും പരലോകത്തും അവർക്ക് കഠിനമായ ശിക്ഷ ലഭിക്കുന്നതായിരിക്കും. കാരണം ജന്നത്ത് അല്ലാഹുവിന്റെ ഭവനമാണ്. അതിന്റെ ഛായയാണ് മസ്ജിദ്. അവർ മസ്ജിദുകളെ ജനശൂന്യമാക്കിയപ്പോൾ അവർക്ക് പരലോകത്ത് സമാധാനം എവിടെ ലഭ്യമാകാനാണ്. എന്നാൽ, ഇതിന്റെ അർത്ഥം മസ്ജിദുകളുടെ അഭയത്തിൽ വരുന്നവരെ ഇസ്ലാമിക ശരീഅത്ത് നിയമത്തിനതീതരായി മനസ്സിലാക്കി എന്നല്ല. അല്ലാഹു സൂറ തൗബയിൽ (റുക്കൂഅ് 13ൽ) കാലത്തിന്റെ ഭരണകൂടത്തെ, അതായത് നബി(സ)തിരുമേനിയ്ക്കും അവിടത്തെ ജമാഅത്തിനുമെതിരിൽ ഗൂഢപദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ഒരു മസ്ജിദ് പണികഴിപ്പിച്ചിരുന്നുവെന്ന് പറയുന്നുണ്ട്. നബി(സ)തിരുമേനിയോടു, അവിടെ വന്ന് അതിൽ നമസ്കരിപ്പിക്കണമെന്നും ദുആ ചെയ്യണമെന്നും അപേക്ഷിക്കുകയും ചെയ്തിരുന്നു. എന്നാൽ, അല്ലാഹു നബി(സ)തിരുമേനിയുടെമേൽ യാഥാർഥ്യം വെളിപ്പെടുത്തുകയും അവർ ഈ മസ്ജിദിനെ തങ്ങളുടെ കപടത മറച്ചുവെക്കാൻ തയ്യാറാക്കിയിട്ടുള്ളതാണെന്ന് പറയുകയും ചെയ്തു. ഇവർ ഇവിടെ സംഘടിച്ച് ഇസ്ലാമിന്നെതിരിൽ ഗൂഢപദ്ധതികൾ ആസൂത്രണം ചെയ്യാനും മുസ്ലിമീങ്ങളെ നശിപ്പിക്കാനുമാണ് ഉദ്ദേശിക്കുന്നത്. അങ്ങനെ നബി(സ)തിരുമേനി ആ മസ്ജിദ് തകർത്തുകളഞ്ഞു. ആ സ്ഥലത്ത് വളത്തിന്റെ കൂമ്പാരം കൊണ്ടിട്ടു. അതിനാൽ മസ്ജിദ് ഒരു കുറ്റവാളിയേയും സംരക്ഷിക്കുകയില്ല. മസ്ജിദിൽ എന്തെങ്കിലും ചീത്തപ്പണി ചെയ്താൽ അത് മോശമായി മനസ്സിലാക്കപ്പെടുന്നതായിരിക്കും. നല്ല പണി ചെയ്താൽ അത് നല്ലതായി മനസ്സിലാക്കപ്പെടുകയും ചെയ്യും. എന്നല്ല മസ്ജിദുകൾ അവിടെ നില്ക്കട്ടെ, ഒരു കുറ്റവാളിക്കോ നിയമലംഘനം നടത്തുന്നവനോ അഭയം നല്കുകയില്ലെന്ന് നബി(സ)തിരുമേനി 'ഹറം കഅ്ബ'യെ സംബന്ധിച്ചും പറഞ്ഞു. കൊലപാതകം നടത്തി ഓടുന്നവനേയും സംരക്ഷിക്കുകയില്ല. എന്നല്ല അത്തരക്കാർ പിടിക്കപ്പെടുന്നതായിരിക്കും. അവനെ നിയമപരമായിഅറസ്റ്റ്ചെയ്യുന്നതായിരിക്കും.മക്ക വിജയത്തിന്റെ അവസരത്തിൽ നബി(സ) തിരുമേനി, ഇബ്നു അഖ്ത്വലിനെ വധിക്കാൻ കല്പന കൊടുത്തിരുന്നു. അയാൾ കഅ്ബയുടെ ഖില്ല പിടിച്ചുനില്ക്കുന്നതായി നബി(സ)ന് വിവരം കിട്ടി. അവിടെത്തന്നെ അയാളെ വധിക്കാൻ അവിടന്ന് പറഞ്ഞു. അങ്ങനെ അയാളെ വധിച്ചു.' (സീറത്തുഹൽബിയ വാള്യം 3, പേജ് 93) ഇങ്ങനെ ചില കുറ്റവാളികളെ നബി(സ)

**(ശേഷം പേജ് 12ൽ)**

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

لَا اِلٰهَ اِلَّا اللّٰهُ مُحَمَّدٌ رَّسُوْلُ اللّٰهِ

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി

മുമ്പിൽവരാൻ എതിരാളികളെല്ലാവരേയും നാം വിളിച്ചു.

**ഇന്നസ്സുമൂമ ലശർറു മാഫിൽ ആലമി – ശർറസ്സുമൂമി അദാവത്തുസ്സുലഹാഇ**

## 500 രൂപ സമ്മാനം പ്രഖ്യാപിച്ചുകൊണ്ട് ലാല മുരളീധർ, ലാല ജീവൻദാസ്, മുൻശീ ഇന്ദ്രമൻ തുടങ്ങിയ സാഹിബുമാർക്ക് മുബാഹലയ്ക്കുള്ള ക്ഷണം

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ), മുബാഹലയ്ക്കു(പ്രാർഥനാസമരത്തിനു) മുമ്പേ എഴുത്തു മുഖേന മത്സരിക്കാൻ ക്ഷണിച്ചു; വേദങ്ങളുടെ അധ്യാപനം വിശുദ്ധഖുർആന്റെ അധ്യാപനത്തെക്കാൾ ശ്രേഷ്ഠമായി കരുതുന്ന ഏതെങ്കിലും ആര്യസമാജക്കാരനുണ്ടെങ്കിൽ ഞാനുമായി മത്സരിക്കുക. അദ്ദേഹം ഇതിന് മൂന്നു മാസം കാലാവധിയും നല്കി. സമ്മാനം കൊടുക്കാമെന്ന് വാഗ്ദാനവും ചെയ്തു. അദ്ദേഹം പറഞ്ഞു: 'ഈ കാലയളവിനുള്ളിൽ ആരും മത്സരിക്കാൻ വന്നില്ലെങ്കിൽ അപ്പോഴും, മുബാഹലയുടെ ആവശ്യമില്ല, ദൈവനിഷേധത്തിൽനിന്നും ചീത്ത പറയുന്നതിൽനിന്നും പിന്മാറണമെന്നു മാത്രം! എന്നാൽ, മത്സരിക്കാതിരിക്കുകയും ചീത്ത പറയുന്നതിൽനിന്ന് പിന്മാറാതിരിക്കുകയും ചെയ്താൽ അവസാന പ്രതിവിധിയാണ് 'മുബാഹല'. ഇതു സംബന്ധമായുള്ള സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശങ്ങളാണ് ഇവിടെ അവതരിപ്പിക്കുന്നത്. അദ്ദേഹം പറയുന്നു:

"ദൈവം ആത്മാവിന്റേയും ശരീരത്തിന്റേയും സ്രഷ്ടാവല്ലെന്നും, ഇപ്രകാരംതന്നെ എല്ലാ വസ്തുക്കളും സ്വയംഭൂവാണെന്നും പണ്ടുപണ്ടേയുള്ളതാണെന്നും അനശ്വരമായ മോക്ഷം ആർക്കും കിട്ടുകയില്ലെന്നുമുള്ള വേദങ്ങളുടെ അധ്യാപനത്തിന്റെ എല്ലാ കുഴപ്പങ്ങളും നാം ഈ ലഘുകൃതിയിൽ വിവരിച്ചിരിക്കുന്നു. അതിനെ ഖണ്ഡിച്ചുകൊണ്ടുള്ള തെളിവുകൾ എന്റെ കൈ കൊണ്ടുതന്നെ എഴുതുകയും ചെയ്തിരിക്കുന്നു. ഏതെങ്കിലും ആര്യസമാജി നമ്മുടെ ഈ പുസ്തകം മുഴുവൻ വായിച്ച്, എന്നിട്ടും തങ്ങളുടെ പിടിവാശി കൈവിടാനാഗ്രഹിക്കുന്നില്ലെങ്കിൽ, തങ്ങളുടെ ദൈവനിഷേധത്തിൽനിന്ന് പിന്മാറുന്നില്ലെങ്കിൽ അല്ലാഹുവിൽനിന്നുള്ള സൂചനയുടെ അടിസ്ഥാനത്തിൽ അയാളെ മുബാഹലയ്ക്കു ക്ഷണിക്കച്ചുകൊള്ളുന്നു." (സുർമ ചശ്മയെ ആര്യ, റൂഹാനീ ഖസായിൻ, വാല്യം 2, പേജ് 279–280)

വിശുദ്ധഖുർആന്റെ അധ്യാപനങ്ങളും വേദങ്ങളുടെ അധ്യാപനങ്ങളും തമ്മിൽ മത്സരിക്കാൻ ശക്തമായി ആഹ്വാനം ചെയ്തുകൊണ്ട് സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

'ആത്മീയമായ അനുഗ്രഹങ്ങൾവരേയും ദൈവസ്നേഹംവരേയും എത്തിക്കുന്നതിൽ വേദങ്ങൾ ന്യൂനവും കഴിവറ്റതുമാണ്. എന്തുകൊണ്ടാണ് ന്യൂനവും കഴിവറ്റതുമാകുന്നത്? ഏതൊരു മാർഗങ്ങൾകൊണ്ടാണോ ദൈവാനുഗ്രഹങ്ങൾ ലഭിക്കുന്നത് അതായത് ദൈവത്തെ തിരിച്ചറിയുന്നതിനുള്ള മാർഗം, ദൈവികാനുഗ്രഹങ്ങളെക്കുറിച്ചുള്ള തിരിച്ചറിവ്, സൽക്കർമങ്ങളുടെ അനുഷ്ഠാനം, ദൈവേഷ്ട സ്വഭാവങ്ങളുടെ ലഭ്യത, ദോഷപ്രവണമായ ആത്മാവിൽനിന്നുള്ള ആത്മസംസ്കരണം തുടങ്ങി എല്ലാ ദൈവജ്ഞാനത്തിന്റേയും ശരിയായതും സത്യമായ നിലയിലുമുള്ളതുമായ കാര്യങ്ങൾ വിവരിക്കുന്നതിൽ വേദങ്ങൾ തികച്ചും ഉപയോഗശൂന്യമാണ്. ഭൂമിലോകത്ത് ഏതെങ്കിലും ആര്യസമാജക്കാരന്, ഇക്കാര്യങ്ങളിൽ വേദങ്ങളുമായി വിശുദ്ധ ഖുർആനെ താരതമ്യം ചെയ്ത് നമുക്കെതിരിൽ കാണിക്കാൻ കഴിയുമോ? ആരെങ്കിലും ജീവിച്ചിരിപ്പുണ്ടെങ്കിൽ നമ്മെ അറിയിക്കുക! ഇക്കാര്യത്തിൽ ദീനീപരമായ കാര്യങ്ങൾകൊണ്ട് അറിയിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ നാം ഒരു ലഘുലേഖ വ്യക്തമായ ആയത്തുകളും വിശുദ്ധഖുർആനിലെ ബുദ്ധിപരമായ തെളിവുകളും എഴുതി, ഇതേ മാനദണ്ഡങ്ങളനുസരിച്ച് വേദങ്ങളുടെ ഈശ്വരീയജ്ഞാനങ്ങളും അതിന്റെ തത്ത്വങ്ങളും കാണിക്കുന്നതിനുവേണ്ടി പ്രസിദ്ധീകരിക്കുന്നതായിരിക്കും. ഈ ബുദ്ധിമുട്ട് സഹിക്കുന്നതിന് പകരമായി അത്തരം വേദാന്തികൾക്ക് നാം സമ്മാനവും ഏതെങ്കിലും മധ്യസ്ഥന്റെ കൈയിൽ കൊടുക്കുന്നതായിരിക്കു, വിജയിച്ചാൽ അവർക്കത് ലഭിക്കുന്നതായിരിക്കും.' (Ibid, പേജ് 295)

ഇനി ഇവിടെ മുബാഹലയുടെ പ്രൗഢഗംഭീരമായ വെല്ലുവിളി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകളിൽ അവതരിപ്പിക്കുകയാണ്. മുബാഹലയ്ക്കു വേണ്ടി ഏറ്റവുമാദ്യം ഹദ്റത്ത് മസീഹ് മൗഊദ്(അ) ഡ്രോയിംഗ് മാസ്റ്ററും ആര്യസമാജത്തിന്റെ ഹോശിയാർപൂർ അംഗവുമായ ലാല മുരളിധർ സഹിബിനെയാണ് വിളിച്ചത്. അദ്ദേഹമാണ് ഹോശിയാർപൂർ എന്ന സ്ഥലത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്നിധിയിൽ ഹാജരായി വാദപ്രതിവാദം നടത്താൻ ആ മഹാത്മാവിനെ ക്ഷണിച്ചത്. അതിന്റെ ഫലമായി 'സുർമചശ്മയെ ആര്യ' പോലുള്ള മറുപടിയില്ലാത്ത ഗ്രന്ഥം നമ്മുടെ കൈയിൽ വന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ എന്തായാലും ലാല സാഹിബിനോടു നന്ദിയുള്ളവരാണ്. മുബാഹലയ്ക്കുവേണ്ടി എതിരിൽ വരുന്നവർ എങ്ങനെയുള്ളവരായിരിക്കണം? അതിന്റെ നിബന്ധനകളെന്താണ്? പിന്നീട് എന്തായിരിക്കണം? തുടങ്ങിയവ വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"ആരാണോ സത്യത്തിൽനിന്ന് തന്നെ സ്വയമേവ ദൂരെകൊണ്ടുപോകുന്നത് അവനെ 'മൽഊൻ' അഥവാ ശപിക്കപ്പെട്ടവൻ എന്നു പറയുന്നു എന്നത് അറിയേണ്ടതാണ്. ആരാണോ സത്യം കരസ്ഥമാക്കുന്നതിൽ തന്നെ സ്വയമേവ സഹായിക്കുന്നത് അവനെ 'മഖ്റൂൻ' അഥവാ അടുപ്പിക്കപ്പെട്ടവൻ എന്നു പറയുന്നു. ഇനി 'മഖ്റൂൻ' ആകണോ 'മൽഊൻ' ആകണോ എന്ന് തീരുമാനിക്കേണ്ടത് നമ്മുടെ എതിരാളികളായ ആര്യമതക്കാരാണ്. വേദങ്ങളുടെ യാഥാർഥ്യം അറിയുന്ന ഏതെങ്കിലും മാന്യനായ ആര്യസമാജക്കാരൻ വേദങ്ങളേയും ഖുർആനേയും താരതമ്യം ചെയ്ത് മൂന്നുമാസത്തിനുള്ളിൽ മൈതാനത്ത് വരികയും നമ്മുടെ ഭാഗത്തുനിന്ന് വിശുദ്ധഖുർആന്റെ ആയത്തുകളും തെളിവുകളും അടങ്ങുന്ന ഒരു ലഘുലേഖ പ്രസിദ്ധീകരിക്കുകയും ചെയ്താൽ വേദങ്ങളുടെ ശ്രുതികളുടെ അടിസ്ഥാനത്തിൽ അയാൾ അതിനെ ഖണ്ഡിച്ചുകാണിച്ചാൽ, അയാൾ അപ്പോൾ വേദങ്ങളുടേയും വേദങ്ങളുടെ അനുയായികളുടേയും അഭിമാനം കാത്തുസൂക്ഷിക്കുകയും 'മഖ്റൂൻ' എന്ന ആദരണീയ സ്ഥാനവുമായി ചേരുകയും ചെയ്തു. പക്ഷേ, ഈ കാലയളവിൽ ഏതെങ്കിലും വേദാന്തി ആവശ്യപ്പെട്ടില്ലെങ്കിൽ 'മഖ്റൂർ'ന്റെ വിപരീത സ്ഥാനപ്പേര് എല്ലാവരും തങ്ങൾക്കുവേണ്ടി സ്വീകരിക്കുകയും ചെയ്തു. എന്നിട്ടും പിന്മാറുന്നില്ലെങ്കിൽ അവസാനത്തെ പ്രയോഗം മുബാഹലയാകുന്നു. ഇതിലേക്ക് നാം മുമ്പേതന്നെ സൂചന നല്കി വന്നിട്ടുള്ളതാണ്. മുബാഹല–പ്രാർഥനാസമരത്തിന് വേദാന്തിയാവേണ്ട ആവശ്യമില്ല. വിവേചനശക്തിയുള്ളയാളും ആദരണീയനും പ്രശസ്തനുമായ ഒരു ആര്യസമാജക്കാരൻ ആയിരിക്കേണ്ടത് നിർബന്ധമാണ്; അദ്ദേഹത്തിന്റെ സ്വാധീനം മറ്റുള്ളവരിലും ഉണ്ടാകുന്നതിന്! അതുകൊണ്ട് ഏറ്റവുമാദ്യം ലാല മുരളീധർ സാഹിബിനേയും പിന്നെ ആര്യസമാജ് ലാഹോർ സെക്രട്ടറി ലാല ജീവൻദാസ് സാഹിബിനേയും, പിന്നെ മുൻശീ ഇന്ദ്രമൻ സാഹിബ് മുറാദാബാദിയേയും പിന്നീട് ആര്യസമാജക്കാരിൽനിന്ന് വേറെയാരെങ്കിലും–അവർ ആദരണീയരും പണ്ഡിതരാണെന്ന് അംഗീകരിക്കപ്പെട്ടവരുമായിരിക്കണം – സംബോധന ചെയ്യുകയാണ്; അവർ ഞാൻ ഈ ചെറുപുസ്തകത്തിൽ എഴുതിക്കഴിഞ്ഞിട്ടുള്ള വേദങ്ങളിലെ അധ്യാപനങ്ങളെ യഥാർഥത്തിൽ ശരിയും സത്യസന്ധവുമായി മനസ്സിലാക്കുകയും അതിനെതിരിൽ ഞാൻ വിശുദ്ധഖുർആന്റെ അധ്യാപനങ്ങൾ ഈ ലഘുലേഖയിൽ വിവരിച്ചിട്ടുള്ളതിനെ നിരർഥവും അസത്യവുമായി വിചാരിക്കുന്നുവെങ്കിൽ, ഇതു സംബന്ധമായി നാമുമായി മുബാഹല ചെയ്യുക. ഇരുകക്ഷികൾക്കും സമ്മതമായ ഏതെങ്കിലും സ്ഥലം തിരഞ്ഞെടുത്ത് നമ്മൾ ഇരുകക്ഷികളും നിശ്ചിത തിയതിക്ക് ആ സ്ഥലത്ത് ഹാജരാകുക. ഇരുകക്ഷികളും പൊതുജനമധ്യത്തിൽ എഴുന്നേറ്റുനിന്ന്, ഈ മുബാഹല വിഷയത്തെ സംബന്ധിച്ച് ഈ ലഘുലേഖയുടെ അവസാനത്തിൽ മാതൃകയെന്നവണ്ണം ഇരുകക്ഷികളും സമ്മതിച്ചിട്ടുള്ള കാര്യം വലിയ അക്ഷരത്തിൽ എഴുതിയിട്ടുള്ളത് മൂന്നുതവണ സത്യം ചെയ്ത് സാക്ഷ്യപ്പെടുത്തുക. 'ഞങ്ങൾ യഥാർഥത്തിൽ ഇതു സത്യമാണെന്ന് മനസ്സിലാക്കുന്നുവെന്നും ഞങ്ങൾ പറയുന്നത് സത്യമല്ലെങ്കിൽ ഞങ്ങളിൽ ഈ ലോകത്തുതന്നെ നാശവും ശിക്ഷയും ഇറങ്ങുമാറാകട്ടെ എന്നും പറയുക. ചുരുക്കത്തിൽ ഇരുവരുടേയും മുബാഹല പേപ്പറുകൾ രേഖപ്പെടുത്തിയിട്ടുള്ള വാക്യങ്ങൾ– അത് ഇരുവരുടേയും വിശ്വാസമാണ്–കളവാണെന്ന അവസ്ഥയിൽ ശിക്ഷ വഴിക്കുവഴിയായുള്ള നിബന്ധനയുടെമേൽ സാക്ഷ്യപ്പെടുത്തേണ്ടതാണ്. പിന്നീട് ദൈവവിധിക്കുവേണ്ടി ഒരുവർഷം കാത്തിരിക്കേണ്ടതായിരിക്കും. വർഷം കഴിഞ്ഞതിനുശേഷം ഈ ലഘുലേഖയുടെ കർത്താവിനുമേൽ ശിക്ഷയും വിപത്തും ഇറങ്ങിയിട്ടുണ്ടെങ്കിൽ, എതിർകക്ഷിയുടെമേൽ ഇറങ്ങിയിട്ടില്ലെങ്കിൽ ഈ രണ്ടവസ്ഥകളിലും ഈ വിനീതൻ

(ശേഷം പേജ് 10ൽ)

### അല്ലാഹുവിന്റെ വചനം

**"ആകാശങ്ങളിലും ഭൂമിയിലുമുള്ളവരും സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, പർവതങ്ങൾ, വൃക്ഷങ്ങൾ, മൃഗങ്ങൾ എന്നിവയും മനുഷ്യരിൽ അധികംപേരും അല്ലാഹുവിന് വഴിപ്പെടുന്നനത് നീ കാണുന്നില്ലേ? പക്ഷേ, അധികംപേരും ശിക്ഷയ്ക്ക് അർഹരായിരിക്കുകയാണ്. അല്ലാഹു ആരെ അപമാനിക്കുന്നുവോ അവനെ ബഹുമാനിക്കുന്നവൻ ആരുമുണ്ടായിരിക്കുകയില്ല."(22:19)**

**ത്വാലിബെ ദുആ**

**P.Abdul Ameer . Sadr, Ahmadiyya Jama-ath Pathapiriyam, Kerala**

## ഖുത്ബ ജുമുഅ

ബദ്റിന്റെ കാലഘട്ടത്തിൽ സഅ്ദ് തികച്ചും യുവാവായിരുന്നു. അദ്ദേഹത്തിന്റെ കൈയാൽ പിന്നീട് ഇറാൻ ഫത്ഹ് ആയി. അദ്ദേഹം കൂഫയുടെ സ്ഥാപകനും ഇറാഖിലെ ഗവർണറുമായി. എന്നാൽ, അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ ഈ എല്ലാ ആദരവുകളും അഭിമാനവും ബദ്ർ യുദ്ധത്തിൽ പങ്കെടുത്തതിന്റെ ആദരവിനും അഭിമാനത്തിനുമെതിരിൽ ഒന്നുമല്ല.

ഇസ്‌ലാമിന്റെ ആരംഭകാലത്ത് വിശ്വസിക്കുകയും മക്ക ജീവിതകാലത്ത് ബുദ്ധിമുട്ടുകൾ സഹിക്കുകയും നബി(സ)തിരുമേനിയുടെ അംഗരക്ഷകനായി കാവൽ നില്ക്കാൻ ഭാഗ്യം ലഭിക്കുകയും ദീനുൽ ഇസ്‌ലാമിനും ഖിലാഫത്തിനുംവേി ആത്മീയരോഷം ഉൾക്കൊള്ളുകയും ചെയ്ത നബി(സ)തിരുമേനിയുടെ ഉന്നതനായ ബദ്രീ സ്വഹാബി ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസിനെ(റ) കുറിച്ചുള്ള വിശേഷഗുണങ്ങളുടെ ചർച്ച.

പരേതാത്മാക്കളായ സ്വഫ്ദർ അലി ഗുജ്ജർ സാഹിബ്, പ്രൊഫസർ നസീർ അഹ്മദ് ഖാൻ സാഹിബിന്റെ ഭാര്യ യിഫത്ത് നസീർ സാഹിബ, അബ്ദുർറഹീം സാഹിബ് സാഖി, സയീദ് അഹ്മദ് സഹ്ഗൽ സാഹിബ് എന്നവരെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.

**ഖുത്ബ ജുമുഅ 2020 ആഗസ്റ്റ് 14/1399 ളുഹൂർ 14**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ -
إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ - اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ -
صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

കഴിഞ്ഞ രണ്ടു ഖുത്ബകൾക്കുമുമ്പേ സ്വഹാബാക്കളെ കുറിച്ച് പറയുമ്പോൾ ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസിനെ(റ)നെ പറ്റിയായിരുന്നു വിവരിച്ചുകൊണ്ടിരുന്നത്. ഇന്നും അദ്ദേഹത്തെ കുറിച്ചുതന്നെയാണ് ചില കൂടുതൽ കാര്യങ്ങൾ പറയുന്നത്. യുദ്ധത്തെ കുറിച്ചാണ് പറഞ്ഞിരുന്നത്. യുദ്ധത്തിന്നിടയിൽ ഹദ്റത്ത് സഅ്ദ്(റ)ന്റെ ഭാര്യ ഹദ്റത്ത് സൽമാ ബിൻത് ഹഫ്സ്വ ചങ്ങലയിൽ ബന്ധിതനായ ഒരു തടവുകാരൻ വലിയ വിഷമത്തോടെ യുദ്ധത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നതായി കണ്ടു. അയാളുടെ പേര് അബൂമിഹ്ജൻ ഥഖ്ഫീ എന്നായിരുന്നു. മദ്യപിച്ച കാരണത്താൽ ഹദ്റത്ത് ഉമർ(റ) അദ്ദേഹത്തെ നാടുകടത്താൻ വിധിച്ചതാണ്. അങ്ങനെ ഇവിടെ എത്തിയതിനുശേഷം വീണ്ടും മദ്യപിച്ചു. ഇക്കാരണത്താൽ ഹദ്റത്ത് സഅ്ദ്(റ) അദ്ദേഹത്തിന് ചമ്മട്ടി അടി ശിക്ഷ നല്കുകയും ചങ്ങലയ്ക്കിടുകയും ചെയ്തു. അബൂമിഹ്ജൻ ഹദ്റത്ത് സഅ്ദിന്റെ അടിമസ്ത്രീയായ സഹ്റയോടു, തനിക്ക് യുദ്ധത്തിൽ പങ്കെടുക്കണമെന്നും തന്റെ ചങ്ങല അഴിച്ചുതരണമെന്നും അപേക്ഷിച്ചു. അല്ലാഹുവാണ താൻ ജീവിച്ചിരിക്കുകയാണെങ്കിൽ തിരിച്ചുവന്ന് ചങ്ങലയിൽ കിടന്നുകൊള്ളാമെന്ന് അവരോടു വാഗ്ദാനവും ചെയ്തു. അടിമസ്ത്രീ അയാൾ പറഞ്ഞത് വിശ്വസിച്ചു. ചങ്ങല തുറന്നു കൊടുത്തു. അബൂമിഹ്ജൻ, ഹദ്റത്ത് സഅ്ദിന്റെ കുതിരപ്പുറത്ത് യാത്ര ചെയ്ത് യുദ്ധമൈതാനത്തേക്ക് തിരിച്ചു. ശത്രുഅണിയിൽ തള്ളിക്കയറി നേരെപോയി വെള്ളാനയുടെമേൽ ആക്രമണം നടത്തി. ഹദ്റത്ത് സഅ്ദ്(റ) ഇതെല്ലാം കാണുന്നുണ്ടായിരുന്നു. അദ്ദേഹം സ്വയം പറഞ്ഞു, ഈ കുതിര എന്റേതാണ്. പക്ഷേ, അതിൽ യാത്ര ചെയ്യുന്നയാൾ അബൂമിഹ്ജൻ ആണെന്ന് തോന്നുന്നു. മുമ്പേ പറഞ്ഞതുപോലെ ഹദ്റത്ത് സഅ്ദ്(റ) രോഗം കാരണത്താൽ നേരിട്ട് യുദ്ധത്തിൽ പങ്കെടുക്കാതെ ദൂരെനിന്ന് മേൽനോട്ടം വഹിക്കുകയായിരുന്നു. എന്തായാലും മൂന്നുദിവസം യുദ്ധം നടന്നുകൊണ്ടിരുന്നു. യുദ്ധം അവസാനിച്ചതോടെ അബൂമിഹ്ജൻ ഥഖ്ഫീ മടങ്ങിവന്ന് തന്റെ ചങ്ങലയിൽ ബന്ധിതനായി കിടന്നു. ഹദ്റത്ത് സഅ്ദ്(റ) ഇനി മദ്യപിച്ചാൽ കഠിനമായി ശിക്ഷിക്കുമെന്ന് പറഞ്ഞ് അയാളെ വിട്ടയച്ചു. ഇനി ഒരിക്കലും താൻ മദ്യപിക്കുകയില്ലെന്ന് അബൂമിഹ്ജൻ വാഗ്ദാനം ചെയ്തു. മറ്റൊരു സ്ഥലത്ത് ഇങ്ങനെ ഒരു വിവരണമുണ്ട്, ഹദ്റത്ത് സഅ്ദ്(റ) ഇക്കാര്യം ഹദ്റത്ത് ഉമർ(റ)നെഴുതി. അപ്പോൾ ഹദ്റത്ത് ഉമർ(റ) പറഞ്ഞു:'ഇനി മദ്യപിക്കുന്നതിൽനിന്ന് ഇയാൾ പശ്ചാത്തപിച്ചു മടങ്ങുകയാണെങ്കിൽ അയാളെ ശിക്ഷിക്കരുത്.' അപ്പോൾ അബൂമിഹ്ജൻ ഥഖ്ഫീ ഇനി മദ്യം കുടിക്കുകയില്ലെന്ന് ആണയിട്ടു പറഞ്ഞു. അങ്ങനെ ഹദ്റത്ത് സഅ്ദ്(റ) അദ്ദേഹത്തെ മോചിപ്പിച്ചു.'(അശറ മുബശ്ശറ, ബശീർ സാജിദ് പേജ് 850–851)

ആദ്യം അവിടെ പറഞ്ഞിരുന്നത് അടിമസ്ത്രീ വിട്ടിരുന്നുവെന്നാണ്. പക്ഷേ, ഈ സംഭവത്തിന്റെ വിശദീകരണം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇങ്ങനെ വിവരിക്കുന്നു. അവിടന്ന് ഇങ്ങനെ എഴുതി: ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്(റ), നബി(സ)തിരുമേനിയുടെ പ്രത്യേക സ്വഹാബാക്കളിൽ പെട്ട യാളായിരുന്നു. ഹദ്റത്ത് ഉമർ(റ) തന്റെ ഖിലാഫത്തു കാലത്ത് അദ്ദേഹത്തെ ഇറാൻ സൈന്യത്തിനെതിരായ യുദ്ധത്തിൽ ഇസ്‌ലാമിന്റെ സൈനിക കമാന്ററായി നിയമിച്ചിരുന്നു. യാദൃച്ഛികമായി അദ്ദേഹത്തിന്റെ തുടയിൽ ഒരു പരു ഉണ്ടാകുകയും അത് ദീർഘകാലം ഭേദമാകാതിരിക്കുകയും ചെയ്തു. നിരവധി ചികിത്സകൾ നടത്തിയെങ്കിലും ഫലമുണ്ടായില്ല. താൻ രോഗശയ്യയിൽ കിടക്കുകയാണെന്ന് സൈന്യം കാണുകയാണെങ്കിൽ അവരുടെ കമാന്റർ അവരുടെ കൂടെയില്ല എന്ന കാരണത്താൽ അവർ ആത്മധൈര്യം വെടിയുന്നതാണെന്ന് അദ്ദേഹം ചിന്തിച്ചു. അതുകൊണ്ട് അദ്ദേഹം സമീപത്തുള്ള ഒരു വൃക്ഷത്തിനു മുകളിൽ ഒരു ഇരിപ്പിടം ഉണ്ടാക്കി. ആളുകളുടെ സഹായത്തോടെ അദ്ദേഹം അതിൽ കയറിയിരിക്കുമായിരുന്നു; മുസ്‌ലിം സൈന്യം തന്നെ കാണുന്നതിനും തങ്ങളുടെ കമാന്റർ കൂടെയുണ്ടെന്ന് അവർക്ക് ബോധ്യമാകുന്നതിനും വേണ്ടി. ആ സമയത്താണ് ഒരു അറേബ്യൻ നേതാവ് മദ്യപിച്ചതായി അദ്ദേഹത്തിനു വിവരം ലഭിച്ചത്.' ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)എഴുതുന്നു:'മദ്യം ഇസ്‌ലാമിൽ ഹറാമായിരുന്നുവെങ്കിലും അറബികൾ അതിന് വളരെ അഡിക്റ്റായിരുന്നു. ശീലമുണ്ടായിക്കഴിഞ്ഞാൽ അതിൽനിന്ന് രക്ഷപ്പെടുക വളരെ ദുഷ്കരമാണ്. ആ സർദാർ ഇസ്‌ലാം സ്വീകരിച്ചിട്ട് രണ്ടുമൂന്നു വർഷമേ ആയിരുന്നുള്ളു. രണ്ടുമൂന്നുവർഷത്തിനുള്ളിൽ പണ്ടേയുള്ള ഒരു ദുശിച്ച ശീലം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)എഴുതുന്നു, മാറുകയേയില്ല. എന്തായാലും ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്(റ)ന് മുസ്‌ലിം നേതാവിനെ കുറിച്ച് മദ്യപിച്ചു എന്ന വിവരം കിട്ടുകയും അദ്ദേഹം അയാളെ തടവിലാക്കുകയും ചെയ്തു.

അക്കാലത്ത് ഔദ്യോഗികമായി ജയിലുകളുണ്ടായിരുന്നില്ല. തടവിലാക്കുന്നയാളെ ഒരു മുറിയിലിട്ട് പൂട്ടുകയായിരുന്നു പതിവ്. അതിന് കാവലും ഏർപെടുത്തും. വീണ്ടും എഴുതുന്നു: യുദ്ധം ഉണ്ടായിക്കൊണ്ടിരുന്ന ആ വർഷം ഇസ്‌ലാമിക ചരിത്രത്തിൽ 'വിപത്തിന്റെ വർഷം' എന്നു പറയപ്പെടുന്നു. കാരണം മുസ്‌ലിമീങ്ങൾക്ക് യുദ്ധത്തിൽ ഒരുപാട് നഷ്ടമുണ്ടായിരുന്നു. ഒരു സ്ഥലത്ത് ഇസ്‌ലാമിക സൈന്യത്തിന്റെ കുതിരകൾ ശത്രുവിന്റെ ആനകളെ കണ്ട് ഓടി. അടുത്തുതന്നെ ഒരു ചെറിയ നദിയുണ്ടായിരുന്നു. കുതിരകൾ അതിൽ ചാടി. അറബികളാണെങ്കിൽ നീന്തൽ അറിയാത്തവരായിരുന്നു. അതുകൊണ്ട് നൂറുക്കണക്കിന് മുസ്‌ലിമീങ്ങൾ മുങ്ങി മരിച്ചു. അതുകൊണ്ടാണ് ആ വർഷത്തെ 'വിപത്തിന്റെ വർഷം' എന്നു പറയപ്പെടുന്നത്. ആ അറബിമുസ്‌ലിം സർദാർ മുറിയിൽ തടവിലായിരുന്നു. മുസ്‌ലിം പട്ടാളക്കാർ യുദ്ധത്തിൽനിന്ന് തിരിച്ചുവരികയും ആ മുറിയുടെ അടുത്തിരുന്ന് യുദ്ധത്തിൽ മുസ്‌ലിമീങ്ങൾക്ക് വലിയ നഷ്ടമുണ്ടായി തുടങ്ങിയ കാര്യങ്ങൾ പറയുകയും ചെയ്തു. അദ്ദേഹം അസ്വസ്ഥനാകുകയും ആ അവസരത്തിൽ യുദ്ധത്തിൽ പങ്കെടുക്കാൻ സാധിക്കാത്തതിൽ വിഷമിക്കുകയും ചെയ്തു. മദ്യപിച്ചുവെന്ന ബലഹീനത അദ്ദേഹത്തിലുണ്ടെന്നതിന് സംശയമൊന്നുമില്ല. പക്ഷേ, അദ്ദേഹം വലിയ ധീരനായിരുന്നു. അദ്ദേ

ഹത്തിന്റെ ഉള്ളിൽ ആവേശമുണ്ടായിരുന്നു. യുദ്ധത്തിൽ മുസ്‌ലിമീങ്ങൾക്കുണ്ടായ നഷ്ടങ്ങളെക്കുറിച്ചു കേൾക്കുമ്പോൾ മുറിക്കകത്ത് അയാൾ കൂട്ടിലടച്ച സിംഹത്തെപ്പോലെ അസ്വസ്ഥനായി ഉലാത്തുമായിരുന്നു. ഉലാത്തിക്കൊണ്ട് അയാൾ ഇങ്ങനെ കവിത ചൊല്ലുന്നുണ്ടായിരുന്നു; അതിന്റെ അർഥം ഇപ്രകാരമാണ്; 'നീ ഇസ്‌ലാമിനെ രക്ഷിക്കുകയും നിന്റെ ധീരതയുടെ മികവു കാണിക്കുകയും ചെയ്തിരുന്നെങ്കിൽ; എന്നാൽ നീ തടവിലാണല്ലോ?' ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്(റ)ന്റെ ഭാര്യ ഒരു ധീരവനിതയായിരുന്നു. അവർ ആ കവിത കേട്ടപ്പോൾ അയാളോട് പറഞ്ഞു: 'സഅ്ദ് തടവിലാക്കിയ നിന്നെ ഞാൻ മോചിപ്പിച്ചാൽ അദ്ദേഹം എന്നെ വെറുതെ വിടുകയില്ലെന്ന് നിനക്കറിയാമല്ലോ. എന്നാൽ, ഇസ്‌ലാമിനുവേണ്ടി ഉപകരിക്കപ്പെടണമെന്ന നിന്റെ ആഗ്രഹം നിറവേറ്റാനായി നിന്നെ സ്വതന്ത്രനാക്കണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്.' അപ്പോൾ അയാൾ പറഞ്ഞു: 'ഇനി യുദ്ധമുണ്ടാകുമ്പോൾ എന്നെ തുറന്നുവിടുക. യുദ്ധം കഴിഞ്ഞാൽ ഉടനെ ഞാനീ മുറിയിൽ പ്രവേശിച്ചുകൊള്ളാമെന്ന് വാക്ക് തരുന്നു.' ആ വനിതയുടെ ഹൃദയത്തിലും ഇസ്‌ലാമിനെക്കുറിച്ചുള്ള വേദനയും അതിനെ സംരക്ഷിക്കുവാനുള്ള ആവേശവുമുണ്ടായിരുന്നു. അങ്ങനെ അയാളെ തടവിൽനിന്നു തുറന്നുവിട്ടു. അയാൾ യുദ്ധത്തിൽ പങ്കെടുത്തു. എത്രമാത്രം ധീരതയോടെ പോരാടിയെന്നാൽ അയാളുടെ ധീരത കണ്ടുകൊണ്ട് ഇസ്‌ലാമിക സൈന്യം പിറകോട്ടടിക്കാതെ മുന്നേറി. സഅ്ദ് അയാളെ തിരിച്ചറിഞ്ഞു. പിന്നീട് പറയുകയുണ്ടായി: മദ്യപിച്ച കാരണത്താൽ ഞാൻ തടവിലാക്കിയ ആ വ്യക്തിയും ഇന്ന് യുദ്ധത്തിനുണ്ടായിരുന്നു. അയാൾ മുഖം മറച്ചിരുന്നുവെങ്കിലും അയാളുടെ ആക്രമണ ശൈലിയും അയാളുടെ പൊക്കവും കണ്ടാൽ എനിക്ക് മനസ്സിലാകും. അയാളെ തടവിൽ നിന്നു തുറന്നുവിട്ടത് ആരാണെന്ന് ഞാൻ കണ്ടെത്തുകയും ആ വ്യക്തിക്ക് കഠിനശിക്ഷ നൽകുകയും ചെയ്യുന്നതാണ്. സഅ്ദിന്റെ ഈ വാക്കുകൾ കേട്ടപ്പോൾ അദ്ദേഹത്തിന്റെ ഭാര്യക്ക് കോപം വന്നു. അവർ പറഞ്ഞു: 'നിങ്ങൾക്ക് ലജ്ജയില്ലേ? നിങ്ങൾ സ്വയം ഇരിപ്പിടത്തിൽ ഇരിക്കുകയും ശത്രുസേനയിൽ വിട്ടുവീഴ്ചയൊന്നുമില്ലാതെ സ്വന്തം ജീവൻ വകവയ്ക്കാതെ ശത്രുസേനയിൽ നുഴഞ്ഞുകയറുന്ന ഈ വ്യക്തിയെ തടവിലിടുകയും ചെയ്തിരിക്കുന്നു. ഞാനാണ് ഈ വ്യക്തിയെ തുറന്നുവിട്ടത്. ഇനി നിങ്ങൾക്ക് ഇഷ്ടമുള്ളത് ചെയ്തു കൊള്ളൂ.' ഈ സംഭവം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ലജ്നകളോടുള്ള ഒരു പ്രഭാഷണത്തിൽ വിവരിച്ചതാണ്. ഇതു വിവരിച്ചുകൊണ്ട് പറഞ്ഞു: 'ഇസ്‌ലാമിൽ സ്ത്രീകളും വലിയ വലിയ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. അതുകൊണ്ട് ഇന്ന് അഹ്മദീ സ്ത്രീകളും അത്തരം മാതൃകകൾ മുന്നിൽ വെക്കേണ്ടതാണ്.' (ഖുറൂനെ ഊലാ കി മുസൽമാൻ ഖാത്തീൻ കാ നമൂന, അൻവാറുൽഉലൂം, വാല്യം 25, പേജ് 428–430).

ഇനി ഹദ്റത്ത് സഅ്ദിനെ ഉദ്ധരിച്ച് സ്ത്രീകളുടെ ത്യാഗത്തിന്റെതന്നെ കൂടുതൽ സംഭവം കേട്ടാലും.

അൻസ്വാർ ഗോത്രത്തിന്റെ ബനൂ സുലയ്മിലെ പ്രസിദ്ധ കവിയത്രിയും സ്വഹാബിയായുമായ ഹദ്റത്ത് ഖൻസാ(റ) ഒരു യുദ്ധത്തിൽ തന്റെ നാലുപുത്രന്മാരെ അല്ലാഹുവിന്റെ വഴയിൽ ബലിയർപിച്ചു. ഹദ്റത്ത് ഖൻസായുടെ ഭർത്താവും സഹോദരനും അവരുടെ യുവത്വത്തിൽ വഫാത്തായിരുന്നു. ഹദ്റത്ത് ഖൻസാ വളരെ അധ്വാനിച്ച് തന്റെ കുട്ടികളെ വളർത്തി. ഖാദിസിയ യുദ്ധത്തിന്റെ അവസാന ദിവസം യുദ്ധം തുടങ്ങുന്നതിനുമുമ്പേ ഹദ്റത്ത് ഖൻസാ(റ) തന്റെ പുത്രന്മാരോടു പറഞ്ഞു: 'എന്റെ മക്കളേ! നിങ്ങൾ നിങ്ങളുടെ ഇഷ്ടപ്രകാരമാണ് ഇസ്‌ലാം സ്വീകരിച്ചത്. നിങ്ങളുടെ ഇഷ്ടപ്രകാരംതന്നെയാണ് ഹിജ്റത്ത് ചെയ്തതും. ആ സത്തയെക്കൊണ്ടു സത്യം, അവനല്ലാതെ വേറൊരു ആരാധ്യനുമില്ല. ഞാൻ നിങ്ങളുടെ കുലത്തിലും കുടുംബത്തിലും ഒരു കുറവും വരുത്തിയിട്ടില്ല. ഓർമിക്കുക! പരലോകഭവനം ഈ നശ്വരമായ ഭവനത്തെക്കാൾ ശ്രേഷ്ഠകരമാണ്. മക്കളേ! പോരാടുക. അല്ലാഹുവിനോടു തഖ്വായുള്ളവരായിരിക്കുക. ഭയങ്കരമായ യുദ്ധം നടന്നുകൊണ്ടിരിക്കുകയും ചുറ്റും അടച്ചിട്ടുള്ള അടുപ്പ്(തൻദൂർ) ആളിക്കത്തുകയും അശ്വഭടന്മാർ നെഞ്ചുവിരിച്ച് നില്ക്കുകയുമാണ്. നിങ്ങൾ നിങ്ങളുടെ പരലോകം സുവർണമാക്കുന്നതിനുവേണ്ടി അതിൽ ചാടുക. ഹദ്റത്ത് ഖൻസായുടെ പുത്രന്മാർ മാതാവിന്റെ വസ്വിയ്യത്തനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് കുതിരയുടെ കടിഞ്ഞാൺ കൈയിലെടുത്തു. വീരഗാഥകൾ പാടിക്കൊണ്ട് യുദ്ധമൈതാനത്തേക്ക് കുതിക്കുകയും ധൈര്യത്തോടെ പോരാടി വീരമൃത്യു വരിക്കുകയും ചെയ്തു. ആ ദിവസം വൈകുന്നേരത്തിനു മുമ്പേ ഖാദിസിയായുടെമേൽ ഇസ്‌ലാമിക പതാക പറപ്പിച്ചു. നിങ്ങളുടെ നാലു പുത്രന്മാരും ശഹീദാക്കപ്പെട്ടുവെന്ന് ഹദ്റത്ത് ഖൻസയോടു പറയപ്പെട്ടപ്പോൾ അവർ പറഞ്ഞു: 'അല്ലാഹുവിന് നന്ദി. ശഹാദത്തുകൊണ്ട് അല്ലാഹു അവരെ സമുന്നതരാക്കി. അവർ സത്യത്തിനുവേണ്ടി ബലിയായത് എനിക്കു കുറച്ചൊന്നുമല്ല അഭിമാനം നല്കിയത്. അല്ലാഹു അടുത്ത ലോകത്ത് തന്റെ റഹ്മത്തിന്റെ തണലിൽ തീർച്ചയായും ഞങ്ങളെ ഒരുമിച്ചുകൂട്ടുന്നതാണെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.'

ഖാദ്സിയ കീഴടക്കിയതിനുശേഷം ഇസ്‌ലാമിക സൈന്യം ബാബിലോണിയയും കീഴടക്കി. ബാബിലോണിയ ഇപ്പോഴത്തെ ഇറാഖിലെ പൗരാണിക നഗരമാണ്. ഹാറൂത്ത് മാറൂത്തിനെ കുറിച്ച് പറഞ്ഞപ്പോൾ വിശുദ്ധ ഖുർആനും അതിനെപ്പറ്റി പറഞ്ഞിട്ടുണ്ട്. കൂഫ ഇവിടെയാണുള്ളത്. നഗരങ്ങളെ കുറിച്ച് പരിചയപ്പെടുത്തിയിട്ടുള്ള സ്ഥലത്ത് ഈ വിശദീകരണമാണ് എഴുതിയിട്ടുള്ളത്. പിന്നീട് വിവരിക്കുന്നു: ഇതു കീഴടക്കി കൂഥാ എന്നുപേരുള്ള ചരിത്രപ്രധാനമായ നഗരത്തിലെത്തി. ഇവിടെയാണ് ഹദ്റത്ത് ഇബ്റാഹീം(അ)നെ നംറൂദ് തടവിലാക്കിയിരുന്നത്. തടവറ നിലനിന്ന സ്ഥലം അപ്പോൾവരെ സുരക്ഷിതമായിരുന്നു. ഹദ്റത്ത് സഅ്ദ്(റ) അവിടെ എത്തുകയും തടവറ കാണുകയും ചെയ്തപ്പോൾ വിശുദ്ധ ഖുർആനിലെ ഈ ആയത്തോതി: *തിൽക്കൽ അയ്യാമു നുദാവിലുഹാ ബയ്നന്നാസി*(3:141) ഉപദേശം കരസ്ഥമാക്കുന്നതിനുവേണ്ടി അല്ലാഹു ഇങ്ങനെയുള്ള നാളുകൾ ജനങ്ങൾക്കിടയിൽ മാറ്റി മാറ്റിക്കൊണ്ടിരിക്കും.

കൂഫായിൽനിന്ന് മുന്നോട്ടുപോയപ്പോൾ ബഹ്റിസീർ എന്നുപേരുള്ള ഒരു സ്ഥലത്തെത്തി. നഗരങ്ങളുടെ സമാഹാരമായ മുഅ്ജമുൽബുൽദാനിൽ പറഞ്ഞതനുസരിച്ച് ഇതിന്റെ പേര് 'ബഹ്റിസീർ' എന്നാകുന്നു. ബഹ്റിസീർ ദജലാനദിയുടെ പടിഞ്ഞാറുള്ള ഇറാഖിന്റെ നഗരമായ മദാഇന് അടുത്ത് ബഗ്ദാദിന്റെ ചുറ്റുവട്ടത്തുള്ള പ്രദേശങ്ങളുടെ ഒരു സ്ഥലത്തിന്റെ പേരാണ്. ഇവിടെ കിസ്റായുടെ വേട്ട സിംഹങ്ങൾ പാർത്തിരുന്നു. ഹദ്റത്ത് സഅ്ദിന്റെ സൈന്യം അടുത്തെത്തിയപ്പോൾ അയാൾ ആ സിംഹത്തെ സൈന്യത്തിനുനേരെ തുറന്നുവിട്ടു. സിംഹം ഗർജിച്ചുകൊണ്ട് സൈന്യത്തിനുമേൽ ആക്രമണം നടത്തി. ഹദ്റത്ത് സഅ്ദിന്റെ സഹോദരൻ ഹാശിം ബിൻ അബീ വഖാസ്(റ)സൈന്യവ്യൂഹത്തിന്റെ ഓഫീസറായിരുന്നു. അദ്ദേഹം സിംഹത്തിനുമേൽ എങ്ങനെ വെട്ടിയെന്നാൽ അതവിടെ ചത്തുവീണു.

അതേ യുദ്ധത്തിൽത്തന്നെയാണ് മദാഇനിലെ യുദ്ധനടപടിയുമുള്ളത്. മദാഇൻ കിസ്റായുടെ ആസ്ഥാനമായിരുന്നു. ഇവിടെയാണ് അയാളുടെ വെള്ളക്കൊട്ടാരങ്ങളുണ്ടായിരുന്നത്. മുസ്‌ലിമീങ്ങളുടേയും മദാഇന്റേയുമിടയിൽ ദജല നദി തടസമായിരുന്നു. ഇറാനികൾ പാലങ്ങളെല്ലാം തകർത്തു കളഞ്ഞു. ഹദ്റത്ത് സഅ്ദ്(റ) സൈന്യത്തോടു പറഞ്ഞു: മുസ്‌ലിമീങ്ങളേ! ശത്രു നദിയുടെ അഭയം തേടിയിരിക്കുകയാണ്. വരിക, അതു നീന്തി കടക്കുക. ഇതുപറഞ്ഞുകൊണ്ട് അദ്ദേഹം തന്റെ കുതിരയെ നദിയിലിട്ടു. ഹദ്റത്ത് സഅ്ദിന്റെ പട്ടാളക്കാർ തങ്ങളുടെ നേതാവിനെ പിൻപറ്റിക്കൊണ്ട് കുതിരകളെയെല്ലാം നദിയിലിട്ടു. ഇസ്‌ലാമിക സൈന്യം നദി നീന്തി കടന്ന് അക്കരയെത്തി. ഇറാനികൾ വിസ്മയകരമായ ഈ കാഴ്ച കണ്ടു. ഭയംകൊണ്ട് നിലവിളിക്കാൻ തുടങ്ങി. 'ദേവ് വന്നു' 'ദേവ് വന്നു' എന്നു പറഞ്ഞുകൊണ്ട് ഓടിപ്പോകാൻ തുടങ്ങി. മുസ്‌ലിമീങ്ങൾ മുന്നോട്ടു കുതിച്ച് നഗരങ്ങളും കിസ്റായുടെ കൊട്ടാരങ്ങളും പിടിച്ചെടുത്തു. ഇപ്രകാരം നബി(സ)തിരുമേനിയുടെ പ്രവചനം പുലർന്നു; അഹ്സാബ് യുദ്ധത്തിന്റെ അവസരത്തിൽ കിടങ്ങു കുഴിക്കുമ്പോൾ പാറ തല്ലിപ്പൊട്ടിക്കുന്ന അവസരത്തിൽ അവിടന്ന് പറഞ്ഞു: 'മദാഇനിലെ വെള്ളക്കൊട്ടാരങ്ങൾ നിലംപൊത്തുന്നത് എനിക്ക് കാണിക്കപ്പെട്ടു. ഈ കൊട്ടാരങ്ങൾ തകർന്നുകിടക്കുന്ന അവസ്ഥ കണ്ട് ഹദ്റത്ത് സഅ്ദ്(റ) സൂറ ദുഖാനിലെ ഈ ആയത്തുകളോതി: *കം തറക്കൂ മിൻ ജന്നാത്തിൻ വ്വ ഉയൂൺ, വ്വ സുറൂയിൻ വ്വ മഖാമിൻകരീം, വ്വ നഅ്മത്തിൻ കാനൂ ഫീഹാ ഫാക്കിഹീൻ കദാലിക്ക വ ഔറഥ്നാഹാ ഖൗമൻ ആഖരീൻ*(44:26–29) എത്രയെത്ര ഉദ്യാനങ്ങളും അരുവികളുമാണ് അവർ ഉപേക്ഷിച്ചുപോയത്? എത്രയെത്ര കൃഷിസ്ഥലങ്ങളും എത്രയെത്ര മനോഹരമായ വാസസ്ഥലങ്ങളും! എത്രയെത്ര സുഖസൗകര്യങ്ങൾ. അവരതിൽ ആനന്ദിച്ചുകൊണ്ടിരിക്കുകയായിരുന്നു. അതങ്ങനെത്തന്നെയാണ്. അതെല്ലാം മറ്റൊരു ജനതയ്ക്കു നാം അനന്തരാവകാശമായി നല്കി.

എന്തായാലും അതിനുശേഷം ഹദ്റത്ത് സഅ്ദ്(റ) മുന്നോട്ടു നീങ്ങാൻ അനുമതി ചോദിച്ചുകൊണ്ട് ഹദ്റത്ത് ഉമർ(റ)ന് കത്തെഴുതി. അപ്പോൾ ഹദ്റത്ത് ഉമർ(റ) അദ്ദേഹത്തോടു പറഞ്ഞു; ഇനി ഇവിടംകൊണ്ട് മതിയാക്കുക. അധീനപ്പെടുത്തിയ പ്രദേശങ്ങളിൽ നടപ്പിലാക്കേണ്ട നിയമനിർമാണ വ്യവസ്ഥകളിലേക്ക് ശ്രദ്ധിക്കുക. അങ്ങനെ സഅ്ദ്(റ) മദാഇനെ കേന്ദ്രമാക്കിക്കൊണ്ട് നിയമവ്യവസ്ഥിതികളുണ്ടാക്കുവാൻ ആരംഭിക്കുകയും കാര്യങ്ങളെല്ലാം ഭംഗിയായി നിറവേറ്റുകയും ചെയ്തു. അദ്ദേഹം ഇറാഖിലെ കാനേഷുമാരി നടത്തുകയും ഭൂമി അളന്ന് തിട്ടപ്പെടുത്താനുള്ള ഏർപാടുകളുണ്ടാക്കുകയും ചെയ്തു.

പ്രജകളുടെ വാസത്തിനും ക്ഷേമത്തിനുമുള്ള ഏർപ്പാടുകൾ ചെയ്തു. യുദ്ധത്തിലുള്ള കഴിവുകളോടൊപ്പം തന്നെ സംഘടനാ പാടവവുമുണ്ടെന്ന് അദ്ദേഹം തന്റെ ആസൂത്രണ മികവിലൂടെയും ഭംഗിയായ പ്രവർത്തനത്തിലൂടെയും തെളിയിച്ചു കാട്ടി. ആളുകൾ മനസ്സിലാക്കുന്നത് മുസ്‌ലിമീങ്ങൾ കീഴടക്കിയപ്പോൾ പ്രജകളെ നോക്കിയില്ലെന്നാണ്. പക്ഷേ, മുസ്‌ലിമീങ്ങൾ നഗരം കീഴടക്കിയപ്പോൾ അവിടുത്തെ വാസികളെ മുമ്പേയുള്ളതിനെക്കാൾ കൂടുതൽ നോക്കുകയാണ് ചെയ്തത്.

പിന്നീടുള്ളത് 'കൂഫ' നിർമാണമാണ്. മദാഇനിലെ വായുവും വെള്ളവും അറബികളുടെ പ്രകൃതത്തിന് അനുകൂലമല്ലാതായപ്പോൾ ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്(റ), ഹദ്റത്ത് ഉമർ(റ)ന്റെ അനുവാദത്തോടെ പുതിയൊ

രു പട്ടണമുണ്ടാക്കി. അവിടെ വിവിധ അറബി ഗോത്രങ്ങളെ വ്യത്യസ്ത പ്രദേശങ്ങളിൽ താമസിപ്പിച്ചു. ആ നഗരമധ്യത്തിലായി ഒരു വലിയ മസ്ജിദ് പണി കഴിപ്പിച്ചു. അതിൽ ഒരേ സമയം നാല്പതിനായിരം ആളുകൾക്ക് നമസ്കരിക്കാമായിരുന്നു. കൂഫാ യഥാർഥത്തിൽ സൈനിക താവളമായിരുന്നു. ഇവിടെ ഒരുലക്ഷം പട്ടാളക്കാരെ താമസിപ്പിച്ചിരുന്നു. അതിനെ കുറിച്ചുള്ള കൂടുതൽ വിശദീകരണം ഇങ്ങനെയാണ്: ഹദ്റത്ത് സഅ്ദ്(റ) കുറച്ചുകാലം മദാഇനിൽ താമസിച്ചതിനുശേഷം അവിടുത്തെ വെള്ളവും കാറ്റും അറബികളുടെ നിറവും രൂപവും തികച്ചും മാറ്റിയിരിക്കുന്നുവെന്ന് മനസ്സിലാക്കി ഹദ്റത്ത് ഉമർ(റ)നെ വിവരം അറിയിച്ചു. അറേബ്യയുടെ അതിർത്തിയിൽ ഉചിതമായ ഏതെങ്കിലും സ്ഥലം അന്വേഷിച്ച് കണ്ടെത്തി ഒരു പുതിയ നഗരമുണ്ടാക്കാനും അറേബ്യൻ ഗോത്രങ്ങളെ അധിവസിപ്പിച്ച് അതിനെ ഒരു ഭരണകേന്ദ്രമായി നിശ്ചയിക്കാനും അവിടെനിന്ന് കല്പന വന്നു. ഹദ്റത്ത് സഅ്ദ്(റ)ആ കല്പനയനുസരിച്ച് മദാഇനിൽനിന്ന് പുറപ്പെട്ട് ഒരു നല്ല സ്ഥലം തിരഞ്ഞെടുത്ത് കൂഫാ എന്ന പേരിൽ വിശാലമായൊരു നഗരത്തിന് അടിത്തറയിട്ടു. അറേബ്യയിലെ ഭിന്നഭിന്നമായി കിടന്ന ഗോത്രക്കാരെ വെവ്വേറെ മഹല്ലുകളിൽ താമസിപ്പിച്ചു. മധ്യത്തിൽ ഏകദേശം നാല്പതിനായിരം ആളുകൾക്ക് നമസ്കരിക്കാവുന്ന ഒരു മഹത്തായ മസ്ജിദും പണികഴിപ്പിച്ചു. മസ്ജിദിനോടു ചേർന്നുതന്നെ ബയ്ത്തുൽമാലിന്റെ കെട്ടിടവും തന്റെ കൊട്ടാരവും നിർമിച്ചു. അത് ഖസ്റെ സഅ്ദ് എന്ന പേരിൽ പ്രസിദ്ധമായിരുന്നു.(രോശൻ സിത്താരെ പേജ് 84-88)(സയ്റുസ്സ്വഹാബ, വാല്യം 2, പേജ് 117-118)(മുഅ്ജമുൽബുൽദാൻ, മുതർജ്ജിം, പേജ് 56) (മുഅ്ജമുൽബുൽദാൻ, വാല്യം 1, പേജ് 610)

പിന്നീടുള്ളത് യുദ്ധസ്ഥലമായ നഹാവൻദാണ്. ഇവിടെ ഹിജ്റ 21 ൽ ഇറാൻകാർ ഇറാഖെ അജ്മീയിൽ അതായത് ഫാർസികളുടെ കൈയിലുണ്ടായിരുന്ന ഇറാഖിന്റെ ഭാഗത്ത് മുസ്‌ലിമീങ്ങൾക്കെതിരിൽ യുദ്ധത്തിനുള്ള തയ്യാറെടുപ്പുകൾ നടത്തുകയും മുസ്‌ലിമീങ്ങൾ ജയിച്ചടക്കിയ പ്രദേശങ്ങൾ അവരിൽനിന്ന് പിടിച്ചെടുക്കുക എന്നുദ്ദേശ്യത്തോടെ നഹാവൻദ് എന്ന സ്ഥലത്ത് മുസ്‌ലിമീങ്ങൾക്കെതിരിൽ ഒന്നര ലക്ഷം ഇറാൻ പട്ടാളക്കാർ സംഘടിക്കുകയും ചെയ്തു. ഹദ്റത്ത് സഅ്ദ്(റ), ഹദ്റത്ത് ഉമർ(റ)നെ വിവരം അറിയിച്ചു. അദ്ദേഹം കൂടിയാലോചിച്ച് ഒരു ഇറാഖുകാരനായ ഹദ്റത്ത് നുഅ്മാൻ ബിൻ മുഖർറിൻ മുഥ്നിയെ മുസ്‌ലിം സൈന്യത്തിന്റെ കമാന്ററായി നിശ്ചയിച്ചു. ഹദ്റത്ത് നുഅ്മാൻ ആ നേരത്ത് കസ്കറിലായിരുന്നു. കസ്കർ, നഹർവാൻ മുതൽ ബസ്വറയുടെ അടുത്തുള്ള ദജല നദിയുടെ ദഹാനവരെയുള്ള പ്രദേശമാണ്. അതിൽ നിരവധി ഗ്രാമങ്ങളും കസബകളുമുണ്ട്. എന്തായാലും ഹദ്റത്ത് ഉമർ(റ)അദ്ദേഹത്തോടു നഹാവൻദിലെത്താൻ കല്പിച്ചു. ഒന്നരലക്ഷം ഇറാനികൾക്കെതിരിൽ മുസ്‌ലിമീങ്ങളുടെ അംഗസംഖ്യ മുപ്പതിനായിരമായിരുന്നു. ഹദ്റത്ത് നുഅ്മാൻ ചുറ്റിക്കറങ്ങി അണികൾ പരിശോധിച്ച് അവർക്ക് നിർദേശങ്ങൾ നല്കി. എന്നിട്ടു പറഞ്ഞു: ഞാൻ ശഹീദാകുകയാണെങ്കിൽ ഹുദയ്ഫയായിരിക്കും സൈന്യത്തിന്റെ കമാന്റർ. അദ്ദേഹം ശഹീദാകുകയാണെങ്കിൽ സൈന്യത്തിന്റെ അമീർ ഇന്നയാളായിരിക്കും. ഇപ്രകാരം അദ്ദേഹം ഓരോരുത്തരായി ഏഴ് ആളുകളുടെ പേര് പറഞ്ഞു. അതിനുശേഷം അല്ലാഹുവിനോടു ദുആ ചെയ്തു: അല്ലാഹുവേ! നിന്റെ ദീനിന് അന്തസ് നല്കിയാലും. നിന്റെ ദാസരെ സഹായിച്ചാലും. നുഅ്മാനിന് ഇന്ന് ഏറ്റവുമാദ്യം ശഹാദത്തിന്റെ പദവി നല്കിയാലും. മറ്റൊരു നിവേദനമനുസരിച്ച് അദ്ദേഹം ദുആ ചെയ്തു: അല്ലാഹുവേ! ഞാൻ നിന്നോടു ദുആ ഇരക്കുന്നു. ഇസ്‌ലാമിന് ആദരവുണ്ടാകുകയും എനിക്കു ശഹാദത്ത് ലഭിക്കുകയും ചെയ്യുന്ന വിജയം മുഖേന എന്റെ കണ്ണിന് കുളിർമ നല്കിയാലും. അങ്ങനെ യുദ്ധം തുടങ്ങി. മുസ്‌ലിമീങ്ങൾ ധീരതയോടെ പോരാടി. സൂര്യൻ അസ്തമിക്കുന്നതിനുമുമ്പേ യുദ്ധമൈതാനം മുസ്‌ലിമീങ്ങളുടെ കൈകളിലായി. അതേ യുദ്ധത്തിൽ ഹദ്റത്ത് നുഅ്മാൻ ശഹീദാകുകയും ചെയ്തു.

അബൂ ലുഅ്‌ലുവാഹ് ഫയ്റുസ് ആ യുദ്ധത്തിൽ തടവിലായി. അയാൾ അടിമയായി ഹദ്റത്ത് മുഗീറ ബിൻ ശുഅ്ബയുടെ ഓഹരിയിൽ വന്നു. ഇയാളാണ് പിന്നീട് ഹദ്റത്ത് ഉമർ(റ)നുമേൽ ആക്രമണം നടത്തി അദ്ദേഹത്തെ ശഹീദാക്കിയത്. ഹദ്റത്ത് ഉമർ(റ) നഹാവൻദ് അമീറിന് കത്തെഴുതി: അല്ലാഹു മുസ്‌ലിമീങ്ങൾക്ക് വിജയം നല്കിയാൽ അഞ്ചിലൊന്ന് ബയ്ത്തുൽമാലിനുവേണ്ടി നീക്കിവെച്ച് ബാക്കി യുദ്ധമുതലുകൾ മുസ്‌ലിമീങ്ങളിൽ വിതരണം ചെയ്യുക. ഈ സൈന്യം നശിക്കുകയാണെങ്കിൽ കാര്യമാക്കേണ്ട. കാരണം ഭൂമിയുടെ മീതെനിന്ന് അതിന്റെ വയറാണ് അതായത് ഖബ്റാണ് നല്ലത്.

ഹദ്റത്ത് ഉമറിന്റെ ഖിലാഫത്തു കാലത്ത് ഒരിക്കൽ ബനൂ അസദ് ഗോത്രത്തിലെ ആളുകൾ ഹദ്റത്ത് സഅ്ദിന്റെ നമസ്കാരത്തിൽ ആക്ഷേപം ഉന്നയിച്ചു. അദ്ദേഹത്തെ കുറിച്ച് ശരിയായ നിലയിൽ നമസ്കരിക്കുന്നില്ലെന്ന് പറഞ്ഞ് ഹദ്റത്ത് ഉമറിനോടു പരാതിപ്പെട്ടു. ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് മുഹമ്മദ് ബിൻ മസ്‌ലമയെ അന്വേഷണത്തിനയച്ചു. പരാതി തെറ്റാണെന്ന് അന്വേഷണത്തിൽ മനസ്സിലായി. എങ്കിലും ചില ഉദ്ദേശ്യങ്ങളുടെ അടിസ്ഥാനത്തിൽ ഹദ്റത്ത് ഉമർ(റ) അദ്ദേഹത്തെ മദീനയിലേക്ക് വിളിപ്പിച്ചു. (രോശൻ സലിത്താരെ വാല്യം 2, പേജ് 88-90) (ശറഹ് സുർഖാനീ അലാ മവാഹിബുദ്ദീന വാല്യം 4, പേജ് 539, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(മുഅ്ജമുൽ ബുൽദാൻ, മുത്തർജ്ജിം, പേജ് 292)

ഇതിന്റെ വിശദീകരണം സ്വഹീഹ് ബുഖാരിയുടെ നിവേദനത്തിൽ ഇങ്ങനെ വിവരിക്കുന്നു:

ഹദ്റത്ത് ജാബിർ ബിൻ സംറയിൽനിന്ന് നിവേദനം. കൂഫക്കാർ(ഗവർണരായ) സഅ്ദിനെക്കുറിച്ച് ഉമർ(റ)ന്റെ അടുക്കൽ ആവലാതിപ്പെട്ടു. അന്നേരം ഹദ്റത്ത് ഉമർ(റ) അദ്ദേഹത്തെ ഉദ്യോഗത്തിൽനിന്ന് ഒഴിവാക്കി. എന്നിട്ട് അമ്മാർ(റ)നെ അവിടെ ഗവർണരാക്കി നിയമിച്ചു. സഅ്ദിനെക്കുറിച്ച് കൂഫക്കാർ ഉമറിന്റെ അടുക്കൽ പല ആവലാതികളും ബോധിപ്പിച്ചിരുന്നു. അദ്ദേഹം നല്ല നിലയ്ക്കു നമസ്കരിക്കുന്നില്ല എന്നായിരുന്നു ഒരു ആവലാതി. അപ്പോൾ ഹദ്റത്ത് ഉമർ(റ), സഅ്ദിനെ വിളിപ്പിച്ചു. എന്നിട്ട് അദ്ദേഹത്തോടു ഹദ്റത്ത് ഉമർ ചോദിച്ചു: സഅ്ദേ! നിങ്ങൾക്ക് നന്നായി നമസ്കരിക്കാൻ അറിയില്ലെന്ന് ഇക്കൂട്ടർ ഇതാ പറയുന്നു. സഅ്ദ്(റ) പറഞ്ഞു: അല്ലാഹു സത്യം! നബി(സ)തിരുമേനി നമസ്കരിച്ചിരുന്ന അതേ രൂപത്തിൽത്തന്നെയാണ് അവരുടെ മുമ്പിൽ ഇമാമായി നിന്നുകൊണ്ട് ഞാൻ നമസ്കരിക്കാറുള്ളത്. അതിൽ ഒരു കുറവും ഞാൻ വരുത്താറില്ല. ഞാൻ ഇശാ നമസ്കരിക്കുമ്പോൾ ആദ്യത്തെ രണ്ടു റക്അത്ത് കുറെ ദീർഘിപ്പിക്കും. അവസാനത്തെ രണ്ടു റക്അത്തുകൾ അല്പം ചുരുക്കുകയും ചെയ്യും. അന്നേരം ഖലീഫ ഉമർ(റ) പറഞ്ഞു: അബൂഇസ്ഹാഖേ! നിങ്ങളെ കുറിച്ച് ഞങ്ങൾക്കുള്ള പ്രതീക്ഷയും ഇതുതന്നെയാണ്. അനന്തരം ഹദ്റത്ത് ഉമർ(റ), സഅ്ദിനോടൊപ്പം ഒരാളെ അല്ലെങ്കിൽ ഒരു സംഘമാളുകളെ കൂഫയിലേക്ക് അയച്ചു. കൂഫക്കാരോടു സഅ്ദിനെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് ചെയ്യാനാണ് അയച്ചത്. ആ ചെന്നവർ ഒരൊറ്റ മസ്ജിദിലെങ്കിലും പോയി സഅ്ദിനെക്കുറിച്ച് അന്വേഷിക്കാതിരുന്നില്ല. അപ്പോഴെല്ലാം ആളുകൾ സഅ്ദിനെ ആദരിച്ചുകൊണ്ടും അഭിനന്ദിച്ചുകൊണ്ടുമാണ് ഈ അന്വേഷണസംഘത്തോടു മറുപടി പറഞ്ഞത്. ഒടുവിൽ ബനീഅബ്സിന്റെ ഒരു മസ്ജിദിൽ അവർ ചെന്നു. അപ്പോൾ അവരിൽ ഒരു മനുഷ്യൻ എഴുന്നേറ്റുനിന്നിട്ട്-അയാളുടെ പേര് ഉസാമ എന്നായിരുന്നു-പറഞ്ഞു: നിങ്ങൾ സഅ്ദിനെ കുറിച്ച് ഞങ്ങളോടു ചോദിച്ച സ്ഥിതിക്ക് ഞങ്ങൾക്ക് ചിലതെല്ലാം പറയാനുണ്ട്. സഅ്ദ് പട്ടാളത്തോടൊപ്പം പോകാറില്ല. യുദ്ധത്തിൽ ശത്രുക്കളിൽനിന്ന് കൈവരുന്ന സ്വത്ത് (ഗനീമത്ത്) സമമായി പങ്കിട്ടു തരുന്നില്ല. കേസുകളിൽ വിധി കല്പിക്കുമ്പോൾ നീതിപൂർവം വിധി കല്പിക്കുന്നില്ല. ഇതെല്ലാം കേട്ടപ്പോൾ സഅ്ദ്(റ) പറഞ്ഞു: ഇതാ ശ്രദ്ധിച്ചുകൊള്ളുവിൻ! അല്ലാഹുവാണ! ഞാനിതാ മൂന്നു പ്രാർഥന അല്ലാഹുവിന്റെ മുമ്പിൽ സമർപിച്ചുകൊള്ളുന്നു. അല്ലാഹുവേ! നിന്റെ ഈ ദാസൻ പേരിനും പെരുമയ്ക്കുംവേണ്ടി കള്ളം പറയാൻ എഴുന്നേറ്റു നിന്നതാണെങ്കിൽ നീ അയാൾക്കു ദീർഘായുസ്സ് നല്കുകയും അതോടൊപ്പംതന്നെ അയാളുടെ ദാരിദ്ര്യം നീട്ടിക്കൊണ്ടു പോകുകയും അയാളെ നിന്റെ പരീക്ഷണങ്ങൾക്ക് വിധേയനാക്കുകയും ചെയ്യേണമേ. (അവസാനം അങ്ങനെ തന്നെ സംഭവിച്ചു). അതിനുശേഷം അയാളുടെ സ്ഥിതിയെ കുറിച്ച് അയാളോടു വല്ലവരും ചോദിച്ചാൽ അയാൾ പറയാറുണ്ടായിരുന്നു, ഞാൻ ഇപ്പോൾ ഒരു വയോവൃദ്ധനാണ്. ദൈവികപരാക്ഷണങ്ങൾക്ക് വിധേയനായിരിക്കുകയാണ്. സഅ്ദിന്റെ പ്രാർഥനയാണ് എനിക്കു തട്ടിയത്. ജാബിർ(റ)ൽ നിന്നുദ്ധരിച്ചുകൊണ്ട് അബ്ദുൽമാലിക് പറയുന്നു: പിൽക്കാലത്ത് ആ മനുഷ്യനെ ഞാൻ കണ്ടു. അപ്പോൾ അമിതമായ വാർധക്യം കാരണം അയാളുടെ രണ്ടു കൺപുരികങ്ങളും കണ്ണിന്റെ മീതെ വീണു കിടക്കുന്നുണ്ട്. പെൺകുട്ടികൾ വഴിയിലൂടെ പോകുമ്പോൾ അയാൾ അവരുടെ നേരെ തിരിഞ്ഞിട്ട് ശല്യപ്പെടുത്തും. ബുഖാരിയിൽ ഈ എല്ലാ സംഭവങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്.

എന്തായാലും ആ പരാതിയിൽ സഅ്ദ്(റ)ന് വളരെ ദുഃഖമുണ്ടായി. അവിടന്ന് പറഞ്ഞു: അല്ലാഹുവിന്റെ മാർഗത്തിൽ ആദ്യമായി അമ്പെയ്ത്തു നടത്തിയവൻ ഞാനാണ്. നബി(സ)തിരുമേനിയുടെ കൂടെ ഞങ്ങൾ യുദ്ധത്തിനു പുറപ്പെടാറുണ്ട്. മരത്തിന്റെ ഇലകൾ മാത്രമാണ് ഭക്ഷണമായി ഞങ്ങൾക്കുണ്ടായിരുന്നത്. തൽഫലം ഞങ്ങൾ കാഷ്ഠിക്കുന്നത് ആടോ ഒട്ടകമോ കാഷ്ഠിക്കുന്നതിനു തുല്യമായിരുന്നു. അതിന് ഒട്ടിപ്പിടിക്കൽ ഉണ്ടായിരുന്നില്ല. ഇപ്പോൾ ബനൂ അസദ് ഇസ്‌ലാമിന്റെ പേരിൽ എന്നെ ആക്ഷേപിക്കുന്നുവെങ്കിൽ ഞാൻ പരാജയപ്പെടുകയും എന്റെ ത്യാഗം പാഴാകുകയും ചെയ്യും.

സഅ്ദ്(റ)ന് നമസ്കരിക്കാൻ അറയില്ലെന്ന് പറഞ്ഞ് അവർ ഉമറിനോടു ആവലാതിപ്പെട്ടിരുന്നു. ഇതും ബുഖാരിയിലുള്ളതാണ്.(സ്വഹീഹ് ബുഖാരി, കിതാബുൽഫളാഇൽ അസ്ഹാബുന്നബി(സ), ബാബു മനാഖിബി സഅ്ദ് ബിൻ അബീ വഖാസ്(റ) ഹദീഥ് 3728)(സുനനുത്തിർമുദി, അബ് വാബു സ്സുഹ്ദ്, ഹദീഥ് 2365-2366)

ഹിജ്‌രി 23 ന് ഹദ്റത്ത് ഉമർ(റ) ആക്രമിക്കപ്പെട്ടപ്പോൾ താങ്കൾ ഖിലാഫത്ത് പദവിയിൽ ആരെയെങ്കിലും നിശ്ചയിക്കണമെന്ന് ജനങ്ങൾ പറഞ്ഞു. അപ്പോൾ ഹദ്റത്ത് ഉമർ(റ) ഒരു ഖിലാഫത്ത് ബോർഡ് നിയമിച്ചു. അതിലെ അംഗങ്ങൾ ഹദ്റത്ത് ഉഥ്മാൻ, ഹദ്റത്ത് അലി, ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്, ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്(റ), ഹദ്റത്ത് സു

ബയ്ർ ബിൻ അവാം, ഹദ്റത്ത് ത്വൽഹ ബിൻ ഉബയ്ദുല്ലാഹ് എന്നിവരായിരുന്നു. ഹദ്റത്ത് ഉമർ പറഞ്ഞു: 'അവരിൽനിന്ന് ആരെയെങ്കിലും തിരഞ്ഞെടുക്കുക. കാരണം നബി(സ)തിരുമേനി അവരെ സ്വർഗ്ഗസ്ഥരെന്നു പറഞ്ഞിരിക്കുന്നു.' പിന്നീട് പറഞ്ഞു, 'ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്(റ)നാണ് ഖിലാഫത്ത് പദവി ലഭിക്കുന്നതെങ്കിൽ അദ്ദേഹം തന്നെ ഖലീഫയാകട്ടെ. മറിച്ച് നിങ്ങളിൽ മറ്റാരെങ്കിലും ഖലീഫയാകുകയാണെങ്കിൽ അദ്ദേഹം ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്(റ)ന്റെ സഹായം തേടിക്കൊണ്ടിരിക്കേണ്ടതാണ്.' എന്തുകൊണ്ടെന്നാൽ ഞാൻ അദ്ദേഹത്തെ ഏതെങ്കിലും ജോലി ചെയ്യാൻ പറ്റാത്ത ആളായതുകൊണ്ടല്ല ഒഴിവാക്കിയത്. എന്തെങ്കിലും വഞ്ചന കാണിച്ചതുകൊണ്ടുമല്ല. (സ്വഹീഹ് ബുഖാരി, കിതാബുൽഫളാഇൽ അസ്ഹാബുന്നബി(സ), ഹദീഥ് 3700)(സ്വഹീഹ് ബുഖാരി, കിതാബുൽജനാഇസ്, ഹദീഥ് 1392)

ഹദ്റത്ത് ഉഥ്മാൻ(റ) ഖലീഫയായപ്പോൾ അദ്ദേഹം ഹദ്റത്ത് സഅ്ദ്(റ)നെ വീണ്ടും കൂഫയിലെ ഗവർണരാക്കി. ആ സ്ഥാനം അദ്ദേഹം മൂന്നുവർഷംവരെ വഹിച്ചു. അതിനുശേഷം എന്തോ കാരണത്താൽ ഹദ്റത്ത് സഅ്ദിന് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദുമായി എന്തോ അഭിപ്രായഭിന്നതയുണ്ടായി. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ) അക്കാലത്ത് ബയത്തുൽമാലിന്റെ ഇൻചാർജായിരുന്നു. ഇക്കാരണത്താൽ ഹദ്റത്ത് ഉഥ്മാൻ(റ)അദ്ദേഹത്തെ (ഹദ്റത്ത് സഅ്ദ്(റ)നെ)ഒഴിവാക്കി. ഒഴിവാക്കപ്പെട്ടതിനുശേഷം ഹദ്റത്ത് സഅ്ദ്(റ)മദീനയിൽ ഏകാന്തവാസം സ്വീകരിച്ചു. ഹദ്റത്ത് ഉഥ്മാനെതിരിൽ കലാപം പൊട്ടിപ്പുറപ്പെട്ടപ്പോഴും അദ്ദേഹം ഏകാന്തവാസത്തിലായിരുന്നു.(സയ്റുസ്സ്വഹാബ വാള്യം 2, പേജ് 120)

ഒരു നിവേദനത്തിൽ വരുന്നു, കലാപകാലത്ത് ഒരിക്കൽ ഹദ്റത്ത് സഅ്ദ്(റ)ന്റെ മകൻ, ഹദ്റത്ത് സഅ്ദ്(റ)നോടു ചോദിച്ചു, അങ്ങയെ ജിഹാദിൽനിന്ന് തടഞ്ഞുനിറുത്തിയ കാര്യമെന്താണ്? ഹദ്റത്ത് സഅ്ദ്(റ) മറുപടി നല്കി: മുഅ്മിനേയും കാഫിറിനേയും തിരിച്ചറിയുന്ന വാള് എനിക്കുകൊണ്ടുവന്നു തരുന്നതു വരേയും ഞാൻ പോരാടുകയില്ല. ഇപ്പോൾ മുസ്‌ലിമീങ്ങൾ മുസ്‌ലിമീങ്ങളോടാണ് പോരാടുന്നത്. മറ്റൊരു നിവേദനത്തിൽ ഇങ്ങനേയുമുണ്ട്, ഹദ്റത്ത് സഅ്ദ്(റ)പറഞ്ഞു: 'ഇന്നയാൾ മുഅ്മിനാണെന്നും ഇന്നയാൾ കാഫിറാണെന്നും എന്നോടു പറയുന്ന കണ്ണുകളും ചെവികളും നാവുകളുമുള്ള വാൾ എനിക്കുകൊണ്ടു തരിക.'(അത്ത്വബഖാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ് ഭാഗം 3, പേജ് 106, സഅ്ദ് ബിൻ അബീ വഖാസ്(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് ലബ്നാൻ 1990)

ഇന്നുവരെ ഞാൻ അവിശ്വാസികൾക്കെതിരെ മാത്രമെ യുദ്ധം ചെയ്തിട്ടുള്ളു.

സുനനുത്തിർമുദിയിൽ ഒരു നിവേദനത്തിൽ വിവരിക്കുന്നു, ഹദ്റത്ത് സഅ്ദ്, ഹദ്റത്ത് ഉഥ്മാന്റെ കാലഘട്ടത്തിൽ പൊട്ടിപ്പുറപ്പെട്ട കലാപത്തെ കുറിച്ച് പറഞ്ഞു: ഞാൻ സാക്ഷ്യം വഹിക്കുന്നു, നബി(സ)തിരുമേനി പറഞ്ഞു: തീർച്ചയായും വരുംകാലങ്ങളിൽ ഒരു ഫിത്ന ഉണ്ടാകും. അതിൽ ഇരിക്കുന്നവൻ എഴുന്നേറ്റു നില്ക്കുന്നവനെക്കാൾ ഉത്തമനായിരിക്കും. എഴുന്നേറ്റു നില്ക്കുന്നവൻ നടക്കുന്നവനെക്കാൾ ഉത്തമനായിരിക്കും. നടക്കുന്നവൻ ഓടുന്നവനെക്കാൾ ഉത്തമനായിരിക്കും. അതായത് എല്ലാ അടിസ്ഥാനത്തിലും ഏതുവിധേനയും ആ ഫിത്നയിൽ പങ്കെടുക്കരുത്. അതിൽനിന്ന് രക്ഷപ്പെടാൻ ശ്രമിക്കണം. ഫിത്ന തന്റെ വീട്ടിൽ കടന്നാൽ താനെന്തു ചെയ്യണമെന്ന് ആരോ ചോദിച്ചു. അവിടന്ന് പറഞ്ഞു: നീ ആദമിന്റെ മകനെപ്പോലെയായിത്തീരണം.'(സുനനുത്തിർമുദി, അബ് വാബുൽ ഫിതൻ, ഹദീഥ് നമ്പർ 2194)

അതായത് വിശുദ്ധ ഖുർആനിൽ ഇബ്നുആദമിനെ കുറിച്ച് പറഞ്ഞിട്ടുള്ളതുപോലെ സ്വന്തം രക്ഷ നടത്തുക. പക്ഷേ, പരസ്പരം കൊല്ലണമെന്ന ഉദ്ദേശ്യത്തോടെ കലഹിക്കരുത്. ഈ സംഭവമാണ് വിശുദ്ധ ഖുർആനിൽ വിവരിക്കപ്പെട്ടിട്ടുള്ളത്. ഇതിൽനിന്ന് മനസ്സിലാകുന്നത് ഈ ഉദാഹരണമാണ് അദ്ദേഹം നല്കിയതെന്നാണ്.

ഹദ്റത്ത് ഉഥ്മാന്റെ(റ) ഖിലാഫത്തുകാലത്ത് കലാപം പൊട്ടിപ്പുറപ്പെട്ടപ്പോൾ അതിനെ അടിച്ചമർത്തുന്നതിനായുള്ള, സ്വഹാബാക്കളുടെ പ്രയത്നങ്ങളെക്കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിക്കുന്നു: 'സ്വഹാബാക്കൾക്ക് ഇപ്പോൾ ഹദ്റത്ത് ഉഥ്മാന്റെ(റ)അടുക്കൽ ഒരുമിച്ചു കൂടുവാനുള്ള അവസരം നൽകപ്പെട്ടിരുന്നില്ല. എന്നിട്ടും അവർ അവരുടെ കർത്തവ്യപാലനത്തിൽ അശ്രദ്ധ കാണിച്ചില്ല. ആ സമയത്തുള്ള സാഹചര്യത്തിനൊത്ത് അവർ തങ്ങളുടെ ജോലി രണ്ടു ഭാഗമായി തിരിച്ചിരിക്കുകയായിരുന്നു. പ്രായം ചെന്നവരും പെരുമാറ്റം കാരണം സമൂഹത്തിൽ സ്വാധീനമുള്ളവരുമായവരും തങ്ങളുടെ സമയങ്ങൾ ജനങ്ങൾക്ക് കാര്യങ്ങൾ ബോധ്യപ്പെടുത്തുന്നതിൽ ചെലവിഴിച്ചു. അങ്ങനെ സ്വാധീനമൊന്നുമില്ലാത്ത സാധാരണക്കാരും, യുവാക്കളും ആയവർ ഹദ്റത്ത് ഉഥ്മാൻ(റ)നെ സംരക്ഷിക്കുന്നതിനുള്ള ശ്രമങ്ങളിൽ മുഴുകിയിരുന്നു.' പിന്നീട് പറയുന്നു: 'പറഞ്ഞ കൂട്ടരിൽ ഹദ്റത്ത് അലി, ഫാതിഹ് ഫാരിസ് ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ് എന്നിവർ ഫിത്ന കുറയ്ക്കുന്നതിനുള്ള ശ്രമത്തിൽ കൂടുതൽ വ്യാപൃതരായിരുന്നു.'(ഇസ്‌ലാം മെ ഇഖ്തിലാഫാത്ത് കാ ആഗാസ്, അൻവാറുൽ ഉലൂം, വാള്യം 4, പേജ് 321)

ഹദ്റത്ത് ഉഥ്മാന്റെ(റ)ഖിലാഫത്തിനു ശേഷം ഹദ്റത്ത് അലിയുടെ ഖിലാഫത്ത് കാലത്തും ഹദ്റത്ത് സഅ്ദ് ഏകാന്തവാസത്തിലായിരുന്നു. ഒരു നിവേദനമനുസരിച്ച് ഹദ്റത്ത് അലിയുടെയും അമീർ മുആവിയായുടെയും ഇടയിൽ അഭിപ്രായഭിന്നത മൂർച്ഛിച്ചപ്പോൾ അമീർ മുആവിയ, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ, ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്, ഹദ്റത്ത് മുഹമ്മദ് ബിൻ മസ്‌ലമ എന്നീ മൂന്നു സ്വഹാബാക്കളെ സഹായത്തിനായി വിളിച്ചുകൊണ്ട് ഹദ്റത്ത് അലിക്കെതിരെ തന്നെ സഹായിക്കണമെന്ന് പറഞ്ഞ് കത്തെഴുതി. അതിനെ അവർ മൂന്നുപേരും നിഷേധിച്ചു. ഹദ്റത്ത് സഅ്ദ്(റ), ഈ പദ്യമെഴുതി അമീർ മുആവിയാക്ക് അയച്ചു കൊടുത്തു.

മുആവിയ ദാഉക്കദ്ദാഉൽഅയാള
വ ലയ്സ ലിമാ തജീഉ ബിഹീ ദവാഉ
അ യദ്ഊനീ അബൂ ഹസനിൻ അലിയ്യു
ഫലം അർദുദ് അലയ്ഹി മാ യശാഉ
വ ഖുൽത്തു ലഹൂ അഅ്ത്വിനീ സയ്ഫൻ ബസ്വീറൻ
തമീസു ബിഹിൽ അദാവത്തു വൽവലാഉ
അ തത്ത്മഉ ഫില്ലദീ അഅ്യാ അലിയ്യൻ
അലാ മാ ഖദ് ത്വമിഅ്ത്ത ബിഹിൽ അഫാഉ
ല യൗമുൻ മിൻഹു ഖയ്റുൻ മിൻക ഹയ്യൻ
വ മയിത്തൻ അൻത ലിൽ മർഇൽഫിദാഉ.

'അല്ലയോ മുആവിയാ! നിന്റെ രോഗം ഗുരുതരമാണ്. നിന്റെ രോഗത്തിന് ഒരു മരുന്നുമില്ല. അബൂ ഹസൻ അതായത് ഹദ്റത്ത് അലി എന്നോടു യുദ്ധം ചെയ്യാൻ പറഞ്ഞിരുന്നതായിപ്പോലും താങ്കൾ മനസ്സിലാക്കുന്നില്ലേ. എന്നാൽ, ഞാൻ അദ്ദേഹത്തിന്റെ വാക്ക് സ്വീകരിച്ചില്ല. ഞാൻ അദ്ദേഹത്തോടു പറഞ്ഞു: കാഴ്ചയുള്ള വാൾ എനിക്കുതരിക; ശത്രുവിനേയും മിത്രത്തേയും വേർതിരിച്ച് അത് എന്നോടു പറയട്ടെ. അല്ലയോ മുആവിയാ! ഹദ്റത്ത് അലി യുദ്ധം ചെയ്യാൻ പറഞ്ഞപ്പോൾ അതംഗീകരിക്കാത്ത ആൾ താങ്കൾ പറയുന്നത് അംഗീകരിക്കുമെന്ന് താങ്കൾ കരുതുന്നുണ്ടോ? വാസ്തവത്തിൽ ഹദ്റത്ത് അലിയുടെ ജീവിതത്തിലെ ഒരു ദിവസം നിന്റെ മുഴുവൻ ജീവിതത്തെക്കാളും മരണത്തെക്കാളും ഉത്തമമാണ്. അത്തരം വ്യക്തിക്കെതിരെ പോരാടാൻ താങ്കളെന്നെ ക്ഷണിക്കുന്നുവോ.' ഇത് ഉസുദുൽഗാബയിലെ നിവേദനമാണ്. അതിൽ സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്.(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ, ഭാഗം 2, പേജ് 455, സഅ്ദ് ബിൻ മാലിക്(റ), ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്,ലബ്നാൻ)

ഒരു നിവേദനത്തിൽ വരുന്നു: ഒരിക്കൽ അമീർ മുആവിയ ഹദ്റത്ത് സഅ്ദിനോട് ചോദിച്ചു: അബൂതുറാബിനെ,(ഇത് ഹദ്റത്ത് അലിയുടെ സംജ്ഞാനാമമായിരുന്നു) ഹദ്റത്ത് അലിയെ ചീത്ത പറയുന്നതിൽനിന്ന് താങ്കളെ തടഞ്ഞതെന്താണ്? അദ്ദേഹത്തെ താങ്കൾ ചീത്ത പറയുമായിരുന്നില്ലല്ലോ? ഹദ്റത്ത് സഅ്ദ്(റ) പറഞ്ഞു: നബി(സ)തിരുമേനി അദ്ദേഹത്തെക്കുറിച്ചു മൂന്നു കാര്യങ്ങൾ പറഞ്ഞിരുന്നു. അതിൽ ഒരു കാര്യമെങ്കിലും എന്നിലുണ്ടായിരുന്നുവെങ്കിൽ ചെമന്ന ഒട്ടകത്തേക്കാളും എനിക്കത് പ്രിയങ്കരമാകുമായിരുന്നു. ഈ മൂന്നു കാര്യങ്ങൾ കാരണത്താൽ ഞാനൊരിക്കലും അദ്ദേഹത്തെ അതായത് ഹദ്റത്ത് അലിയെ ചീത്ത പറയുകയില്ല. ഒന്ന് ഇതാണ്, ഒരിക്കൽ നബി(സ)തിരുമേനി ഹദ്റത്ത് അലി(റ)യെ ഒരു യുദ്ധത്തിൽ തന്റെ പിന്നിൽ ഉപേക്ഷിച്ചു. അപ്പോൾ ഹദ്റത്ത് അലി(റ), നബി(സ)തിരുമേനിയോടു ചോദിച്ചു: 'താങ്കളെന്നെ സ്ത്രീകളുടെയും കുട്ടികളുടെയും കൂട്ടത്തിൽ ഉപേക്ഷിച്ചു പോകുകയാണോ?' അപ്പോൾ നബി(സ)തിരുമേനി മറുപടി പറഞ്ഞു: 'നിനക്ക് ഞാനുമായുള്ള ബന്ധം ഹാറൂന് മൂസായോടുണ്ടായിരുന്ന ബന്ധം പോലെയാണെന്നതിൽ നീ സന്തോഷിക്കുന്നില്ലേ? എനിക്കു ശേഷം നിനക്ക് നുബുവ്വത്ത് പദവി ലഭിക്കുന്നതല്ലെന്ന വ്യത്യാസം മാത്രമേയുള്ളു.' രണ്ടാമത്തെ കാര്യം, 'നബി(സ)തിരുമേനി ഖയ്ബർ യുദ്ധവേളയിൽ ഇപ്രകാരം പറയുകയുണ്ടായി, 'അല്ലാഹുവിനോടും അവന്റെ റസൂലിനോടും സ്നേഹമുള്ളതുപോലെ, തിരിച്ച് അല്ലാഹുവിനും അവന്റെ റസൂ

## അല്ലാഹുവിന്റെ വചനം

***"നിങ്ങൾക്ക് കാണുവാൻ കഴിയുന്ന തൂണുകൾ കൂടാതെ ആകാശങ്ങളെ ഉയർത്തിവച്ചിരിക്കുന്നവനാണ് അല്ലാഹു. പിന്നീട് അവൻ സ്വയം സിംഹാസനത്തിന്മേൽ ആസനസ്ഥനായി. സൂര്യനേയും ചന്ദ്രനേയും അവൻ അധീനമാക്കി. എല്ലാം ഒരു നിശ്ചിത കാലയളവനുസരിച്ച് ചരിച്ചുകൊണ്ടിരിക്കുന്നു." (13:03)***

ത്വാലിബെ ദുആ:
Rahman Shakeer & Family,Ahmadiyya Jama-ath Karulai, Kerala

## അല്ലാഹുവിന്റെ വചനം

***"ആകാശങ്ങളേയും ഭൂമിയേയും ന്യായമായ ലക്ഷ്യങ്ങളെ മുൻനിറുത്തി സൃഷ്ടിച്ചവനത്രെ അവൻ. 'ഉണ്ടാവുക' എന്ന് അവൻ പറയുന്ന നാളിൽ അതുണ്ടാകാൻ തുടങ്ങുന്നു. അവന്റെ വാക്ക് സാക്ഷാൽ സത്യമാകുന്നു. കാഹളത്തിൽ ഊതപ്പെടുന്ന നാളിൽ ആധിപത്യം അവനുതന്നെയായിരിക്കും. പരോക്ഷവും പ്രത്യക്ഷവുമായത് അറിയുന്നവനത്രെ അവൻ."(6:74)***

ത്വാലിബെ ദുആ:
P.P.Raheem & Family, Ahmadiyya Jama-ath Payangadi, Kerala

ലിനും സ്നേഹമുള്ള ഒരു വ്യക്തിക്കാണ് ഞാൻ ഇന്ന് ഇസ്‌ലാമിന്റെ പതാക നല്കുക.' അതു കേട്ടപ്പോൾ ഞങ്ങളിലോരോരുത്തർക്കും തങ്ങൾക്ക് പതാക കിട്ടിയിരുന്നെങ്കിലെന്ന ആഗ്രഹമുണ്ടായി; ഞങ്ങളും അല്ലാഹുവിനേയും റസൂലിനേയും സ്നേഹിക്കുന്നവരാണല്ലോ! നബി(സ) തിരുമേനി പറഞ്ഞു, അലിയെ വിളിപ്പിക്കുക. ഞങ്ങൾക്കാർക്കും പതാക നല്കിയില്ല. മറിച്ച് അലിയെ വിളിപ്പിക്കാൻ പറഞ്ഞു. ഹദ്റത്ത് അലി(റ) വന്നു. അദ്ദേഹത്തിന് കണ്ണിനു ബുദ്ധിമുട്ടുണ്ടായിരുന്നു. നബി(സ)തിരുമേനി തന്റെ ഉമിനീർ ഹദ്റത്ത് അലിയുടെ കണ്ണിലിടുകയും അദ്ദേഹത്തിന് ഇസ്‌ലാമിക പതാക നല്കുകയും ചെയ്തു. ആ ദിവസം തന്നെ അല്ലാഹു മുസ്‌ലിമീങ്ങൾക്ക് വിജയവും നൽകുകയുണ്ടായി.' മൂന്നാമത്തെ കാര്യമായി അദ്ദേഹം പറഞ്ഞത്, *ഫഖുൽ തആലൗ നദ്ഉ അബ്നാഅനാ വ അബ്നാഅക്കും വ നിസാഅനാ വ നിസാഉക്കും* (3:62) അതായത് നീ പറയുക, 'വരൂ, ഞങ്ങൾ ഞങ്ങളുടെ സന്താനങ്ങളെ വിളിക്കാം, നിങ്ങൾ നിങ്ങളുടെ സന്താനങ്ങളെയും വിളിക്കുക. ഞങ്ങൾ ഞങ്ങളുടെ സ്ത്രീകളെ വിളിക്കാം, നിങ്ങൾ നിങ്ങളുടെ സ്ത്രീകളെയും വിളിക്കുക' എന്ന ആയത്ത് ഇറങ്ങിയപ്പോൾ നബി(സ)തിരുമേനി ഹദ്റത്ത് അലി(റ)യെ യും ഹദ്റത്ത് ഫാതിമ(റ)യെയും ഹദ്റത്ത് ഹസൻ(റ)നെയും ഹദ്റത്ത് ഹുസയ്ൻ(റ)നെയും വിളിച്ചു. എന്നിട്ടു പറഞ്ഞു അല്ലാഹുവേ, ഇതാണെന്റെ കുടുംബം.' ഇത് തിർമുദിയിലെ ഹദീഥാണ്.(സുനനുത്തിർമുദി, അബ്‌വാബുൽമനാഖിബ്, ഹദീഥ് 3724)

ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്(റ)ന്റെ മകൻ മിസ്അബ് ബിൻ സഅ്ദ് വിവരിക്കുന്നു: എന്റെ പിതാവ് മരണാസന്നനായപ്പോൾ അദ്ദേഹത്തിന്റെ ശിരസ്സ് എന്റെ മടിയിലായിരുന്നു. എന്റെ കണ്ണു കൾ നിറഞ്ഞു. അദ്ദേഹം എന്നെ നോക്കി, എന്നോട് പറഞ്ഞു: 'എന്റെ പ്രിയപ്പെട്ട മകനേ, നിന്നെ എന്തുകാര്യമാണ് കരയിക്കുന്നത്?' ഞാൻ പറഞ്ഞു: 'താങ്കളുടെ മരണത്തിലുള്ള ദുഃഖവും പിന്നെ താങ്കൾക്കു ശേഷം താങ്കൾക്കു പകരക്കാരനായി ആരുമില്ല എന്ന ദുഃഖവും കാരണം.' അപ്പോൾ സഅ്ദ്(റ) പറഞ്ഞു: 'എന്നെയോർത്ത് കരയരുത്. അല്ലാഹു എനിക്കൊരിക്കലും ശിക്ഷ നൽകുകയില്ല. ഞാൻ സ്വർഗവാസികളിൽപ്പെട്ടവനാകുന്നു.' ചിലയാളുകൾ ഇന്നയാൾ ഇന്ന പരിപാടിയിൽ സ്വർഗവാസികളിൽ എങ്ങനെ പെട്ടുവെന്ന് ചോദിച്ച് ആക്ഷേപം ഉന്നയിക്കാറുണ്ട്. ഇവിടെ സഅ്ദും താൻ സ്വർഗവാസികളിൽപ്പെട്ടവനാണെന്ന് പറയുന്നു. പിന്നീട് പറഞ്ഞു: 'അല്ലാഹു മുഅ്മിനീങ്ങൾക്ക് അവർ അല്ലാഹുവിനുവേണ്ടി ചെയ്ത സൽക്കർമങ്ങൾക്ക് പ്രതിഫലം നല്കുന്നു. സത്യനിഷേധികളെ സംബന്ധിച്ചിടത്തോളം അല്ലാഹു അവരുടെ നല്ല പ്രവൃത്തികൾ കാരണത്താൽ അവരുടെ ശിക്ഷകൾ ലഘൂകരിച്ചുകൊടുക്കുന്നു. പിന്നീട് അവരുടെ നല്ല പ്രവൃത്തികൾ തീർന്നുപോയാൽ വീണ്ടും ശിക്ഷ നല്കുന്നു. ഓരോ മനുഷ്യനും തന്റെ കർമങ്ങളുടെ പ്രതിഫലം അവനോടു ചോദിക്കേണ്ടതാണ്.ആർക്കുവേണ്ടിയാണോ അവൻ കർമം ചെയ്തത് അവനോടു.'(അത്ത്വബഖാത്തുൽകുബ്റാ ഭാഗം 3, പേജ് 108–109, സഅ്ദ് ബിൻ അബീ വഖാസ്(റ), ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്, ലബ്നാൻ 1990).

ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്(റ)ന്റെ മകൻ നിവേദനം: ഞാൻ എന്റെ പിതാവിനോടു ചോദിച്ചു. മറ്റുള്ളവരോടു പെരുമാറാത്ത രീതിയിൽ താങ്കൾ അൻസ്വാറിന്റെ സംഘത്തോടു പെരുമാറുന്നതായി ഞാൻ കാണുന്നു. അദ്ദേഹവും തന്റെ മകനോടു ചോദിച്ചു: എന്റെ മകനേ! നിന്റെ മനസ്സിൽ അവരുടെ ഭാഗത്തുനിന്ന് വല്ലതുമുണ്ടോ? അദ്ദേഹം പറഞ്ഞു: ഞാൻ അൻസ്വാറിനോടു ഇങ്ങനെ പെരുമാറുന്നതു കൊണ്ട് നിന്റെ മനസ്സിൽ എന്തെങ്കിലും കാര്യമുണ്ടോ? ഞാൻ മറുപടി പറഞ്ഞു: ഇല്ല. പക്ഷേ, താങ്കളുടെ ഇക്കാര്യത്തിൽ എനിക്ക് അത്ഭുതം തോന്നുന്നു. ഹദ്റത്ത് സഅ്ദ്(റ) മറുപടി പറഞ്ഞു: മുഅ്മിൻ തന്നെയാണ് അവരെ സ്നേഹിക്കുന്നതെന്നും കപടവിശ്വാസിയാണ് അവരെ വെറുക്കുന്നതെന്നും ഞാൻ അല്ലാഹുവിന്റെ റസൂലിൽനിന്ന് കേട്ടിരിക്കുന്നു. അതിനാലാണ് ഞാൻ അവരുമായി ബന്ധം പുലർത്തുന്നത്. (ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ, ഭാഗം 2, പേജ് 456, സഅ്ദ് ബിൻ മാലിക്(റ), ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്,ലബ്നാൻ).

ജരീരിൽനിന്ന് നിവേദനം. അദ്ദേഹം ഒരിക്കൽ ഹദ്റത്ത് ഉമറിന്റെ അടുത്തുടെ പോയി. ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്(റ)നെ കുറിച്ച് ചോദിച്ചപ്പോൾ അദ്ദേഹം മറുപടി പറഞ്ഞു: തന്റെ ഭരണത്തിൽ എല്ലാ ആധിപത്യവും ഉണ്ടായിട്ടും ഏറ്റവും മാന്യനായ മനുഷ്യൻ എന്ന അവസ്ഥയിലാണ് ഞാൻ അദ്ദേഹത്തെ വിട്ടത്. ശാസിക്കൽ ഏറ്റവും കുറവാണ്. അദ്ദേഹം ആ ആളുകൾക്ക് വാത്സല്യനിധിയായ മാതാവിനെപ്പോലെയാണ്. അദ്ദേഹം അവർക്കുവേണ്ടി ഉറുമ്പിനെപ്പോലെ ശേഖരിക്കുന്നു. യുദ്ധനേരത്ത് ജനങ്ങളിൽ ഏറ്റവുമധികം ധീരനാണ്. ഖുറയ്ശികളിൽനിന്നുള്ള ആളുകളുടെ ഏറ്റവുമധികം പ്രിയപ്പെട്ടവനാണ്.(അൽ ഇസ്വാബ ഫീ തമീസിസ്സ്വഹാബ വാള്യം 3, പേജ് 64, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് ലബ്നാൻ 1995)

ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്(റ) ഹിജ്റ 55 ൽ വഫാത്തായി. മരണസമയത്ത് അദ്ദേഹത്തിന് എഴുപതിലധികം വസ്സുണ്ടായിരുന്നു. ചിലരുടെ പക്കൽ അദ്ദേഹത്തിന്റെ പ്രായം 74 വയസ്സായിരുന്നു. ചിലർ പറയുന്നത് 83 വയസ്സായിരുന്നുവെന്നാണ്.(അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ് ഭാഗം 3, പേജ് 110, സഅ്ദ് ബിൻ അബീ വഖാസ്(റ), ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്, ലബ്നാൻ 1990)(അൽഇസ്തീആബ് ഫീ മഅ്രിഫത്തിൽ അസ്ഹാബ്, ഭാഗം 2, പേജ് 610, ദാറുൽജീൽ ബെയ്റുത്ത്).

ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്(റ)ന്റെ വഫാത്ത് വർഷത്തെ സംബന്ധിച്ച് അഭിപ്രായ വ്യത്യാസമുണ്ട്. വിവിധ നിവേദനങ്ങളിൽ അദ്ദേഹത്തിന്റെ വഫാത്ത് വർഷം ഹിജ്റ 51 മുതൽ ഹിജ്റ 58 വരെ ലഭിക്കുന്നുണ്ട്. പക്ഷേ, ഭൂരിഭാഗവും അദ്ദേഹത്തിന്റെ വഫാത്ത് വർഷം ഹിജ്റ 55 ആണ് വിവരിച്ചിട്ടുള്ളത്.(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ, ഭാഗം 2, പേജ് 456, സഅ്ദ് ബിൻ മാലിക്(റ), ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്,ലബ്നാൻ).

ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്(റ) വഫാത്തിന്റെ നേരത്ത് രണ്ടരലക്ഷം ദിർഹം മരണാനന്തര സ്വത്തായി വിട്ടിരുന്നു.(അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ് ഭാഗം 3, പേജ് 110, സഅ്ദ് ബിൻ അബീ വഖാസ്(റ), ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്, ലബ്നാൻ 1990)

ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്(റ) അഖീഖ് എന്ന സ്ഥലത്താണ് വഫാത്തായത്. അത് മദീനയിൽനിന്ന് 7 മൈൽ ദൂരത്തായിരുന്നു. അല്ലെങ്കിൽ 10 മൈൽ ദൂരത്തായിരുന്നു. അവിടെനിന്ന് ആളുകൾ അദ്ദേഹത്തിന്റെ മയ്യിത്ത് തോളിലേറ്റി മദീനയിൽ കൊണ്ടുവന്നുവെന്നും മസ്ജിദ് നബ്‌വിയിൽ ജനാസ നമസ്കരിച്ചുവെന്നും ചിലർ പറയുന്നു. ഹദ്റത്ത് മർവാൻ ബിൻ ഹകമാണ് അദ്ദേഹത്തിന്റെ ജനാസ നമസ്കരിപ്പിച്ചത്. അദ്ദേഹം ആ കാലത്ത് മദീനയുടെ ഭരണാധികാരിയായിരുന്നു. പ്രവാചക പത്നിമാരും അദ്ദേഹത്തിന്റെ ജനാസയിൽ പങ്കെടുത്തു. ജന്നത്തുൽ ബഖീയിൽ അദ്ദേഹത്തെ ഖബ്റടക്കം ചെയ്തു.(ഉസുദുൽ ഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ, ഭാഗം 2, പേജ് 456, സഅ്ദ് ബിൻ മാലിക്, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്, ലബ്നാൻ)(അത്ത്വബഖാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ് ഭാഗം 3, പേജ് 110, സഅ്ദ് ബിൻ അബീ വഖാസ്(റ), ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്, ലബ്നാൻ 1990)(അൽഇസ്തീആബ് ഫീ മഅ്രിഫത്തിൽ അസ്ഹാബ്, ഭാഗം 2, പേജ് 610, ദാറുൽജീൽ ബെയ്റുത്ത്)

ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്(റ)ന്റേ ജനാസയെ കുറിച്ച് നിവേദനം കിട്ടുന്നുണ്ട്. ഹദറത്ത് അബ്ദുല്ലാഹ് ബിൻ സുബയ്ർ, ഹദ്റത്ത് ആഇശായിൽനിന്ന് നിവേദനം. ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്(റ)ന്റെ മരണം നടന്നപ്പോൾ നബി(സ)തിരുമേനിയുടെ പരിശുദ്ധ പത്നിമാർ, ജനാസയുമായി മസ്ജിദിൽ വരാൻ പറഞ്ഞുകൊണ്ട് ആളെ അയച്ചു; അവർക്കും ജനാസയിൽ പങ്കെടുക്കുന്നതിനുവേണ്ടി. അങ്ങനെ അവർ ചെയ്തു. ജനാസ അവരുടെ മുറികളുടെ മുമ്പിൽ വെച്ചു. അവർ ജനാസ നമസ്കരിച്ചു. പിന്നീട് അദ്ദേഹത്തെ ബാബുൽജനാഇസു വഴി വെളിയിലേക്ക് കൊണ്ടുപോയി. അത് ഇരിക്കുന്ന സ്ഥലത്തിന് അടുത്തായിരുന്നു. ആളുകൾ ഇക്കാര്യത്തിൽ വിമർശിക്കുന്നുണ്ടെന്ന് പ്രവാചകപത്നിമാർ അറിഞ്ഞു. ജനാസ മസ്ജിദിൽ പ്രവേശിപ്പിക്കാറില്ലെന്ന് പറഞ്ഞു. ഹദ്റത്ത് ആഇശ(റ) ഇക്കാര്യം അറിഞ്ഞപ്പോൾ പറഞ്ഞു: ആളുകൾ എത്രവേഗമാണ് ഇത്തരം കാര്യങ്ങളിൽ ആക്ഷേപം ഉന്നയിക്കുന്നത്. അതിനെ കുറിച്ച് അവർക്ക് അറിയുകയില്ല. ജനാസ മസ്ജിദിനകത്തു കൂടെ കൊണ്ടുപോയി എന്നതിൽ ചിലർ നമ്മുടെമേൽ ആക്ഷേപം ഉന്നയിച്ചിരിക്കുന്നു. അതായത് ഹദ്റത്ത് ആഇശ പറഞ്ഞു, ആളുകൾ നമ്മുടെമേൽ ജനാസ മസ്ജിദിലൂടെ കൊണ്ടുപോയെന്ന് പറഞ്ഞ് ആക്ഷേപം ഉന്നയിച്ചിരിക്കുന്നു. വാസ്തവത്തിൽ നബി(സ)തിരുമേനി സുഹയ്ൽ ബിൻ ബയ്ളായിന്റെ ജനാസ നമസ്കരിപ്പിച്ചത് മസ്ജിദിനുള്ളിൽ വെച്ചായിരുന്നു. ഇത് മുസ്‌ലിമിന്റെ നിവേദനമാണ്.(സ്വഹീഹ് മുസ്‌ലിം, കിതാബുൽ ജനാഇസ്, ഹദീഥ് 966)

ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്വാണ് ഹിജ്റത്ത് ചെയ്തുവന്ന പുരുഷന്മാരിൽ അവസാനം വഫാത്തായത്. ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്(റ)ന്റെ വഫാത്തിന്റെ നേരത്ത് ഒരു രോമംകൊണ്ടുള്ള ഒരു ജുബ്ബ പുറത്തെടുത്തു. ഇതുകൊണ്ട് തന്നെ കഫൻ പൊതിയണമെന്ന് വസിയ്യത്തു ചെയ്തു. കാരണം ഞാൻ ഈ ജുബ്ബ ധരിച്ചുകൊണ്ടാണ് ബദ്ർ യുദ്ധത്തിൽ പങ്കെടുത്തത്. ഞാനത് ഈ നേരത്തിനുവേണ്ടി സൂക്ഷിച്ചുവെച്ചിരിക്കുകയായിരുന്നു.(ഉസുദുൽ ഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ, ഭാഗം 2, പേജ് 456, സഅ്ദ് ബിൻ മാലിക്, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്, ലബ്നാൻ)

ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്(റ), സീറത്തു ഖാത്തമുന്നബിയ്യീനിൽ എഴുതുന്നു:'ഹദ്റത്ത് ഉമറിന്റെ കാലഘട്ടത്തിലും സ്വഹാബാക്കൾക്ക് സ്റ്റൈഫന്റ് നിശ്ചയിച്ചപ്പോൾ ബദ്രീ സ്വഹാബത്തിന്റെ സ്റ്റൈഫന്റ് മെച്ചപ്പെട്ട നിലയിൽ പ്രത്യേകം നിശ്ചയിക്കപ്പെട്ടിരുന്നു. ബദ്രീ സ്വഹാബത്ത് തന്നെയും ബദ്ർ യുദ്ധത്തിൽ പങ്കെടുത്തത് പ്രത്യേക അഭിമാനമായി കണ്ടിരുന്നു. പ്രസിദ്ധനായ എഴുത്തുകാരൻ വില്യം മ്യൂർ എഴുതുന്നു: 'ബദ്രീ സ്വഹാബത്ത് ഇസ്‌ലാമിക സൊസൈറ്റിയുടെ ഉന്നതാംഗങ്ങളായി മനസ്സിലാക്കപ്പെട്ടിരുന്നു. സഅ്ദ് ബിൻ അബീ വഖാസ്(റ) 80-ാം വയസ്സിൽ മരിക്കുന്ന നേരത്ത് പറഞ്ഞു, ഞാൻ ബദ്ർ ദിവസം അണിഞ്ഞിരുന്ന ആ കുപ്പായം എനിക്കെടുത്തുകൊണ്ട്

വന്നു തരിക. അത് ഞാൻ ഇന്നത്തെ ദിവസത്തിനുവേണ്ടി സൂക്ഷിച്ചു വെച്ചിട്ടുള്ളതാണ്. ബദ്റിൽ തികച്ചും യുവാവായിരുന്ന അതേ സഅ്ദ് തന്നെയാണിത്. അദ്ദേഹത്തിന്റെ കൈയാൽ പിന്നീട് ഇറാൻ വിജയിച്ചു. അദ്ദേഹം കൂഫയുടെ സ്ഥാപകനും ഇറാഖിലെ ഗവർണറുമായി. എന്നാൽ, അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ ഈ എല്ലാ ആദരവുകളും അഭിമാനവും ബദ്ർ യുദ്ധത്തിൽ പങ്കെടുത്തതിന്റെ ആദരവിനും അഭിമാനത്തിനുമെതിരിൽ ഒന്നുമല്ല. ബദ്ർ യുദ്ധ ദിവസം അണിഞ്ഞ വസ്ത്രം, അദ്ദേഹം തനിക്കുള്ള എല്ലാ വസ്ത്രത്തെക്കാളുമുപരി വിലപിടിച്ചതായി മനസ്സിലാക്കിയിരുന്നു. അതേ വസത്രത്തിൽപൊതിഞ്ഞ് അദ്ദേഹത്തെ ഖബ്റിൽ ഇറക്കണമെന്നതായിരുന്നു അദ്ദേഹത്തിന്റെ അവസാന ആഗ്രഹം.'(സീറത്തു ഖാത്തമുന്നബിയ്യീൻ പേജ് 373)

അദ്ദേഹം 'ഖസ്റെ സഅ്ദ്' നിർമിച്ചുവെന്ന് ആദ്യം നിവേദനം വന്നു കഴിഞ്ഞതാണ്. അത് പൂർത്തിയായപ്പോൾ ആരുടെയെങ്കിലും മനസ്സിൽ എന്തെങ്കിലും വിചാരമുണ്ടായിട്ടുണ്ടെങ്കിൽ, ചോദ്യം ഉണ്ടായിട്ടുണ്ടെങ്കിൽ അതിനുള്ള മറുപടി ഇതാണ്, അദ്ദേഹം അവസാനം ഏകാന്തവാസം സ്വീകരിച്ചു. പിന്നീട് അദ്ദേഹം ഇഷ്ടപ്പെട്ട വസ്ത്രം ബദ്റിൽ അണിഞ്ഞ വസ്ത്രമായിരുന്നു. അതിനുമുമ്പേയും അദ്ദേഹത്തിന്റെ ഏകാന്തവാസത്തിന്റെ അവസ്ഥ ഉണ്ടായിരുന്നു. അതുതന്നെയാണ് അദ്ദേഹത്തിന്റെ വിനയത്തിന്റേയും ലാളിത്യത്തിന്റേയും തെളിവും.

ഹദ്റത്ത് സഅ്ദ് വിവരിക്കുന്നു: ഞാൻ ബദ്ർ യുദ്ധത്തിൽ പങ്കെടുത്തപ്പോൾ എനിക്ക് അന്ന് ഒരു മകളേ ഉണ്ടായിരുന്നുള്ളൂ. മറ്റു നിവേദനങ്ങളിൽനിന്ന് മനസ്സിലാകുന്നു, ഹജ്ജത്തുൽവദായിന്റെ അവസരത്തിലും അദ്ദേഹത്തിന് ഒരേയൊരു മകളാണുണ്ടായിരുന്നത്. പിന്നീട് അല്ലാഹു എത്രമാത്രം അനുഗ്രഹിച്ചുവെന്നാൽ എന്റെ മക്കൾ ഒരുപാടായി. ഹദ്റത്ത് സഅ്ദ്(റ) വിവിധ സന്ദർഭങ്ങളിൽ ഒൻപത് വിവാഹങ്ങൾ കഴിച്ചിരുന്നു. അതിൽ അല്ലാഹു അദ്ദേഹത്തിന് 34 മക്കളെ നൽകുകയുണ്ടായി. അതിൽ 17 ആൺ മക്കളും 17 പെൺമക്കളുമായിരുന്നു.(രോഷൻ സിത്താരെ, വാള്യം 2, പേജ് 98-99)(അൽഇസാബ, വാള്യം 5, പേജ് 219, ഉമർ ബിൻ സഅ്ദ് ബിൻ അബീ വഖാസ്(റ), പ്രസാധകർ ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റുത്ത് 1995)

സഅ്ദ് ബിൻ അബീ വഖാസ്(റ)ന്റെ ഈ വിവരണം ഇവിടെ അവസാനിക്കുന്നു. അടുത്തത് ഇൻശാഅല്ലാഹ് മറ്റൊരു സ്വഹാബിയുടെ വിവരണമായിരിക്കും.

ഇന്നു ഞാൻ നമസ്കാരത്തിനുശേഷം ചില ജനാസഗാഇബും നമസ്കരിപ്പിക്കുന്നതാണ്. ആദ്യത്തെ ജനാസ സ്വഫ്ദർ അലി ഗുജ്ജർ സാഹിബിന്റേതാണ്. അദ്ദേഹം മസ്ജിദ് ഫള്ലിൽ സന്നദ്ധസേവനമെന്ന നിലയിൽ ളിയാഫത്ത് വകുപ്പിൽ സേവനം ചെയ്തുവരികയായിരുന്നു. ജൂലായ് 25ന് ഹൃദയാഘാതത്തെതുടർന്ന് വഫാത്തായി. കുറച്ചു ദിവസം ആശുപത്രിയിൽ ചികിത്സയിലായിരുന്നു. 79 വയസ്സായിരുന്നു. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* ദൈവകൃപയാൽ മൂസിയായിരുന്നു. അദ്ദേഹത്തിന് 30 വർഷംവരെ യു.കെ.യിലെ ളിയാഫത്ത് വകുപ്പിൽ വാളണ്ടിയർ എന്ന നിലയിൽ സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. അവസാനശ്വാസംവരെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികൾക്കും ഉദ്യോഗസ്ഥർക്കും ജമാഅത്തംഗങ്ങൾക്കും അതുല്യമായ സേവനവും ആതിഥ്യവും നല്കാൻ സൗഭാഗ്യം ലഭിച്ചു. ഇതിനുപുറമെ പരേതൻ ദീർഘകാലം വരെ 'അൽഫള്ൽ ഇന്റർനാഷണൽ' 'അഖ്ബാറെ അഹ്മദിയ്യാ' എന്നീ പത്രങ്ങളുടെ പാക്കിംഗ് പോസ്റ്റിംഗ് വകുപ്പിലും സേവനം ചെയ്തിരുന്നു. ദീർഘകാലം അദ്ദേഹത്തിന്റെ അസൈലം കേസ് നടന്നുകൊണ്ടിരുന്നു. ദീർഘകാലത്തിനുശേഷം അദ്ദേഹത്തിന്റെ അഭയത്തിനുവേണ്ടിയുള്ള കേസ് പാസായി. അദ്ദേഹത്തിന്റെ കുടുംബത്തിന് യു.കെ വരാനുള്ള സാഹചര്യമൊരുങ്ങിയപ്പോൾ അല്ലാഹുവിനെ ഒരുപാട് ശുക്ർ ചെയ്യുമായിരുന്നു. ദീർഘകാലം തനിച്ചുകഴിയേണ്ടിവന്നതിൽ ഒരു പരാതിയുമുണ്ടായിരുന്നില്ല. പരേതൻ ഖിലാഫത്തിന്റെ അനുരക്തനായിരുന്നു. എപ്പോഴും ആ വാതിക്കൽ തൃപ്തിയോടെ കഴിഞ്ഞു. എന്നല്ല എങ്ങനെയുള്ള അനുസരണമായിരുന്നുവെന്നാൽ മറ്റുള്ളവർക്ക് അദ്ദേഹം മാതൃകയായിരുന്നുവെന്ന് ഞാൻ പറയും. ജമാഅത്തംഗങ്ങളോടും രക്തബന്ധുക്കളോടും സ്നേഹത്തോടും ആദരവോടും കൂടിയുള്ള ബന്ധവും പുലർത്തിപ്പോന്നിരുന്നു. അങ്ങേയറ്റം ദുആ ചെയ്യുന്നയാളും നമസ്കാരങ്ങൾ കൃത്യമായി അനുഷ്ഠിക്കുന്നയാളും സേവകനും എല്ലാവർക്കും പ്രിയങ്കരനും സൗശീലത്തിന്റെ ഉടമയുമായിരുന്നു. പഞ്ചാബീ കവിയുമായിരുന്നു. തന്റെ സ്വരമാധുര്യംകൊണ്ട് ജമാഅത്തംഗങ്ങളുടെ ഇടയിൽ സമ്മതനായിരുന്നു. ജൽസസാലാനയിൽ പൊതുജനമധ്യത്തിൽ കവിത ചൊല്ലുന്ന കാരണത്താൽ പരേതനെ ആളുകൾ വളരെ ഇഷ്ടപ്പെട്ടിരുന്നു. പരേതന്റെ ബന്ധം ലാഹോറിലെ പ്രശസ്തമായ ജമാഅത്ത് 'ഹാണ്ടോഗുജ്ജറു'മായിട്ടായിരുന്നു. സന്തപ്ത കുടുംബത്തിൽ ഭാര്യയ്ക്കു പുറമെ നാലു പുത്രന്മാരും രണ്ടു പുത്രിമാരുമുണ്ട്.

അത്വാഉൽമുജീബ് റാശിദ് സാഹിബ് എഴുതുന്നു: 'സ്വഫ്ദർ അലി സാഹിബ് വളരെ നിഷ്കളങ്ക സ്വഭാവിയായിരുന്നു. ആത്മാർഥനും ജമാഅത്തിന് അനുപമമായ സേവനം ചെയ്യുന്നയാളും കഠിനാധ്വാനിയായ സേവകനുമായിരുന്നു.' പറയുന്നു: 'ഇദ്ദേഹത്തിന് മൂന്ന് അസാധാരണമായ പ്രത്യേകതകളുണ്ട്, അവയാണ് എന്റെ മനസ്സിൽ അദ്ദേഹത്തോടുള്ള സ്നേഹം വർധിപ്പിച്ചത്. ഒന്നാമത്തേത് അദ്ദേഹത്തിൽ അല്ലാഹുവിനോടുള്ള ശുക്ർ ഒരുപാടുണ്ടായിരുന്നു എന്നതാണ്. വളരെ ചുരുങ്ങിയ ചുറ്റുപാടായിരുന്നിട്ടും ഓരോ കാര്യത്തിലും അല്ലാഹുവിനെ സ്തുതിക്കുകയും ശുക്ർ ചെയ്യുകയും ചെയ്തിരുന്നു. രണ്ടാമത്തേത് കാലത്തിന്റെ ഖലീഫയോടും ഖിലാഫത്തിനോടുമുള്ള സ്നേഹം മനസ്സിൽ നിറഞ്ഞിരുന്നു. ചെറിയൊരു കൂടിക്കാഴ്ചാവേളയിൽ പോലും അദ്ദേഹം ഖിലാഫത്തിനോടുള്ള സ്നേഹബന്ധം പ്രകടിപ്പിക്കാതിരുന്നത് എനിക്കോർമയില്ല. ദീനീസേവനം സ്നേഹത്തോടുകൂടിയും അത് ഭാഗ്യമായി മനസ്സിലാക്കിയും ചെയ്തിരുന്നുവെന്നതാണ് മൂന്നാമത്തേത്.'

അദ്ദേഹത്തിന്റെ മകൾ തഹസീൻ സാഹിബ എഴുതുന്നു: 'ജീവിതത്തിന്റെ ഓരോ നിമിഷവും മറ്റുള്ളവർക്ക് അദ്ദേഹം സുഖം പകർന്നു. അദ്ദേഹം അറിയുന്ന ആർക്കെങ്കിലും അല്ലെങ്കിൽ മസ്ജിദിൽ ആർക്കെങ്കിലും ബുദ്ധിമുട്ടുണ്ടായാൽ വീട്ടിൽ ഞങ്ങളോടെല്ലാവരോടും അതു പറയുകയും അദ്ദേഹത്തിന്റെ പേരെടുത്ത് ദുആ ചെയ്യാൻ ഓർമപ്പെടുത്തുകയും ചെയ്യുമായിരുന്നു. എല്ലാ അവസ്ഥയിലും അല്ലാഹുവിന് ശുക്ർ ചെയ്യുമായിരുന്നു. മറ്റുള്ളവരോട് നന്മ ചെയ്ത് അതിനും താങ്കൾ എനിക്ക് നന്മ ചെയ്യാൻ അവസരം നല്കി എന്നു പറഞ്ഞ് ശുക്ർ ചെയ്യുമായിരുന്നു.' വീണ്ടും പറയുന്നു: 'അദ്ദേഹം പറയാറുണ്ടായിരുന്നു, നിങ്ങൾ രണ്ടു സഹോദരിമാരും എനിക്കേറ്റവും പ്രിയപ്പെട്ടവരാകുന്നത്, നബി(സ)തിരുമേനി പറയുകയുണ്ടായി. ആരാണോ പെൺമക്കളെ ആദരിക്കുന്നത് അവനെ സ്വർഗത്തിൽ എന്റെ കൂടെ കണ്ടുമുട്ടുന്നതാണ്.' പറയുന്നു: 'അദ്ദേഹം ഞങ്ങൾക്ക് സ്നേഹത്തോടുകൂടി ആദരവും ബഹുമാനവും ഒരുപാട് നല്കി.' രണ്ടാമത്തെ മകൾ റളിയ സാഹിബയാണ്. അവർ പറയുന്നു: 'എപ്പോഴും ഞങ്ങളുടെ പിതാവ് ഖിലാഫത്തിനെ അനുസരിക്കാനും സ്നേഹിക്കാനും ഉപദേശിക്കുമായിരുന്നു. അദ്ദേഹം തന്നെയും ഖിലാഫത്തിനോടുള്ള സ്നേഹത്തിന്റെ വളരെ വലിയ മാതൃകയായിരുന്നു.' പറയുന്നു: 'അദ്ദേഹത്തിന്റെ അനുശോചനമറിയിക്കാൻ ആരുവന്നാലും, തങ്ങളെയാണ് അദ്ദേഹം ഏറ്റവും കൂടുതൽ സ്നേഹിച്ചിരുന്നതെന്ന് പറയുന്നു. പക്ഷേ, അദ്ദേഹം എല്ലാവരേയും സ്നേഹിച്ചിരുന്നു. അദ്ദേഹം മസ്ജിദിൽ അടുത്തടുത്തുള്ള ആളുകളുമായിട്ടായിരുന്നു ബന്ധം സ്ഥാപിച്ചിരുന്നതെന്ന് ഞങ്ങൾക്ക് തോന്നിയിരുന്നു. പക്ഷേ, എല്ലാവരും പറഞ്ഞിരുന്നത് അദ്ദേഹം തങ്ങളുടെ കുടുംബത്തിന്റെ ഭാഗമായിരുന്നുവെന്നാണ്. ദൂരെദൂരെയുള്ള ആളുകൾക്കും ജോലിചെയ്തുകൊടുക്കുമായിരുന്നു. അവരുമായി ബന്ധം നിറവേറ്റുന്ന ആളായിരുന്നു. അദ്ദേഹത്തിന്റെ അതുല്യമായ സ്നേഹവും സേവനവും കാരണത്താലാണ് ഇങ്ങനെയാളുകൾ അഭിപ്രായം പ്രകടിപ്പിക്കുന്നത്.' എനിക്കും ധാരാളമാളുകൾ അദ്ദേഹത്തെക്കുറിച്ച് എഴുതിയിട്ടുണ്ട്. ഓരോ എഴുത്തിൽനിന്നും മനസ്സിലാകുന്നത്, അദ്ദേഹത്തിന് ഓരോരുത്തരോടും വ്യക്തിഗതമായ ബന്ധവും സ്നേഹവും ആത്മാർഥമായ ബന്ധവുമുണ്ടായിരുന്നുവെന്നാണ്. എല്ലാ വിഭാഗത്തിലും എല്ലാവർക്കും പ്രിയപ്പെട്ടവരായിട്ടുള്ളവർ വളരെ കുറച്ചേ ഉണ്ടാകാറുള്ളൂ. ഇപ്രകാരംതന്നെ അദ്ദേഹത്തിന്റെ ഓരോ മജ്ലിസിലും, എഴുതുന്ന ഓരോരുത്തരും എഴുതുന്നത് അദ്ദേഹത്തിന്റെ ഓരോ കാര്യങ്ങളുടേയും അച്ചുതണ്ട് ഖിലാഫത്തും അതിനോടുള്ള ബന്ധവുമായിരുന്നു എന്നാണ്. അല്ലാഹു അദ്ദേഹത്തിന് തന്റെ പ്രിയപ്പെട്ടവരുടെ കാൽപാദങ്ങളിൽ ഇടംനല്കുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കളും അദ്ദേഹത്തിന്റെ നന്മകളുടേയും ദുആകളുടേയും അനന്തരാവകാശിയാകുമാറാകട്ടെ. അദ്ദേഹത്തിന്റെ ഭാര്യയ്ക്ക് ആരോഗ്യം നല്കുമാറാകട്ടെ. ക്ഷമയും സമാധാനവും പ്രദാനം ചെയ്യുമാറാകട്ടെ. അദ്ദേഹത്തിന്റെ ഭാര്യയും ദീർഘകാലമായി രോഗിയാണ്. അവർക്കും അദ്ദേഹം വളരെ ആത്മാർഥതയോടും സ്നേഹത്തോടും പ്രിയത്തോടുംകൂടി ഒരുപാട് സേവനം ചെയ്തു. തന്റെ സകല ജോലികളും നിർബന്ധകടമകൾ നിറവേറ്റി സേവനം ചെയ്തു. ലങ്കർഖാനയിലും ദാറുള്ളിയാഫത്തിലും സേവനം ചെയ്യാറുണ്ടായിരുന്നു. ഒരു വഖ്ഫെ സിന്ദഗിയേക്കാളുപരി സേവനവികാരം അദ്ദേഹത്തിലുണ്ടായിരുന്നു. അതിനോടൊപ്പം തന്റെ കുടുംബസംബന്ധമായ നിർബന്ധ കടമകളും നിറവേറ്റിയിരുന്നു. ഇതുപോലെതന്നെ ഭാഷ അറിയാതിരുന്നിട്ടും ഇംഗ്ലീഷുകാരായ അയൽവാസികൾക്കും സേവനം ചെയ്യാറുണ്ടായിരുന്നു. അവരുമായും ബന്ധമുണ്ടായിരുന്നു. അവരും അദ്ദേഹത്തെ ഒരുപാട് പ്രശംസിച്ചിട്ടുണ്ട്. അല്ലാഹു അദ്ദേഹത്തിന്റെ ദർജകൾ ഉയർത്തുമാറാകട്ടെ.

അടുത്ത ജനാസ പ്രൊഫസർ നസീർ അഹ്മദ് ഖാൻ സാഹിബിന്റെ ഭാര്യ യിഫത്ത് നസീർ സാഹിബയുടേതാണ്. മെയ് 3ന് 97-ാം വയസ്സിൽ ഹൃദയാഘാതംമൂലം വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* അവരുടെ വിവാഹം 1951ൽ പരേതനായ പ്രൊഫസർ ഡോക്ടർ നസീർ അഹ്മദ് ഖാൻ സാഹിബുമായി നടന്നു. കുട്ടികളിൽ, ബന്ധുക്കളിൽ അദ്ദേഹത്തിന്റെ ഒരു മകൾ ആഇശ നസീർ സാഹിബയാണുള്ളത്. അവർ അമേരിക്കയിലെ ഡോക്ടർ യിനായത്തുല്ലാഹ് മൻഗലാ സാഹിബിന്റെ ഭാര്യയാണ്. പുത്രന്മാരിൽ ളഹീർ അഹ്മദ് ഖാൻ സാഹിബും ഡോക്ടർ മുനീർ അഹ്മദ് ഖാൻ സാഹിബുമുണ്ട്. ഇദ്ദേഹത്തിന്റെ ഈ

രണ്ട് മക്കളും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കുടുംബത്തിലാണ് വിവാഹം കഴിച്ചിട്ടുള്ളത്. ഇദ്ദേഹത്തിന്റെ ഒരു പൗത്രൻ ബസീർ അഹ്മദ് ഖാൻ വാഖ്ഫെ സിന്ദഗിയാണ്. ഇപ്പോൾ വളരെ നല്ലരീതിയിൽ എം.ടി.എയിൽ ട്രാൻസ്മിഷൻ സെക്ഷനിൽ സേവനങ്ങൾ ചെയ്തുവരുന്നു. ഇവിടെയാണ് ഇദ്ദേഹം ഉന്നത വിദ്യാഭ്യാസം കരസ്ഥമാക്കിയത്. അതിനുശേഷം വഖ്ഫിനായി തന്നെ സമർപിക്കുകയായിരുന്നു. അല്ലാഹു ഇദ്ദേഹത്തേയും അദ്ദേഹത്തിന്റെ ദുആയുടെ അനന്തരാവകാശിയാക്കുമാറാകട്ടെ.

അദ്ദേഹത്തിന്റെ മകൻ എഴുതുന്നു: 'ഞങ്ങൾ ചെറുതായിരുന്നപ്പോൾ മാതാപിതാക്കളോടൊപ്പമാണ് ഉറങ്ങാറുണ്ടായിരുന്നത്. മിക്ക ദിവസങ്ങളിലും രാത്രിയിൽ കണ്ണുതുറക്കുമ്പോൾ തഹജ്ജുദ് നമസ്കാരത്തിൽ കരഞ്ഞുകരഞ്ഞു ദുആ ചെയ്യുന്നത് കാണാറുണ്ടായിരുന്നു.' ഇക്കാര്യം ഇവരുടെ മകളും എഴുതിയിട്ടുണ്ട്. 'വിശുദ്ധഖുർആൻ പതിവായി പാരായണം ചെയ്യുമായിരുന്നു. തിലാവത്തു ചെയ്തിട്ടേ സ്കൂളിൽ പോകാവൂ എന്നത് കുട്ടികളായ ഞങ്ങൾക്കും നിർബന്ധമായിരുന്നു; അതു കൂടാതെ അനുവാദമില്ല. ആരംഭകാലത്ത്, 1960 കാലങ്ങളിൽ ഇവർ ലാഹോറിൽ താമസിച്ചിരുന്നു. അവിടെ ലജ്നയുടെ ജനറൽ സെക്രട്ടറിയായി മോഡൽടൗണിൽ സേവനം അനുഷ്ഠിച്ചിരുന്നു. 28 വർഷംവരെ ദാറുന്നസ്ർ ഗർബിയിൽ സദ്ർ ലജന എന്ന നിലയിൽ സേവനമനുഷ്ഠിച്ചു. അക്കാലത്ത് പ്രവർത്തന മാധ്യമങ്ങളും കുറവായിരുന്നു. വിശാലമായ മഹല്ലുകളായിരുന്നു. യാത്രാവാഹനങ്ങൾ ഉണ്ടായിരുന്നില്ല. ദൂരദൂര പ്രദേശങ്ങളിൽ നടന്നുതന്നെ പോകുമായിരുന്നു. ദാറുന്നസ്ർ മഹല്ല് നദിവരെ വ്യാപിച്ചിരുന്നു. അവിടെവരെ തനിച്ച് പോകുമായിരുന്നു.

പിന്നീട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ജമാഅത്തംഗങ്ങളോടു എല്ലാ അനഹ്മദി ബന്ധുക്കൾക്കും ദുർബലരായ അഹ്മദികൾക്കും കത്തെഴുതാൻ ആഹ്വാനം ചെയ്തപ്പോൾ ഇവരും തന്റെ ബന്ധുക്കൾക്ക് നിരവധി കത്തുകളെഴുതി.

പാവപ്പെട്ട ബന്ധുക്കൾക്കും മഹല്ലുകാർക്കും സഹായം ചെയ്യാറുണ്ടായിരുന്നു. പ്രത്യേകിച്ചും റമളാനിന്റെ ദിനങ്ങളിൽ നിർബന്ധമായും എന്തെങ്കിലുമൊക്കെ പാകംചെയ്ത് കൊടുത്തുവിടുമായിരുന്നു. ആളുകളെ പരസ്പരം ബന്ധിപ്പിച്ചു നിറുത്തുന്നതിന് എപ്പോഴും ശ്രമിച്ചിരുന്നു; ഭിന്നിപ്പുകളിൽനിന്ന് രക്ഷപ്പെടുത്താനും. അവരുടെ മകൾ ആഇശ എഴുതുന്നു: 'ഒരു വാഖ്ഫെ സിന്ദഗിയോടൊപ്പം വളരെ സൗഹൃദമായി ജീവിച്ചു. ഞങ്ങളുടെ 'തഅലീം തർബിയത്ത്' ഒന്നാമത്തെ നിർബന്ധകടമയായി മനസ്സിലാക്കിയിരുന്നു. ദുആകളും ഒരുപാട് ചെയ്യുമായിരുന്നു. അല്ലാഹു അവരോടു കരുണയോടും മഗ്ഫിറത്തോടുംകൂടി പെരുമാറട്ടെ. അവരുടെ മക്കളേയും തലമുറകളേയും അവരുടെ സദുദ്ദേശ്യങ്ങൾ പൂർത്തിയാക്കുന്നവരും ദുആകളുടെ അനന്തരാവകാശികളുമാക്കുമാറാകട്ടെ.

അടുത്ത ജനാസ അബ്ദുർറഹീം സാഹിബ് സാഖിയുടേതാണ്. അദ്ദേഹം ജനറൽ സെക്രട്ടറിയുടെ ഓഫീസിലെ ഉദ്യോഗസ്ഥനായിരുന്നു. മാർച്ച് 31ന് വഫാത്തായി. *ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ.* ദൈവകൃപയാൽ മൂസിയായിരുന്നു. 1934 ഡിസംബർ 31ന് ഇന്ത്യയിലെ താഭ സംസ്ഥാനത്തിൽ റായ്പൂർ ഗ്രാമത്തിൽ ജനിച്ചു. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് റഹ്മാൻ അലി എന്നായിരുന്നു. അദ്ദേഹത്തിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് വന്നത് ഇദ്ദേഹത്തിന്റെ പരേതനായ പിതാവിന്റെ മൂത്താപ്പ ഗ്രാമത്തലവനായ ചൗദരീ കരീം ബഖ്ശ് സാഹിബ്-സ്വഹാബി ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേനയാണ്. അബ്ദുർറഹീം സാഖി സാഹിബ് പരേതന്റെ പിതാവിന്റെ മാതൃസഹോദരിയും ജ്യേഷ്ഠസഹോദരിയുമായ സ്വഹാബിയ റഹീമൻ ബീബി സാഹിബ- മൗലവി ഖുദ്റത്തുല്ലാ സാഹിബ് സൻവരിയുടെ ഭാര്യ-ബന്ധത്തിൽ അദ്ദേഹത്തിന്റെ പിതൃസഹോദരിയുമായിരുന്നു. പരേതനായ സാഖി സാഹിബിന് 1958 മുതൽ 1968 വരെ പത്തുവർഷം സെക്രട്ടറി മാലായും ഖാഇദു മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യയായും 'തഖ്ത്ഹസാറ'യിൽ സേവനത്തിന് തൗഫീഖ് കിട്ടി. വിഭജനത്തിനുശേഷം ഇദ്ദേഹം 'തഖ്ത്ഹസാറയിൽ' വന്നുതാമസിച്ചു. അതിനുശേഷം 1968-ൽ 'തഖ്ത്ഹസാറ' ജമാഅത്തിന്റെ അമീറായി നിശ്ചയിക്കപ്പെട്ടു. 1974 ജൂലായ്‌വരെ ജമാഅത്ത് അമീർ എന്ന നിലയിൽ സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. 1974 ജൂലായ് 13ന് 'തഖ്ത് ഹസാറ'യിലെ അനഹ്മദി ഉഗ്രവാദികൾ ചുറ്റുവട്ടത്തുള്ള പ്രദേശങ്ങളിൽനിന്ന് ഗുണ്ടകളും അഹ്മദിയ്യത്തിന്റെ ശത്രുക്കളുമായ വൻതോതിലുള്ള ആയുധധാരികളെ സംഘടിപ്പിച്ച് അഹ്മദികൾക്കെതിരെ കലഹങ്ങളുണ്ടാക്കാൻ തുടങ്ങി. മസ്ജിദിന്റെ ഒരുഭാഗത്തിന് തീകൊളുത്തി. അത് പിടിച്ചെടുത്തു. അതിഥി മന്ദിരം പൂർണമായും അഗ്നിക്കിരയാക്കി. സാഖി സാഹിബിന്റെ പലവ്യഞ്ജന കടയായിരുന്നു. അത് കൊള്ളയടിച്ചു തീയിട്ടു. മറ്റൊരു തുണിക്കടയുമുണ്ടായിരുന്നു. അതും പിടിച്ചെടുത്തു വീടുകൾ കത്തിച്ചു. ഇദ്ദേഹവും ഉള്ളിലുണ്ടായിരുന്നു. പുക കാരണത്താൽ ബോധംകെട്ടുവീണു. അബോധാവസ്ഥയിൽ അക്രമകാരികൾ അദ്ദേഹത്തെ എടുത്തു മസ്ജിദിൽ കൊണ്ടുപോയി. താൻ ഇസ്‌ലാം സ്വീകരിച്ചിരിക്കുന്നുവെന്നും തൗബ ചെയ്തിരിക്കുന്നുവെന്നും ലൗഡ്സ്പീക്കറിലൂടെ ഇദ്ദേഹത്തെകൊണ്ട് വിളംബരം ചെയ്യിച്ചു; മറ്റു അഹ്മദികളേയും ജമാഅത്തിൽനിന്ന് മാറ്റാൻ. പക്ഷേ, അദ്ദേഹത്തിന് ബോധം തെളിഞ്ഞപ്പോൾ അദ്ദേഹം കണ്ടത് ചെറിയ കുന്തങ്ങളുടേയും വലിയ കുന്തങ്ങളുടേയും ഇടയിലിരിക്കുന്നതാണ്. അദ്ദേഹത്തിന്റെ മനസ്സിനെ വലുതായി അത് ബാധിച്ചു. പിന്നീട് ഇക്കാരണത്താൽ അദ്ദേഹത്തെ മക്കൾതന്നെ അവിടെ നിന്ന് ലാഹോറിലെ അദ്ദേഹത്തിന്റെ ഏതോ ബന്ധുവിന്റെ അടുത്തേക്ക് അയച്ചു. അവിടെ അദ്ദേഹത്തിന്റെ ചികിത്സ നടന്നു. അദ്ദേഹം അവിടെ താമസിച്ചു. പിന്നീട് ലാഹോറിൽത്തന്നെ ഒരു ജമാഅത്തിൽ സെറ്റിലായി. അവിടെപോയി താമസിച്ചു. അദ്ദേഹം കച്ചവടം തുടങ്ങി. തന്റെ ബന്ധുവിന്റെ വീടിനോടു ചേർന്ന ഭാഗത്ത് നമസ്കാരസെന്ററുണ്ടാക്കി. ജമാഅത്തായിട്ടുള്ള നമസ്കാരത്തിലേക്ക് ജനങ്ങളുടെ ശ്രദ്ധ ക്ഷണിച്ചു. നൂറുകണക്കിന് കുട്ടികൾക്കും ആളുകൾക്കും വിശുദ്ധഖുർആൻ പഠിപ്പിച്ചു.

പിന്നീട് നവംബർ 2000-ൽ ഹിജ്റത്ത് ചെയ്ത് ലണ്ടനിൽ വന്നു. ഇവിടെ വന്നതിനുശേഷം 2020 വരെ യു.കെ നാഷണൽ ജനറൽ സെക്രട്ടറി ഓഫീസിൽ വളണ്ടിയർ എന്ന നിലയിൽ പതിവായി സേവനങ്ങൾ ചെയ്തുകൊണ്ടിരുന്നു. വാഖ്ഫീനെ സിന്ദഗിയേക്കാളുപരി സമയനിഷ്ഠയുള്ള വ്യക്തിയായിരുന്നു. തന്നെ ആരും കാത്തുനിൽക്കാതിരിക്കാൻവേണ്ടി നേരത്തെ ഓഫീസിൽ എത്തിയിരുന്നു. ചിലപ്പോൾ ഓഫീസിൽ വരുന്നതിനുമുമ്പേ നാശ്ത കഴിക്കാൻ താമസിച്ചാൽ, അത് കഴിക്കാതെയും വരുമായിരുന്നു. അദ്ദേഹത്തിന്റെ മക്കളെഴുതി: 'നിത്യവും വിശുദ്ധഖുർആനിന്റെ മൂന്ന് ജുസു തിലാവത്ത് ചെയ്യുമായിരുന്നു. ഖിലാഫത്തിനോട് വലിയ വിശ്വാസവും സ്നേഹവുമയിരുന്നു. കുട്ടികളേയും വലിയവരേയും എപ്പോഴും ഖിലാഫത്തുമായി ബന്ധപ്പെട്ടിരിക്കുവാനും അദബോടും പൂർണ കൂറോടുംകൂടി അനുസരിക്കാനും വലിയ വേദനയോടെ ഉപദേശിക്കുമായിരുന്നു. വാഖ്ഫീനെ പ്രത്യേകിച്ചും മുറബ്ബിമാരെ ഹൃദയംഗമമായി ആദരിക്കുകയും അവരെ സ്നേഹിക്കുകയും ചെയ്തിരുന്നു. ഏകദേശം 60 വർഷത്തിലധികം സന്നദ്ധസേവനമെന്നനിലയിൽ ദീനീസേവനം നടത്താൻ തൗഫീഖ് കിട്ടി. Colliers Woodജമാഅത്തിന്റെ സദ്റാണ് അദ്ദേഹത്തിന്റെ മകൻ ഖാലിദ് മഹ്മൂദ് സാഹിബ്. പരേതന് സന്തപ്തകുടുംബത്തിൽ ഭാര്യയ്ക്ക് പുറമെ രണ്ടു പുത്രന്മാരും അഞ്ചു പുത്രിമാരുമുണ്ട്. അല്ലാഹു പരേതന്റെ പദവികൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കളേയും തലമുറകളേയും അദ്ദേഹത്തിന്റെ സദുദ്ദേശ്യങ്ങൾ പൂർത്തിയാക്കുന്നവരാകട്ടെ.

അടുത്ത ജനാസ സയീദ് അഹ്മദ് സഹ്ഗൽ സാഹിബിന്റേതാണ്. ഇദ്ദേഹം നമ്മുടെ പ്രൈവറ്റ് സെക്രട്ടറി ഓഫീസിൽ ഡിസ്പാച്ചിൽ (dispatch) സന്നദ്ധ സേവകനായിരുന്നു. ഇദ്ദേഹം ഏപ്രിൽ 12 ന് 90-ാം വയസ്സിൽ വഫാത്തായി. രണ്ടു പുത്രന്മാരും രണ്ടു പുത്രിമാരുമുണ്ട്. ഇദ്ദേഹത്തിന്റെ കുട്ടിക്കാലം ഖാദിയാനിലായിരുന്നു. പ്രാഥമിക വിദ്യാഭ്യാസവും അവിടെ തന്നെയായിരുന്നു. ദീർഘകാലം ഇവിടെ പ്രൈവറ്റ് സെക്രട്ടറിയുടെ ഓഫീസിൽ ഡിസ്പാച്ച്(dispatch) സെക്ഷനിൽ വളണ്ടിയറായി സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. വലിയ വിദ്യാസമ്പന്നനായിരുന്നു. ഭൗതിക വിദ്യഭ്യാസത്തോടൊപ്പം വിശുദ്ധ ഖുർആനിന്റേയും ജമാഅത്തുപരമായ വിഷയങ്ങളുടേയും നല്ല അറിവുണ്ടായിരുന്നു. നമസ്കാരം കൃത്യമായി അനുഷ്ഠിച്ചിരുന്നു. ഖിലാഫത്തിൽ അനുരക്തനായിരുന്നു. വിനയത്തിന്റേയും മാന്യതയുടേയും മാതൃകയായിരുന്നു. തന്റെ ഹൽഖയിൽ എല്ലാവർക്കും പ്രിയങ്കരനായിരുന്നു. ഞാൻ കണ്ടിട്ടുണ്ട്, എപ്പോൾ കണ്ടുമുട്ടിയാലും അങ്ങേയറ്റം ഭവ്യതയോടെ പെരുമാറുമായിരുന്നു. ഒരു വേദന കാണാമായിരുന്നു. അദ്ദേഹത്തിന്റെ മക്കളും അതേ രീതിയിൽ ജമാഅത്തുമായി ബന്ധം വെക്കുന്നവരാകട്ടെ. അസ്‌ലം ഖാലിദ് സാഹിബ് എഴുതുന്നു: 'അദ്ദേഹം വൈജ്ഞാനികമായ സ്വഭാവമുള്ള ആളായിരുന്നു. മിക്കപ്പോഴും ഉച്ചഭക്ഷണസമയത്ത് വിവിധ വിഷയങ്ങളിൽ ഗുണപ്രദമായ കാര്യങ്ങൾ പറയുമായിരുന്നു. ക്രൈസ്തവ മതത്തേയും യഹൂദ മതത്തേയും കുറിച്ച് അഗാധജ്ഞാനമായിരുന്നു. നമ്മുടെ ഓഫീസിലെ ഉദ്യോഗസ്ഥൻ ബശീർ സാഹിബെഴുതുന്നു: അവസാനദിനങ്ങളിലും ജമാഅത്തിന് സേവനം ചെയ്യാനുള്ള ശ്രമത്തിലായിരുന്നു. ഒരിക്കൽ പറഞ്ഞു: 'ഏതോ ജോലി ആവശ്യാർഥം മസ്ജിദിൽ വരികയായിരുന്നു. തലകറക്കമുണ്ടായി. താഴെ വീണു. പരിക്കുമേറ്റു. എന്നിട്ടും ജമാഅത്തിനു സേവനം ചെയ്യാൻ കിട്ടുന്ന അവസരം കൈയിൽനിന്ന് പോകാതിരിക്കാൻ നിർബന്ധമായും ഓഫീസിൽ വരാറുണ്ടായിരുന്നു. വാസ്തവത്തിൽ ഒരുപാട് ദൂരത്തുനിന്ന് നടന്നു വരണമായിരുന്നു. പോക്കും വരവും എളുപ്പമാകാൻ തന്റെ വലിയ വീടു വിറ്റ് മസ്ജിദിനടുത്ത് ഫ്ലാറ്റു വാങ്ങി.

അല്ലാഹു പരേതനോടു മഗ്ഫിറത്തോടും കരുണയോടുംകൂടി പെരുമാറട്ടെ. അദ്ദേഹം തന്റെ മക്കൾക്കുവേണ്ടി ചെയ്തിട്ടുള്ള ദുആകൾ സ്വീകരിക്കുമാറാകട്ടെ.

**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

(പേജ് 2ൽനിന്ന്)

500 രൂപ പിഴയടയ്ക്കുന്നതായിരിക്കും. ഇനി നാം വിജയിക്കുകയാണെങ്കിൽ ഒരു നിബന്ധനയും വെക്കുന്നുമില്ല, കാരണം നിബന്ധനയ്ക്കെതിരിൽ ആ ദുആയുടെ അടയാളങ്ങൾ വെളിപ്പെടുന്നതുതന്നെ മതിയായതാണ്.' (Ibid, പേജ് 298)

**മുബാഹല നടക്കുകയാണെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഭാഗത്തുനിന്ന് വായിക്കപ്പെടേണ്ട വിഷയം.**

"ദൈവസ്തുതിയ്ക്കും സ്വലാത്തിനും ശേഷം... ഉത്കൃഷ്ടനായ ദൈവത്തെ–അവന്റെ പ്രതാപം മഹത്തരവും അവന്റെ നാമം ശ്രേഷ്ഠവുമാകുന്നു–സത്യം ചെയ്തു പറയുന്നു: 'ഞാൻ എന്റെ ആയുസ്സിന്റെ ഭൂരിഭാഗവും മതഗവേഷണത്തിൽ ചെലവഴിച്ച്, ലോകത്ത് സത്യസന്ധവും അല്ലാഹുവിൽനിന്നുള്ളതുമായ മതം, ഇസ്‌ലാം മതമാണെന്ന് സ്ഥാപിച്ചിരിക്കുന്നു. ഹദ്റത്ത് സയ്യിദുനാ വ മൗലാനാ മുഹമ്മദ് മുസ്തഫാ(സ) അല്ലാഹുവിന്റെ റസൂലും ദൈവദൂതന്മാരിൽ അതിശ്രേഷ്ഠനുമാണ്. വിശുദ്ധഖുർആൻ പ്രതാപവാനായ അല്ലാഹുവിന്റെ സത്യസാക്ഷ്യങ്ങളും സത്യസന്ധതകളും അടങ്ങിയതാണ്. എന്തൊന്നാണോ ഈ പരിശുദ്ധഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്, അല്ലാഹു തന്റെ നി ർബന്ധമായ സ്വകാര്യതയിലും പണ്ടുപണ്ടേയുള്ള അസ്തിത്വത്തിലും തികവുറ്റ ശക്തിപ്രഭാവത്തിലും മറ്റെല്ലാ സവിശേഷഗുണങ്ങളിലും ഏകനും പങ്കുകാരനില്ലാത്തവനുമാണെന്നാണ്. എല്ലാ സൃഷ്ടികളുടേയും സ്രഷ്ടാവും എല്ലാ ആത്മാക്കളേയും ശരീരങ്ങളേയും സൃഷ്ടിച്ചവനുമാണ്. സത്യസന്ധനും കൂറുപുലർത്തുന്ന വിശ്വാസിക്കും അനശ്വരമായ മോക്ഷം നല്കുന്നതായിരിക്കും. അവൻ റഹ്മാനും റഹീമും പശ്ചാത്താപം സ്വീകരിക്കുന്നവനും അപ്രകാരംതന്നെ വിശുദ്ധഖുർആനിൽ എഴുതിയിരിക്കുന്ന ദൈവികഗുണങ്ങളും മറ്റു അധ്യാപനങ്ങളും ശരിയായതും ചൊവ്വായതുമാണെന്നും ഞാൻ ഹൃദയംഗമമായ ദൃഢവിശ്വാസത്തോടെ ഈ എല്ലാ കാര്യങ്ങളേയും സത്യമായി മനസ്സിലാക്കുകയും ആത്മാർഥതയോടുകൂടി അവയിൽ ദൃഢമായി വിശ്വസിക്കുകയും ചെയ്യുന്നു.......... ഇപ്പോൾ സുഗന്ധപൂരിതമായ അത്തർകൊണ്ടു നിറഞ്ഞിരിക്കുന്ന കുപ്പിപോലെയാണ് എന്റെ അവസ്ഥ. അങ്ങനെതന്നെ അല്ലാഹുവിന്റെ ഗ്രന്ഥമായ വിശുദ്ധ ഖുർആൻ മതപരമായ എല്ലാ അനുഗ്രഹങ്ങളും അടങ്ങിയതാണെന്ന ദൃഢജ്ഞാനംകൊണ്ട് എന്റെ മനസ്സും നിറഞ്ഞിരിക്കുന്നു. യഥാർഥത്തിൽ അല്ലാഹു എല്ലാ സൃഷ്ടികളുടേയും കർത്താവും എല്ലാ ആത്മാക്കളേയും ശരീരങ്ങളേയും സൃഷ്ടിച്ചവനും എല്ലാതരം ഗുണങ്ങളുടേയും നന്മകളുടേയും കൃപയുടേയും ഉറവിടവുമാകുന്നു. അവന്റെ പരിശുദ്ധനായ നബി മുഹമ്മദു മുസ്തഫാ(സ) സത്യവാനും സത്യസന്ധനും പരിപൂർണനുമായ നബിയാകുന്നു. പരലോകവിജയം നിലകൊള്ളുന്നത് അദ്ദേഹത്തെ പിൻപറ്റിലിലാണ്. പക്ഷേ, എന്റെ ഇന്ന എതിരാളി(ഇവിടെ മുബാഹലയ്ക്കുവരുന്ന ആളുടെ പേരെഴുതുന്നതായിരിക്കും) ഇപ്പോൾ എന്നെ നേരിടാൻ വന്നിരിക്കുകയാണ്. നഊദുബില്ലാഹ് ജനാബ് സയ്യിദുനാ മുഹമ്മദ് മുസ്തഫാ(സ) സത്യവാനായ നബിയല്ലെന്നും വിശുദ്ധ ഖുർആൻ കെട്ടിചമച്ചതാണെന്നും അല്ലാഹു ആത്മാക്കളുടേയും ശരീരങ്ങളുടേയും സ്രഷ്ടാവല്ലെന്നും ഒരു ആരാധകനും സത്യവിശ്വാസിക്കും അനശ്വരമായ മോക്ഷം ഒരിക്കലും കിട്ടുകയില്ലെന്നും വേദങ്ങളിലുള്ളതെല്ലാം സത്യമാണെന്നും എന്നാൽ, വിശുദ്ധ ഖുർആനിലുള്ളതെല്ലാം കളവാണെന്നുമാണ് അദ്ദേഹത്തിന്റെ വാദം; അതുകൊണ്ടു സർവശക്തനായ ദൈവമേ! ഞങ്ങളിരുവരിൽ സത്യമായ വിധി കല്പിക്കേണമേ. ഞങ്ങളിരുവരിൽ ആരാണോ തങ്ങളുടെ വിവരണത്തിലും വിശ്വാസാദർശങ്ങളിലും അസത്യത്തിലും ഉൾക്കാഴ്ചയുടെ വഴിയിലല്ലാത്തതും മറിച്ച് പക്ഷപാതത്തിന്റേയും പിടിവാശിയുടേയും വഴിയിലൂടെ അത്തരം കാര്യങ്ങൾ പറയുന്നത്–അതിൽ വിശ്വാസം കൊള്ളാൻ തക്കതായ ഖണ്ഡിതമായ ഒരു തെളിവും അയാളുടെ കൈയിലില്ല, അയാളുടെ മനസ്സാണെങ്കിൽ ദൃഢജ്ഞാനത്തിന്റെ പ്രകാശത്താൽ നിറഞ്ഞതുമല്ല, പ്രത്യുത അടിമുടി ദുശ്ശാഠ്യത്തോടേയും ഏകപക്ഷീയമായും ദൈവഭയമില്ലാതേയും അത്തരം കാര്യങ്ങൾ പറയുകയാണ്, അവയിൽ അയാളുടെ മനസ്സ് നിലകൊള്ളുന്നില്ല– അവനിൽ അല്ലയോ സർവശക്തനായുള്ളോവേ! ഒരു വർഷത്തിനുള്ളിൽ നിന്റെ ഏതെങ്കിലും ശിക്ഷ ഇറക്കുകയും അവന്റെ രഹസ്യം വെളിപ്പെടുത്തി സത്യമാർഗത്തിലുള്ളവനെ സഹായിക്കുകയും ചെയ്താലും. മനഃപൂർവം സത്യത്തിൽനിന്ന് അകന്നുകിടക്കുകയും സത്യമാർഗത്തിന്റെ ശത്രുവായിരിക്കുകയും സന്മാർഗത്തിന്റെ എതിരാളിയുമായിരിക്കുന്നവനെ ശാപം നിറഞ്ഞ ദുഃഖത്താൽ നശിപ്പിച്ചാലും. കാരണം എല്ലാ ശക്തിയും നീതിയും കോടതിയും നിന്റെ കൈയിലാണ്. ആമീൻ യാ റബ്ബൽ ആലമീൻ. ഫഖത്ത്(Ibid പേജ് 302).

**എതിർകക്ഷിയായ ആര്യ സാഹിബുമാർ വായിച്ചുകേൾപ്പിക്കേണ്ട വിഷയം:**

'ഞാൻ ഇന്നയാളുടെ മകൻ ഇന്നയാൾ സത്യം ചെയ്തും ആണയിട്ടും പറയുന്നു: ഞാൻ ആദ്യം മുതൽ അവസാനംവരെ സുറുമ ചശ്മയെ ആര്യ വായിച്ചിരിക്കുന്നു. അതിലെ തെളിവുകൾ നല്ലവണ്ണം മനസ്സിലാക്കിയിരിക്കുന്നു. എന്റെ മനസ്സിൽ ആ തെളിവുകളൊന്നും ഒരു സ്വാധീനവും ചെലുത്തിയിട്ടില്ല. അതിനെ ഞാൻ സത്യമായി മനസ്സിലാക്കുന്നുമില്ല. ഞാനെന്റെ പരമേശ്വര നെ സത്യം ചെയ്തു പറയുന്നു: ശരീരങ്ങളെ സൃഷ്ടിച്ചവനായി ആരുമില്ലെന്ന് വേദങ്ങളിലെഴുതിയിരിക്കുന്നതുപോലെ എന്റെ ശരീരം സൃഷ്ടിച്ചവനായി ആരുമില്ല. ഞാൻ പരമേശ്വരനെപ്പോലെ സ്വയംഭൂവാണ്. എന്റെ അസ്തിത്വവും, അനാദിയും അനശ്വരവുമാണ്. എന്റെ ആത്മാവും എന്റെ ശരീരവും ആരുടെയെങ്കിലും ശ്രമത്താലല്ല ഉണ്ടായിട്ടുള്ളത്. മറിച്ച് പണ്ടുമുതലെ ഈ രണ്ടു കഷണവും എന്റെ അസ്തിത്വത്തിന്റെ സത്തയോടുകൂടി നിലകൊള്ളുന്നവയാണ്. ഇതുപോലെ തന്നെ മുക്തി അഥവാ മോക്ഷം അനശ്വരമായി ആർക്കും ലഭിക്കുകയില്ലെന്ന വേദങ്ങളുടെ അധ്യാപനത്തിലും ഞാൻ പരിപൂർണമായും വിശ്വസിക്കുന്നു. എപ്പോഴും ബഹുമാനത്തിനുശേഷം അപമാനത്തിന്റെ കാലം പിന്നാലെ ചേർന്നിരിക്കുന്നു. പരമേശ്വരൻ ഒരു അണുവിനെ പോലും സൃഷ്ടിക്കാൻ കഴിവില്ലാത്തവനാണെന്ന വേദങ്ങളുടെ അധ്യാപനങ്ങളിലും ഞാൻ ദൃഢമായും വിശ്വസിക്കുന്നു. കർമം കൂടാതെ ഏതെങ്കിലും നിർമാതാവിന്റെ ഒരു അണുവിന് ആരുടെയെങ്കിലുംമേൽ കരുണ ചെയ്യാനും സാധിക്കുകയില്ല. ആയിരക്കണക്കിന് പുനർജന്മങ്ങളിലിടാതെ, പ്രായശ്ചിത്തമോ പാപപൊറുതി തേടലോ സത്യസന്ധമായ ആരാധനയോ സ്നേഹമോകൊണ്ട് ഒരുതരിമ്പും പാപം പൊറുക്കപ്പെടുകയില്ല. നാലുവേദങ്ങളും വിശുദ്ധഗ്രന്ഥങ്ങളാണെന്ന് ഞാൻ വേദങ്ങളുടെ അധ്യാപനങ്ങളുടെ അടിസ്ഥാനത്തിൽ ദൃഢമായും വിശ്വസിക്കുന്നു. അതു പുരാതനകാലം മുതൽ ഓരോ പുതിയ ലോകത്തും എപ്പോഴും നമ്മുടെതന്നെ ആര്യദേശത്ത് അഗ്നി വായു തുടങ്ങിയ നാലു ഋഷിവര്യന്മാരുടെ മേൽ ഇറങ്ങിക്കൊണ്ടിരുന്നു. ഇതിനുവെളിയിൽ എവിടേയും ഇറങ്ങിയിട്ടില്ല. നമ്മുടെ ഭാഷയായ സംസ്കൃതത്തിലല്ലാതെ മറ്റൊരു ഭാഷയിലും അതു വന്നിട്ടുമില്ല. നമ്മുടെ രാജ്യത്തിനുവെളിയിൽ ആയിരക്കണക്കിനു ദൂതന്മാർ വരികയും അവർ ഒരുപാടു ഗ്രന്ഥങ്ങൾ കൊണ്ടുവരികയും ചെയ്തതെല്ലാം വ്യാജവും കറ്റുകെട്ടുമായി ദൃഢമായും ഞാൻ വിശ്വസിക്കുന്നു. ഒരു മുൽഹമും ഒരിക്കലും സത്യവാനായിട്ടില്ല. സത്യമായത് നമ്മുടെ ആര്യദേശത്തുമാത്രമാണ് പ്രത്യേകമായത്. ഇവരുമായിട്ടായിരുന്നു പരമേശ്വരന് അനശ്വരമായ ബന്ധവും ചേർച്ചയും. ഭാവിയിലും ഇങ്ങനെത്തന്നെയായിരിക്കും ഇരിക്കുക. ഇപ്രകാരംതന്നെ വേദങ്ങളുടെ നിയമങ്ങൾക്കും അധ്യാപനങ്ങൾക്കും വിരുദ്ധമായ ഖുർആനേയും അതിലെ നിയമങ്ങളേയും അധ്യാപനങ്ങളേയും ഞാൻ കളവും കറ്റുകെട്ടുമായി വിശ്വസിക്കുന്നു. പക്ഷേ, സുറുമ ചശ്മയെ ആര്യ എന്ന പുസ്തകത്തിന്റെ കർത്താവായ എന്റെ എതിർകക്ഷി വിശുദ്ധ ഖുർആനിനെ ദൈവഗ്രന്ഥമായും അതിലെ അധ്യാപനങ്ങളെല്ലാം ശരിയായും, വേദങ്ങളേയും അതിലെ നിയമങ്ങളേയും അധ്യാപനങ്ങളേയും വിശുദ്ധ ഖുർആനെതിരും അടിമുടി അബദ്ധജടിലവും കളവുമായി വിശ്വസിക്കുന്നു. അതിനാൽ അല്ലയോ പരമേശ്വരാ!നീ ഞങ്ങളിരുവരിൽ സത്യമായ തീരുമാനം കല്പിച്ചാലും.

ഏതൊരു കക്ഷിയുടെ നിയമവും വിശ്വാസവുമാണോ കളവും അവിശുദ്ധവുമായിട്ടുള്ളത്–അത് അവർ വിശ്വസിക്കുന്നത് ഏതോ അവിശുദ്ധ ഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിലാണ്– അവരെ നീ നിന്ദ്യരും അപഹാസ്യരുമാക്കിയാലും. ഞങ്ങളിരുവരിൽ നിന്റെ ദൃഷ്ടിയിലുള്ള അസത്യവാനേയും കളവു പറയുന്നവനേയും–അയാളുടെ വിശ്വാസാദർശങ്ങളും നിയമങ്ങളും നിന്നെ നിന്ദിക്കുന്നതിനും അപകീർത്തിപ്പെടുത്തുന്നതിനും നിമിത്തമാണ്, അവൻ മനഃപൂർവം അതു ചെയ്തുകൊണ്ടിരിക്കുന്നു– അവനെ അല്ലയോ പരമേശ്വരാ! കഠോരമായ ദുഖത്തിൽ അകപ്പെടുത്തുകയും അവന്റെ മേൽ ശാപം ചൊരിയുകയും ഒരു വർഷത്തിനുള്ളിൽ ആ ശാപത്തിന്റെ വേദനാജനകമായ ശിക്ഷയുടെ അടയാളം വെളിപ്പെടുത്തുകയും ചെയ്താലും. അല്ലയോ പരമേശ്വരാ!അങ്ങനെതന്നെ ചെയ്താലും........ആമീൻ, ഫഖത്. (Ibid, പേജ് 305)

ലാലമുരളീധർ സാഹിബോ മറ്റേതെങ്കിലും ആര്യസമാജക്കാരനോ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ മുബാഹല വെല്ലുവിളി സ്വീകരിച്ചില്ല.

## അല്ലാഹുവിന്റെ വചനം

**"ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതുമെല്ലാം അല്ലാഹുവിന്റെ പരിശുദ്ധിയെ പ്രകീർത്തിക്കുന്നു. ആധിപത്യം അവനുള്ളതാണ്. സർവസ്തുതിയും അവനുള്ളതുതന്നെ. അവൻ സർവ കാര്യങ്ങൾക്കും പൂർണമായ കഴിവുള്ളവനത്രെ."(64:02 )**

ത്വാലിബെ ദുആ:
K.Muhammad Safwan & Family,
Ahmadiyya Jama-ath Kakkanad, Kerala

## അല്ലാഹുവിന്റെ വചനം

***'ഭൂതലത്തെ വികസിപ്പിക്കുകയും അതിൽ ഉറച്ചു നില്ക്കുന്ന പർവതങ്ങളേയും നദികളേയും ഉണ്ടാക്കുകയും ചെയ്തവനത്രെ അവൻ. എല്ലാതരം കായ്കനികളിൽനിന്നും അവൻ ഈരണ്ട് ഇണകളെ അതിൽ ഉണ്ടാക്കിയിരിക്കുന്നു. പകലിനെ രാവിനാൽ അവൻ മൂടുന്നു. തീർച്ചയായും ചിന്തിക്കുന്ന ജനങ്ങൾക്ക് ഇതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്." (13:04)***

ത്വാലിബെ ദുആ:
K.Muhammad Shareef &Family Ahmadiyya Jama-ath Vaniyambalam

# സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലായുടെ യൂറോപ്യൻ പര്യടനം- 2015 ജൂലായ്

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

## ഹോളണ്ട് പത്രങ്ങളിൽ ജമാഅത്ത് വാർത്തകൾ

***ഇന്നത്തെ ഏറ്റവും നല്ല കത്ത്:***

സമാധാനത്തിന്റെ ഖലീഫയുടെ സന്ദേശം ശ്രദ്ധിക്കേണ്ടതാണ്!

മുസ്‌ലിമീങ്ങൾ തങ്ങൾ തീവ്രവാദികളല്ലെന്നും അത്തരം ജിഹാദിനെ അംഗീകരിക്കുന്നില്ലെന്നുമുള്ള ശബ്ദമുയർത്തണമെന്ന് കറച്ചു കാലമായി മാധ്യമങ്ങൾ വാർത്തകൾ നല്കുന്നുണ്ടായിരുന്നു. ഇതേപോലെ തന്നെ തീവ്രവാദ ഭീഷണിക്കു സാധ്യതയുള്ളതുകൊണ്ട് വിൽഡേഴ്സിനും Wilders അവരോടു അനുകൂല ചിന്താഗതിപുലർത്തുന്ന അഭയാർഥികൾക്കും നാട്ടിൽ അഭയം നല്കരുതെന്നും പത്രങ്ങളിൽ വാർത്തകൾ നിറഞ്ഞുനിന്നിരുന്നു. എന്നാൽ, ഒടുവിൽ ഇപ്പോൾ ഒരു ശബ്ദം ഉയർന്നു; ഖലീഫ മിർസാ മസ്റൂർ അഹ്മദ് സാഹിബിന്റെ സന്ദേശം സമാധാനത്തിന്റെ സന്ദേശമാണ്. അദ്ദേഹത്തിന് ഹൗസ് ഓഫ് റെപ്രസന്റേറ്റീവി(House of Representative)ലും ക്ഷണം നല്കപ്പെട്ടിരിക്കുന്നു. അവിടെ അദ്ദേഹം തന്റെ സമാധാന ദൗത്യത്തെ സംബന്ധിച്ച് പറഞ്ഞു.

### 2015 ഒക്ടോബർ 14, ബുധനാഴ്ച

**ഹോളണ്ടിലെ നൺസ്പീറ്റിൽ നിന്ന് നിർഗമനം ഫ്രാങ്ക്ഫോർട്ടിൽ(ജർമനി)ആഗമനം**

രാവിലെ 6.45-ന് ബയ്ത്തുന്നൂറിൽ സുബ്ഹി നമസ്കരിപ്പിച്ചതിനുശേഷം ഹുദൂർ താമസ സ്ഥലത്തേക്കു മടങ്ങി. 7.45-ന് സൈക്കിൾ സവാരിക്ക് പോയി. ഹുദൂറിനെ ഖുദ്ദാമും അനുഗമിച്ചു. വനത്തിലുള്ള വഴികളിലൂടെ സഞ്ചരിച്ച് ഒടുവിൽ തടാകത്തിലെത്തി. കുറച്ചു സമയം അവിടെ ഉലാത്തിയ ഹുദൂർ ഖുദ്ദാമുമായി സംസാരിച്ചു. ഹുദൂറിനോടൊപ്പം മുപ്പതോളം ഖുദ്ദാം ഉണ്ടായിരുന്നു. ഇവിടെ കുറച്ച് സമയം ചെലവഴിച്ചതിനുശേഷം 8.35-ന് കേന്ദ്ര ഓഫീസിലേക്ക് മടങ്ങി.

10.45-ന് താമസസ്ഥലത്തുനിന്ന് പുറത്തിറങ്ങിയ ഹുദൂർ ഫോട്ടോ സെഷനിൽ പങ്കെടുത്തു. നാഷണൽ മജ്‌ലിസെ ആമില അംഗങ്ങൾ, ഖുദ്ദാമുൽ അഹ്മദിയ്യാ ആമിലാ അംഗങ്ങൾ, മറ്റു പ്രവർത്തകർ, ആതിഥേയ വിഭാഗത്തിലെ അംഗങ്ങൾ, സെക്യൂരിറ്റി ഡ്യൂട്ടിയിലുണ്ടായിരുന്ന ഖുദ്ദാം തുടങ്ങിയവർ വെവ്വേറെ ഗ്രൂപ്പുകളായി ഹുദൂറിനോടൊപ്പം ഫോട്ടോ എടുത്തു.

ശേഷം ബ്ലോക്ക് എ-യിലെ ഒന്നാം നിലയിലുള്ള ലൈബ്രറി സന്ദർശിച്ചു.

ഹുദൂർ നാഷണൽ സെക്രട്ടറി ഇശാഅത്തിനോട് പറഞ്ഞു: 'നിങ്ങൾ ഗ്രന്ഥങ്ങളുടെ Perfection-നിൽ കുടുങ്ങി പുതിയ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതിൽ താമസം വരുത്തുന്നു. ഇത്തരത്തിലുള്ള കാലതാമ സം വരുത്താൻ പാടില്ല. ഗ്രന്ഥങ്ങൾ വേഗം പ്രസിദ്ധീകരിക്കേണ്ടതാണ്.'

ഹോളണ്ട് അമീർ സാഹിബ് പറഞ്ഞു: മസ്ജിദിന്റെ പഴയ ഹാൾ ഉൾപ്പെടുത്തി ഇവിടെ സ്ഥിരമായ ഒരു എക്സിബിഷന് പ്രോഗ്രാം തയ്യാറാക്കുന്നുണ്ട്.

ഹുദൂർ: ഇതിനുവേണ്ടി വ്യവസ്ഥാപിതമായ പദ്ധതി തയ്യാറാക്കുക. ആർക്കിടെക്റ്റിനെ വിളിക്കുക. വ്യക്തമായ പ്ളാനിംഗോടുകൂടി പണിയെടുക്കുക. ഇവിടുത്തെ ജമാഅത്തിന്റെ പഴയകാല ചരിത്രങ്ങളും ചിത്രങ്ങളോടുകൂടി ഇവിടെ പ്രദർശിപ്പിക്കുക. ഇതു സംബന്ധമായി 'മഖ്സനെ തസ്വാവീർ'ന്റെ കേന്ദ്ര ഓഫീസിൽ നിന്ന് മാർഗദർശനം തേടുക.

അതുകഴിഞ്ഞ് ഹുദൂർ താമസ സ്ഥലത്തേക്ക് മടങ്ങിപ്പോയി. ഹുദൂർ നൺസ്പീറ്റിൽനിന്ന് ജർമനിയിലേക്ക് മടങ്ങുന്ന ദിവസമായിരുന്നു ഇന്ന്. തങ്ങളുടെ പ്രിയ ഇമാമിനെ യാത്രയയക്കാൻ ജമാഅത്തിലെ സഹോദരങ്ങൾ മിഷൻ പരിസരത്ത് ഒത്തുകൂടിയിരുന്നു.11.50-ന് ഹുദൂർ താമസസ്ഥലത്ത് നിന്ന് പുറത്തേക്ക് വരികയും കുറച്ചു സമയം ജമാഅത്ത് സഹോദരരന്മാരോടൊപ്പം കഴിച്ചു കൂട്ടുകയും ചെയ്തു. എല്ലാ ഓരോരുത്തരും ഹുദൂറിനെ സന്ദർശിച്ചു. പെൺകുട്ടികൾ പ്രാർഥനാ ഗീതങ്ങൾ ആലപിച്ചു.

ഹുദൂർ അയ്യദഹുല്ലാഹ് ദുആക്ക് നേതൃത്വം വഹിച്ചു. കൈയ്യുയർത്തി എല്ലാവരോടും അസ്സലാമു അലയ്ക്കും പറഞ്ഞു. നൺസ്പീറ്റിൽനിന്നു ജർമനിയിലേക്ക് യാത്രാസംഘം പുറപ്പെട്ടു. ഹോളണ്ട് ജമാഅത്തിൽനിന്നുള്ള രണ്ടു വണ്ടികളും ഈ സംഘത്തിലുണ്ടായിരുന്നു. ഇതിലൊന്ന് ഹുദൂറിന് എസ്കോർട്ട് നല്കി. ജർമൻ ജമാഅത്തിന്റെ ഖുദ്ദാമും ഒരു വണ്ടിയിൽ യാത്രാസംഘത്തെ അനുഗമിച്ചു. ജർമൻ ജമാഅത്തിന്റെ അഞ്ചു ഖുദ്ദാമും ഒരു സെക്യൂരിറ്റി ടീമും ഹുദൂർ ഹോളണ്ടിൽ എത്തുന്നതിനു മുമ്പേതന്നെ അവിടെ എത്തിയിരുന്നു. ഇവരും ഹുദൂറിന് സെക്യൂരിറ്റി സേവനം നിർവഹിച്ചു. ഈ ടീമും ഹുദൂറിനെ അനുഗമിച്ചിരുന്നു. നൺസ്പീറ്റിൽ നിന്ന്, ഹോളണ്ട്-ജർമനി അതിർത്തി ഏകദേശം നൂറു കിലോമീറ്റർ ദൂരത്താണ് സ്ഥിതി ചെയ്യുന്നത്. ബോർഡറിൽനിന്നു മുപ്പത് കിലോമീറ്റർ ദൂരത്ത് ജർമൻ പട്ടണമായ നോർധോൺ(NORDHORN) സ്ഥിതി ചെയ്യുന്നു. ഇന്ന് ഈ നഗരത്തിൽ മസ്ജിദ് സ്വാദിഖിന്റെ ശിലാസ്ഥാപന കർമവും നടക്കുന്നുണ്ട്. ശേഷം ഫ്രാങ്ക്ഫോർട്ടിലേക്കുള്ള യാത്ര തുടരുകയും ചെയ്യും. 1.05-ന് ബോർഡർ ക്രോസ് ചെയ്ത് ജർമനിയിൽ പ്രവേശിച്ചു. ജർമൻ ജമാഅത്ത് പ്രതിനിധികൾ ഇവിടെ ഹുദൂറിനെ സ്വീകരിക്കുകയും ജർമൻ ജമാഅത്തിൽ നിന്നുള്ള കൂടുതൽ വാഹനങ്ങൾ ഈ സംഘത്തിന് അകമ്പടി സേവിക്കുകുകയും ചെയ്തു. 20 മിനി റ്റ് യാത്രയ്ക്കുശേഷം 1.25-ന് റിവർസൈഡ്(River side) ഹോട്ടലിൽ സംഘമെത്തി. ശിലാകർമ ചടങ്ങുമായി ബന്ധപ്പെട്ട് ഒരു നിശ്ചിത സമയംവരെ ഇവിടെ തങ്ങി.

വാഹനത്തിൽനിന്ന് ഹുദൂർ പുറത്തേക്ക് വന്നതും ജർമൻ അമീർ സാഹിബും സംഘവും ചേർന്ന് ഹുദൂറിനെ വരവേറ്റു. ജർമൻ അമീർ അബ്ദുല്ലാഹ് വാഗസ് ഹൌസർ സാഹിബ്, മുബല്ലിഗ് ഇൻചാർജ് ജർമനി ഹയ്ദർ അലി സഫ്ർ സാഹിബ്, ജർമൻ നാഷണൽ ജനറൽ സെക്രട്ടറി ഇൽയാസ് മജൂക സാഹിബ്, മുബല്ലിഗ് ജരിയുല്ലാഹ് സാഹിബ്, നാഇബ് ജനറൽ സെക്രട്ടറി ജർമനി, സ്വദ്ർ ഖുദ്ദാമുൽ അഹ്മദിയ്യ സയ്യിദ് ഹസനാത്ത് അഹ്മദ് സാഹിബ് തന്റെ സെക്യൂരിറ്റി ടീമിനോടൊപ്പവും ഹുദൂറിനെ സ്വീകരിച്ചു. എല്ലാവർരേയും ഹുസൂർ ഹസ്തദാനം ചെയ്തു.1.40-ന് ശിലാസ്ഥാപന കർമം നിർവഹിക്കുന്നതിന് ഇവിടെ നിന്ന് പുറപ്പെട്ടു.

ഹുദൂറിനെ അനുഗമിച്ച ഹോളണ്ട് അമീർ, ഹിബത്തുന്നൂർ ഫർഖാൻ സാഹിബ്, നാഇബ് അമീർ അബ്ദുൽ ഹമീദ് ദർഫീൽദൻ സാഹിബ്, മുബല്ലിഗ് ഇൻചാർജ് നയീം അഹ്മദ് വഡായിച്ച് സാഹിബ്, ഹോളണ്ട് മുബല്ലിഗ് സഫീർ അഹ്മദ് സിദ്ദീഖി സാഹിബ്, നാഷണൽ ജനറൽ സെക്രട്ടറി മുസഫ്ഫർ ഹുസയ്ൻ സാഹിബ്, നാഷണൽ സെക്രട്ടറി തഅ്ലീമുൽ ഖുർആൻ വഖ്ഫെ ആർസി മുഹമ്മദ് ലഈഖ് അഹ്മദ് ചൗദ്ദരി സാഹിബ്, സ്വദ്ർ ഖുദ്ദാമുൽ അഹ്മദിയ്യ അത്വാഉൽ ഖയ്യൂം ആരിഫ്, നാഇബ് സ്വദ്ർ ഖുദ്ദാം ളിയാഉൽ ഖമർ സിദ്ദീഖി സാഹിബ് എന്നിവർ ഹുദൂറിനോട് ശിലാകർമ പരിപാടിക്കുശേഷം ഹോളണ്ടിലേക്ക് മടങ്ങി പോകുന്നതിനു അനുമതി ചോദിച്ചു. ഹുദൂറിന് ഹസ്തദാനം നല്കി.

1.50-ന് മസ്ജിദ് സ്വാദിഖിന്റെ നിർമാണ സ്ഥലത്ത് ഹുദൂറും സംഘവുമെത്തി. പ്രാദേശിക അഹ്മദി സഹോദരങ്ങൾ വളരെ ആഹ്ലാദത്തോടെയും ആവേശത്തോടെയും തങ്ങളുടെ പ്രിയപ്പെട്ട ഇമാമിനെ വരവേറ്റു. രാവിലെ മുതൽതന്നെ ജമാഅത്ത് സഹോദരങ്ങൾ തങ്ങളുടെ പ്രിയങ്കരനായ ഇമാമിനെ പ്രതീക്ഷിച്ച് ഇവിടെ ഒത്തുകൂടിയിരുന്നു. അവർക്ക് സന്തോഷത്തിന്റെ നാളായിരുന്നു ഇന്ന്. ഈ ഗ്രാമത്തിൽ ഹുദൂറിന്റെ അനുഗൃഹീത പാദം ആദ്യമായി ഇന്ന് പതിച്ചു. എല്ലാവരും നസ്സീമമായ സന്തോഷത്തിലായിരുന്നു. ആൺകുട്ടികളും പെൺകുട്ടികളും ഹുദൂറിനെ സ്വീകരിച്ചുകൊണ്ട് ഗാനാലാപനം നടത്തി.

റീജ്യണൽ അമീറും സ്വദ്റുമായ ഇശ്തിയാഖ് അഹ്മദ് സാഹിബ്, റീജ്യണൽ മുബല്ലിഗ് മുസ്തൻസ്വിർ അഹ്മദ് സാഹിബ് എന്നിവർ ചേർന്ന് ഹുദൂറിന് കൈകൊടുത്ത് സ്വീകരിച്ചു. തുടർന്ന് ഹുദൂർ പ്രത്യേകം തയ്യാറാക്കിയ പന്തലിലേക്ക് വരികയും വിശുദ്ധ ഖുർആൻ പാരായണത്തോടെ പരിപാടിക്ക് തുടക്കം കുറിക്കുകയും ചെയ്തു. സ്വാലിഹ് അഹ്മദ് സാഹിബിന്റെ തിലാവത്തിനുശേഷം ബഹ്സാദ് അഹ്മദ് സാഹിബ് വിശുദ്ധ ഖുർആൻ വചനങ്ങളുടെ ജർമൻ തർജമ കേൾപ്പിച്ചു. തുടർന്ന് ജർമൻ നാഷണൽ അമീർ സാഹിബ് ഈ പരിപാടി പരിചയപ്പെടുത്തി.

ഈ പട്ടണത്തെ കുറിച്ച് തുടക്കത്തിൽ സംക്ഷിപ്തമായി അമീർ സാഹിബ് വിവരിച്ചു. നോർദോൻ (Nordhorn) നഗരം ഗ്രാഫ്റ്റ്സ് ചാഫ്റ്റ് ബെന്തെയിം (Graftschaft Bentheim)സർക്കിളിൽപെടുന്നു. ഇത് ഹോളണ്ടിന്റെ അതിർത്തി നഗരമാണ്. നീഡർ സാച്സെൻ(Niedersachsen)സംസ്ഥാനത്തിലാണ് ഈ പട്ടണം സ്ഥിതി ചെയ്യുന്നത്. പ്രസിദ്ധ വെച്ച്ടെ(Vechte) നദി ഈ പട്ടണത്തിലൂടെ ഒഴുകുന്നു. ഇതുകൂടാതെ ഇതൊഴുകുന്ന മറ്റു തോടുകളുമുണ്ട്. മുമ്പേ ഈ നഗരം ടെക്സ്റ്റൈൽ വ്യവസായത്തിന് പ്രസിദ്ധമായിരുന്നു. രണ്ടാം ലോക മഹായുദ്ധത്തെ തുടർന്ന് പതിനായരത്തോളംപേർ കിഴക്കൻ ജർമനിയിൽനിന്നു നോർദോണിൽ വന്ന് താമസമാക്കി. 400വോളം അഭയാർഥികൾ താമസിക്കുന്ന ഒരു സെന്ററും ഇവിടെ ഉണ്ടാക്കിയിരിക്കുന്നു. നാളെ 2000 അഭയാർഥികൾ വരികയും ചെയ്യും. ഇതു വിഷയകമായി ജർമൻ അഹ്മദിയ്യാ ജമാഅത്തും സേവനങ്ങൾ സമർപിച്ചു വരുന്നു. മേയർ സാഹിബിനും ഒരു കത്തയച്ചിട്ടുണ്ട്.

1985-ൽ ഇവിടെ ജമാഅത്ത് സ്ഥാപിതമായി. ഏകദേശം 30 ആളുകൾ ഇവിടെ താമസിക്കുന്നു. മേയർമാരുമായി ഇവിടുത്തെ ജമാഅത്തിന് വളരെ നല്ല ബന്ധമാണുള്ളത്. അതുകൊണ്ട് ഇവിടെ നിലവിലുള്ള മേയർ മാത്രമല്ല, മുൻ രണ്ടു മേയർമാരും ഇവിടെയുണ്ട്. Nordhorn ജമാഅത്ത് എല്ലാ വർഷവും ജനുവരി1-ാ0 തിയതി റോഡുകൾ വൃത്തിയാക്കുകയും തബ്‌ലീഗ് പ്രോഗ്രാമുകൾ സംഘടിപ്പിക്കുകയും തബ്‌ലീഗ് സ്റ്റാളുകൾ ഇടുകയും ചെയ്യുന്നു.

ഈ മസ്ജിദ് മോഡുലാർ(Modulur)ഡിസൈനിലാണ് നിർമിക്കുന്നതെന്ന് മസ്ജിദിനെ കുറിച്ച് പരാമർശിച്ചുകൊണ്ട് അമീർ സാഹിബ് പറഞ്ഞു: ഇതിന്റെ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത് ചില വനിതാ അഹ്മദി architects ചേർന്നാണ്. നമസ്കാരത്തിനു വേണ്ടി 60 സ്ക്വയർ മീറ്റർ വിസ്താരത്തിലുള്ള രണ്ടു ഹാളുകൾ ഉണ്ടായിരിക്കും. 42 സ്ക്വയർ മീറ്റർ വിസ്തീർണത്തിൽ ഒരു Multipurpose Room ഉണ്ടായിരിക്കും. ഇതിനു പുറമെ രണ്ടു ഓഫീസുകളും ഒരു കിച്ചണും മസ്ജിദ് പരിപാലിക്കുന്ന വ്യക്തിക്കുവേണ്ടി ഒരു റൂമും ഉണ്ടായിരിക്കുന്നതാണ്. മസ്ജിദിൽ ഒരു ടെക്നിക്കൽ റൂമും വാഷ്റൂമുകളും ഉണ്ടാകും. 12 മീറ്റർ ഉയരമുള്ള മിനാരവും 6 മീറ്റർ വിസ്തീർണത്തിൽ ഗുംബദും നിർമിക്കുന്നതാണ്. ആവശ്യം നേരിട്ടാൽ പിന്നീട് ഒരു മുറബ്ബിഹൗസ് പണിയാനുള്ള സൗകര്യവും ചെയ്തിട്ടുണ്ട്. പ്ലോട്ടിന്റെ ആകെ വിസ്തീർണം 1574 സ്ക്വയർ മീറ്ററാണ്. 2015 ഒക്ടോബർ 9-നാണ് ഇതു വാങ്ങുന്നതിനുള്ള ഉടമ്പപടി ചെയ്തത്. 40000 യൂറോയ്ക്കാണ് ഇത് വാങ്ങിയത്.

അമീർ സാഹിബിന്റെ ഹ്രസ്വ പ്രഭാഷണത്തിനു ശേഷം ഡെപ്യൂട്ടി കമ്മീഷണർ ഹെലേന ഹൂൺ (Helena Hoon)സംസാരിച്ചു: സമാദരണീയനായ

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ · Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-5 Thursday 17 September 2020 Issue-38

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

ഖലീഫത്തുൽ മസീഹ്, ഈ ചടങ്ങിലേക്ക് ഞാൻ ഹുദൂറിനെ സ്വാഗതം ചെയ്യുകയാണ്. ഇവിടെ വന്നതിൽ ഹുദൂറിന് നന്ദി രേഖപ്പെടുത്തുന്നു. നിങ്ങളുടെ യാത്ര സുഖകരമായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പട്ടണത്തിലുള്ള താമസം അങ്ങ് വളരെ ഇഷ്ടപ്പെടും എന്ന് പ്രതീക്ഷിക്കുന്നു.

ഇതു വളരെ സമാധാനകാംക്ഷിയായ ജമാഅത്താണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. ഇവിടെ വിവിധ സമുദായങ്ങളും മതങ്ങളും ഒരുമിച്ച് ജീവിക്കുന്നു എന്നത് വളരെ പ്രാധാന്യമുള്ള കാര്യമാണ്. എല്ലാവരും സമാധാനത്തോടും സഹവർത്തിത്വത്തോടും കൂടി ജീവിച്ചു വരുന്നു. പരസ്പരം ആദരവ് പുലർത്തുന്നു.

അദ്ദേഹം പറഞ്ഞു: ജനുവരി 1-ന് അഹ്മദിയ്യാ ജമാഅത്തിലെ ആളുകൾ ശുചീകരണ പ്രവൃത്തി ചെയ്യുന്നു. നവവർഷാരംഭത്തോടെ റോഡുകളും വഴികളും വൃത്തിയാക്കുന്നു. ഈ പ്രവൃത്തി ഇപ്പോൾ ഇവർ ഇവരുടെ ദൗത്യമായി ഏറ്റെടുത്തിരിക്കുകയാണ്. ഇതു വളരെ അഭിമാനകരമായ കാര്യമാണ്. പിന്നീട് അഭയാർഥികൾക്കുവേണ്ടി, ജമാഅത്ത് സഹായം വാഗ്ദാനം ചെയ്യുന്നു. ഇതെല്ലാം സ്ഥാപിക്കുന്നത് ഈ ജമാഅത്ത് ഈ പട്ടണത്തിന് വളരെ ഉപകാരിയായ ജമാഅത്താണെന്നാണ്. പരിഭാഷ പെടുത്താനുള്ള നിങ്ങളുടെ കഴിവും ഞങ്ങൾക്ക് വളരെ അഭിമാനാർഹമാണ്. ഇതിനൊക്കെ നിങ്ങളോട് നന്ദി പറയുന്നു.

നിങ്ങളുടെ ചെറിയ ജമാഅത്ത് വളരെയധികം കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. സമൂഹത്തിൽ നിങ്ങളുടെ പങ്കു നിർവഹിക്കുന്നു.

ഈ മസ്ജിദിന്റെ നിർമാണം പൂർത്തിയായി കഴിഞ്ഞാൽ ഈ പട്ടണംതന്നെ മാറുന്നതാണ്. ഉന്നതനായ ദൈവത്തിന്റെ പ്രിയപ്പെട്ട ഭവനം ഈ പട്ടണത്തിനു ഒരു അടയാളമായി മാറും. ഇത് സമൂഹത്തെ സ്വന്തം സ്വാധീന വലയത്തിലെടുക്കുന്നതും സമൂഹത്തെ മാറ്റിമറിക്കുന്ന മസ്ജിദായി മാറുന്നതുമായിരിക്കും.

അഭയാർഥികളുടെ വരവ്, അവരുടെ പരിപാലനം തുടങ്ങിയവ അത്ര എളുപ്പമുള്ള പ്രവൃത്തിയല്ലെന്ന് കാണാം. അതുകൊണ്ട് നാമെല്ലാവരും പരസ്പരം സ്നേഹത്തോടും സമാധാനത്തോടുംകൂടി പെരുമാറേണ്ടത് അനിവാര്യമാണ്. പരസ്പരം ആദരവ് പുലർത്തേണ്ടതാണ്.

മസ്ജിദ് നിർമാണം എത്രയും വേഗം പൂർത്തിയാകുമെന്നും എല്ലാ പ്രവർത്തനങ്ങളും നല്ലനിലയിൽ പര്യവസാനിക്കുമെന്നുമുള്ള ശുഭാപ്തി വിശ്വാസം അദ്ദേഹം അവസാനം പ്രകടിപ്പിച്ചു.

നോർദോൻ(Nordhorn) നഗരത്തിന്റെ മേയർ തോമസ് ബേർലിംഗ്(Thomas Berling) തുടർന്ന് സദസിനെ സംബോധന ചെയ്തു. അദ്ദേഹം പറഞ്ഞു: ആദരണീയനായ ഖലീഫത്തുൽ മസീഹ്, അഹ്മദിയ്യാ ജമാഅത്ത് അംഗങ്ങളേ! അഹ്മദിയ്യാ ജമാഅത്തിന്റെ പരമോന്നത നേതാവ് നോർദോൻ (Nordhorn) സന്ദർശിച്ചത് എനിക്ക് ലഭിച്ച ആദരവാണ്. അങ്ങയെ സ്വീകരിക്കാനുള്ള സൗഭാഗ്യം ഞങ്ങൾക്ക് കരഗതമായിരിക്കുന്നു. ഖലീഫത്തുൽ മസീഹിന് വളരെയധികം തിരക്കുകളുണ്ട് എന്നെനിക്കറിയാം. കൂടുതൽ സമയം ലഭിക്കാത്തതുകൊണ്ട് ഹുദൂറിനു വേണ്ടി നോർദോൻ(Nordhorn) പട്ടണത്തിന്റെ വിവിധ പ്രദേശങ്ങളുടെ ചിത്രങ്ങൾ ഉൾപ്പെടുത്തി പുസ്തക രൂപത്തിൽ ഒരു ഉപഹാരം തയ്യാറാക്കിയിട്ടുണ്ട്. ഈ ഉപഹാരം ഞാൻ ഹുദൂറിന്റെ മുമ്പിൽ സമർപിക്കാൻ ആഗ്രഹിക്കുന്നു.(തുടർന്ന് മേയർ സാഹിബ് ഈ ഉപഹാരം ഹുദൂറിന് സമർപിച്ചു.)

ഇവിടുത്തെ ജമാഅത്ത് എന്നും നഗരസഭാ അധികാരികളുമായി നല്ല ബന്ധമാണ് പുലർത്തി പോരുന്നത്. ഇതേ ബന്ധംതന്നെ ഇവർക്ക് മുൻ മേയർമാരുമായുമുണ്ടായിരുന്നു. ഇപ്പോൾ എന്നോടും എല്ലാ നഗരസഭാ അധികാരികളോടും വളരെ നല്ല ബന്ധമാണ്. പരസ്പരം സഹായം ചെയ്യുന്ന ജമാഅത്താണിത്. അതുകൊണ്ട് ജമാഅത്തിന്റെ മസ്ജിദ് നിർമാണ പരിപാടി തീരുമാനമായപ്പോൾതന്നെ അവർ എന്റെയടുക്കൽ വന്നു. ഞങ്ങളെല്ലാവരും ചേർന്ന് ഒരു യോജിച്ച സ്ഥലം തിരഞ്ഞെടുക്കുകയും യോജിച്ച് പണിയെടുക്കുകയും ചെയതു.

വിവിധ ഫോറങ്ങളും ഹോളണ്ട് ജർമനി എന്നിവിടങ്ങളിലെ വിവിധ സ്ഥലങ്ങളിൽ നിന്നുമുള്ള കമ്പനികളും ഈ പട്ടണത്തിൽ വന്നിട്ടുണ്ട്. ഇവിടെ അവരുടെ ഭവനങ്ങളും നിർമിക്കപ്പെട്ടിട്ടുണ്ട്. ഇപ്രകാരം അവരുടെ കുടുംബങ്ങളും ഇവിടെ വന്നിട്ടുണ്ട്. ഇതോടൊപ്പം വിവിധ സംസ്കാരങ്ങളും മതവിശ്വാസികളും ഇവിടെയുണ്ട്. അതുപോലെ തന്നെ മുസ്‌ലിമീങ്ങളും ഇവിടെ താമസിച്ചു വരുന്നു; തുർക് ജമാഅത്തുകൾപോലെ. ഇപ്രകാരംതന്നെ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തുകളും ഇവിടെയുണ്ട്.

പിന്നീട് മേയർ സാഹിബ് പറഞ്ഞു; ജർമനിയിൽ അഭയാർഥികൾ വന്നുകൊണ്ടിരിക്കുന്നതുപോലെ നോർദോനിലേക്കും വരുന്നുണ്ട്. നോർദോൻ നഗരവാസി വളരെ നല്ല മാതൃകയാണ് സമർപിക്കുന്നത്. വളരെ സ്നേഹത്തോടെ പെരുമാറുന്നു. അതു കാരണത്താൽ എനിക്ക് ഈ പട്ടണത്തിന്റെ മേയറായതിലും വളരെ അഭിമാനമുണ്ട്. ഇവിടുത്തെ നഗരവാസികളിൽ ഭയവും ഭീതിയും കുറവാണ്. പ്രശ്നങ്ങൾക്ക് കൂടുതൽ കൂടുതൽ പരിഹാരം അന്വേഷിക്കുന്നു.

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് അതിന്റെ സേവനങ്ങൾ സമർപിക്കുന്നതിൽ എനിക്ക് വളരെയധികം സന്തോഷമുണ്ട്. എനിക്ക് ഒരു കത്ത് കിട്ടിയിരുന്നു. അതിൽ ജമാഅത്ത് പ്രത്യേകമായ നിലയിൽ താമസത്തിനും തർജമയ്ക്കുമുള്ള സേവനവും സമർപിച്ചിരുന്നു. ഇക്കാര്യത്തിൽ അഹ്മദിയ്യാ ജമാഅത്തിനോട് ഞാൻ വളരെ വളരെ നന്ദി പറയുന്നു.

'എല്ലാവരോടും സ്നേഹം, ആരോടുമില്ല വെറുപ്പ്' എന്നതാണ് ഈ ജമാഅത്തിന്റെ മുദ്രാവാക്യം. ജമാഅത്ത് അതനുസരിച്ച് പ്രവർത്തിക്കുന്നുവെന്നും എനിക്കറിയാം. അഹ്മദികൾ സ്നേഹിക്കുന്നവരാണെന്ന് ഇവിടെ മസ്ജിദ് നിർമിച്ചതിനുശേഷം ഇതുമായി ബന്ധപ്പെടുന്ന നഗരവാസികൾക്ക് മനസ്സിലാകും. ഈ മുദ്രാവാക്യം അനുസരിച്ച് തങ്ങളുടെ ജീവിതം ഇവർ നിർവഹിച്ചു വരുന്നു.

മസ്ജിദു നിർമാണം പൂർത്തിയായതിനുശേഷം വീണ്ടും ഇവിടെത്തന്നെ നമുക്ക് കണ്ടുമുട്ടാം. നിങ്ങൾക്കെല്ലാവർക്കും വളരെ വളരെ നന്ദി.

തുടർന്ന് 2.20-ന് ഹുദൂർ സദസ്സിനെ സംബോധനചെയ്ത് സംസാരിച്ചു.

**ജർമനിയിലെ മസ്ജിദ് സ്വാദിഖിന്റെ ശിലാ സ്ഥാപന പരിപാടിയിൽ ഹുദൂറിന്റെ പ്രഭാഷണം**

തശഹ്ഹുദ്, തഅവ്വുദ് തസ്മിയ എന്നിവയ്ക്കു ശേഷം ഹുദൂർ പറഞ്ഞു:

ആദരണീയരായ എല്ലാ അതിഥികൾക്കും.

*അസ്സലാമു അലയ്ക്കും.*

ഇന്ന് ഇവിടുത്തെ ജമാഅത്ത് തങ്ങളുടെ മസ്ജിദിന് തറക്കല്ലിടുകയാണ്. ഹദ്റത്ത് ഇബ്റാഹീമും ഇസ്മായീലും കഅ്ബാലയത്തിന് തറക്കല്ലിട്ടപ്പോൾ ചെയ്ത പ്രാർഥനയുടെ അടിസ്ഥാനത്തിലാണ് ഈ മസ്ജിദും സ്ഥാപിതമാകുന്നത്. അല്ലാഹുവിനെ ആരാധിക്കുന്നവരും അനുസരണ ശീലരുമായ ഒരു ജനത ഉണ്ടായി വരണമെന്ന് അവർ ആഗ്രഹിച്ചിരുന്നു. ആരെയാണ് ആരാധിക്കേണ്ടത്? അത്യുന്നതനായ ദൈവത്തെ! അല്ലാഹു ഇക്കാലഘട്ടത്തിലയച്ച വാഗ്ദത്ത മഹ്ദിയും മസീഹുമായ ദൂതൻ മനുഷ്യന് രണ്ടു കടമകളുണ്ടെന്ന് പറഞ്ഞിരിക്കുന്നു. ഈ രണ്ടു കടമകളും പൂർത്തിയാക്കാനാണ് തന്നെ അവൻ നിയോഗിച്ചയച്ചിരിക്കുന്നതെന്ന് അദ്ദേഹം വ്യക്തമാക്കുകയും ചെയ്തു. അതിൽ ഒന്നാമത്തേത് ദൈവത്തോടുള്ള കടമകൾ നിറവേറ്റുക എന്നതാണ്; അവനെ ആരാധിക്കുക, ഇതിലേക്ക് ശ്രദ്ധിക്കുക. ഓരോ മനുഷ്യനും മറ്റുള്ളവനോടുള്ള കടമകൾ നിറവേറ്റുക എന്നതാണ് രണ്ടാമത്തെ കാര്യം. ചുരുക്കത്തിൽ രണ്ടു തരത്തിലുള്ള കടമകളാണുള്ളത്. ഒന്നാമത്തേത് ദൈവത്തിനോടുള്ള കടമയാണ്. ഓരോ ദൈവദാസനും ഇതിലേക്ക് ശ്രദ്ധിക്കേണ്ടതും നിർവേറ്റണ്ടതും നിർബന്ധമാണ്. ഈ രണ്ടു കടമകളിലേക്ക് ശ്രദ്ധ നല്കിയാൽ ലോകത്ത് സ്നേഹം ഉണ്ടാകുന്നതാണ്. എല്ലാ തരത്തിലുമുള്ള വെറുപ്പുകളും നീങ്ങിപ്പോകുന്നതാണ്. ഈ വിദ്വേഷങ്ങൾ നീക്കപ്പെടുന്നതിനു വേണ്ടിയാണ് മസ്ജിദുകൾ നിർമിക്കുന്നത്. ഈ വിദ്വേഷങ്ങൾ നീക്കുന്നതിനുവേണ്ടിയാണ് ദൈവം തന്റെ പ്രിയപ്പെട്ട ദൂതന്മാരെ അയക്കുന്നത്.

**(തുടരും)**

**(പേജ് 1ൽനിന്ന്)**

ക്കത്തിൽ ഇക്കാര്യങ്ങളിൽനിന്ന് പ്രകടമാകുന്നത് ഇക്കൂട്ടർ എന്റെ എതിരാളികളല്ലെന്നും മറിച്ച് അല്ലാഹു പറഞ്ഞ കാര്യങ്ങളെ അവർ എതിർത്തുവെന്നുമാണ്. ഇക്കാരണത്താൽ മാമൂർമിനല്ലായുടെ (ദൈവനിയോഗിതൻ) എതിരാളികളുടെ ഈമാൻ പാഴായിപ്പോകുന്നു. എന്റെ എതിരാളി അല്ലാഹുവിനെ എതിർത്തുകൊണ്ടിരിക്കുന്നുവെന്നത് വ്യക്തമായ കാര്യമാണ്. ഞാൻ വെളിച്ചത്തിലേക്ക് വന്നുകൊണ്ടിരിക്കുന്നുവെങ്കിൽ, ഞാൻ വെളിച്ചത്തിലേക്ക് വരുന്നുവെന്നത് ഉറച്ച കാര്യമാണ്. കാരണം അല്ലാഹു നിരവധി അടയാളങ്ങൾ എനിക്കനുകൂലമായി പ്രകടിപ്പിച്ചുകഴിഞ്ഞിരിക്കുന്നു; പ്രകടിപ്പിച്ചുകൊണ്ടിരിക്കുകയുമാണ്. മഴപോലെ ഈ അടയാളം ആകാശത്തുനിന്നിറങ്ങിക്കൊണ്ടിരിക്കുന്നു. ഇതും ദൃഢഗാഢപരമായ കാര്യമാണ്. എന്റെ എതിരാളികൾ അന്ധകാരത്തിലേക്ക് പോകുന്നു. വെളിച്ചവും പ്രകാശവും റൂഹുൽഖുദ്സിനെ (സത്യത്തിന്റെ ആത്മാവ്)കൊണ്ടുവരുന്നു. അന്ധകാരം ശയ്ത്വാന്റെ സാന്നിധ്യമുണ്ടാക്കുകയും അങ്ങനെ 'വൊലി'യ്യിനോടുള്ള എതിർപ്പ് ഈമാൻ പാഴാക്കിക്കളയുകയും ചെയ്യുന്നു.' **(മൽഫൂദാത്ത്, വാള്യം 1, പേജ് 175, 2018 ഖാദിയാൻ പതിപ്പ്)**

**The Weekly BADR Qadian (Malayalam)**

*https://www.akhbarbadrqadian.in/*

**(പേജ് 1ൽനിന്ന്)**

തിരുമേനി കഅ്ബ മന്ദിരത്തിൽ വെച്ചുതന്നെ വധിക്കാൻ കല്പിച്ചിട്ടുണ്ടെങ്കിൽ നിയമലംഘകരായ ആളുകളെ നിയമത്തിന്നതീതരായി മനസ്സിലാക്കാൻ മറ്റു മസ്ജിദുകൾക്ക് കഅ്ബ മന്ദിരത്തിന്നെതിരിൽ എന്തു പ്രസക്തിയാണുള്ളത്. അതതിനാൽ മസ്ജിദുകൾ ഈശ്വരഭക്തി നിലനിറുത്തുന്നതിന് നിർമിച്ചിട്ടുള്ളതാണ്; നിയമം ലംഘിക്കാനല്ല. ഈ മസ്ജിദുതന്നെ നിയമലംഘനത്തിന്റെ താവളമാകുകയാണെങ്കിൽ, ശയ്ത്വാന് ഒരു വീടും അടഞ്ഞു കിടക്കുകയില്ല. സമാധാനത്തിനും മനഃശാന്തിക്കും, ആത്മീയതയും ഈശ്വരഭക്തിയും സ്ഥാപിക്കുന്നതിനും, പരസ്പരസഹകരണത്തിനും ഐക്യത്തിനുംവേണ്ടി അല്ലാഹു നിർമിച്ചിട്ടുള്ള ഭവനങ്ങളെ മുസ്‌ലമീങ്ങളിൽ കുഴപ്പമുണ്ടാക്കുന്നതിനുള്ള മാർഗമാക്കുകയോ ആ വീടുകളെ ഭരണകൂടത്തിനെതിരെ കലഹം ഉണ്ടാക്കുന്നതിനുള്ള മാർഗമാക്കുകയോ ഫിത്നയ്ക്കും ഫസാദിനും സങ്കേതമാക്കുകയോ ചെയ്യുന്നത് ഒരു കൊടും അക്രമമാണ്. ഇസ്‌ലാം അതിനെ ഒരുപ്രകാരത്തിലും അനുവദിക്കില്ല.' (തഫ്സീറെ കബീർ, വാള്യം 2, പേജ് 133-134, 2010 ഖാദിയാൻ പതിപ്പ്)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin